നവംബർ 2012


# THE MALANKARA SABHA

# മലങ്കരസഭ

Rs. 15

The Official Media of Malankara Orthodox Syrian Church








2012 നവംബർ 25ന്
എറണാകുളം മറൈൻ ഡ്രൈവിൽ

## ഭാരത നസ്രാണി മഹാസംഗമം

1960th Anniversary of The Malankara Church
and Centenary Celebrations of
The Establishment of The Catholicate in India



# WEDDING

wedding of


JOEL

S/o of Fr. N. S. Varghese and
Mrs. Geetha Varghese
(Mumbai)
to

JENCY

D/o M.O.Varghese and
Mrs. Marykutty Varghese
(Muscat)
was solemnised by
H.G.Geevarghese Mar Coorilos
Metroploitan of Bombay
and H.G. Geevarghese Mar Julios
metropolitan of Ahmedabad.





# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 11, പുസ്തകം 69, നവംബർ 2012




**5** മഹാപുരോഹിത സംഭാഷണം

**6** എഡിറ്റോറിയൽ
കാതോലിക്കേറ്റ്: സഭാ സ്വാതന്ത്ര്യത്തിന്റെ...
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**10** ശതാബ്ദി
സഭാ ഭരണഘടനയും ദേശീയ ബോധവും...
- ഡോ. സഖറിയാസ് മാർ അപ്രേം

**12** അനുസ്മരണം
പരുമല തിരുമേനിയുടെ ദൈവശാസ്ത്ര...
- ഫാ. ഡോ. കെ. എം. ജോർജ്

**13** ഓർമ്മച്ചെപ്പ്
കാതോലിക്കേറ്റ് സ്ഥാപന സപ്തതി
- വിപിൻ കെ. വർഗീസ്

**16** ശതാബ്ദി
ശതാബ്ദി ആഘോഷം
- ജോസ് കുര്യൻ പുളിയെരിൽ

**18** ശതാബ്ദിക്കാഴ്ച
ജ്ഞാനശിഖാമണി ശാസ്ത്രി അച്ചൻ
- പ്രിൻസ് എബ്രഹാം കുമ്പുക്കാട്ട്

**23** ഗസ്റ്റ്
ആത്മശക്തിയുടെ സൂര്യതേജസ്സ്
- ഡോ. കെ.എസ്. രാധാകൃഷ്ണൻ

**29** അഭിമുഖം
കർമ്മമേഖല: ആത്മാർത്ഥതയും സുതാര്യതയും
- കോരസൺ വർഗീസ്, ന്യൂയോർക്ക്

**36** ശതാബ്ദി
ക്രൈസ്തവ ലോകത്തെ കാതോലിക്കാമാർ...
- വർഗീസ് ജോൺ തോട്ടപ്പുഴ

മലങ്കരസഭ നവംബർ ലക്കം ശതാബ്ദി പതിപ്പായതിനാൽ സ്ഥിരം പംക്തികൾ ഒഴിവാക്കി...

President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalnkara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-

# BRIEFLY

**മലങ്കരസഭയുടെ 1960–ാം വാർഷികവും കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളും.**

**നസ്രാണി മഹാ സമ്മേളനം 2012 നവം. 25 ഞായറാഴ്ച എറണാകുളം മറൈൻഡ്രൈവിൽ**

## PRESENT CATHOLICOI IN THE WORLD

1. Karekin II Nersessian - *Supreme Patriarch & Catholicos of all Armenians* - Etchmiadzin, Armenia - **Armenian Apostolic Church.**

2. Aram I Keshishian - *Catholicos of the Eminent House of Cilicia* - Antelias, Lebanon - **Armenian Apostolic Church.**

3. Ilya II - *Catholicos - Patriarch of all Georgia* - Tbilisi, Georgia - **Georgian Orthodox Church.**

4. Mar Dinha IV Khanania - *Catholicos - Patriarch of the Holy Apostolic Catholic Assyrian Church of the East* - Chicago, USA - **Assyrian Church of the East.**

5. Mar Addai II Shleemon Geevarghese - *Catholicos - Patriarch of the Ancient Apostolic & Catholic Assyrian Church of the East* - Baghdad, Iraq - **Assyrian Church of the East.**

6. Mar Baselius Marthoma Paulos II - *Catholicos of the East & Malankara Metropolitan* - Kottayam, India - **Malankara Orthodox Syrian Church.**

*... Page 36*

മലങ്കരസഭ

10 ഒക്ടോബർ 2012

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481-2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

***Graphic Designing:-***
Jinto Kurichy at
Malankara Sabha, Devalokam.

***Cover Design & Photo:-***
Father 'N' Mayar Innovative Concepts

## വരിസംഖ്യ

ഇന്ത്യയിൽ
ഒറ്റ പ്രതി: 15 രൂപ
ഒരു വർഷം: 150 രൂപ
3 വർഷം: 450 രൂപ


വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004



# ഗുരുമൊഴി

## ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്



സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷ നഷ്ടപ്പെട്ടുപോയാൽ പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം അവയുടെ ജീവൻ നഷ്ടപ്പെടും. സഭകളുടെ നിലനിൽപിന്റെ അടിസ്ഥാനം തന്നെ സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷയാണ്. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്, എന്നിൽ വിശ്വാസത്തിന്റെ അടിത്തറ പാകിത്തന്നത് ആരാണെന്ന്. അത് എന്റെ പള്ളിയിലെ അച്ചൻ ആയിരുന്നില്ല. ഏതെങ്കിലും മെത്രാപ്പോലീത്താമാരുമല്ലായിരുന്നു; എന്റെ അമ്മയാണ് എന്നെ വിശ്വാസത്തിന്റെ ബാലപാഠം പഠിപ്പിച്ചത്. അവിടെ നിന്നാണ് എനിക്കു കിട്ടിയിട്ടുള്ള വിശ്വാസം.

ഇപ്പോഴും ദൈവശാസ്ത്രത്തിൽ പറയും, മെത്രാപ്പോലീത്തന്മാർ അടുത്ത മെത്രാപ്പോലീത്തന്മാർക്കു വിശ്വാസം കയ്യേൽപ്പിച്ചു കൊടുക്കുന്നുവെന്ന്. എന്നെ മെത്രാപ്പോലീത്തായൊന്നുമല്ല കയ്യേല്പിച്ചത്; എന്റെ അമ്മയാണ്. എന്റെ അപ്പോസ്തോലിക പിന്തുടർച്ച വരുന്നതും എന്റെ അമ്മയിൽ നിന്നാണ്. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഇതാണു നമ്മുടെ സഭയുടെ വലിയ ശക്തി. വിശ്വാസം മക്കൾക്കു കൈമാറുന്നതിനുള്ള സ്വഭാവശുദ്ധിയും വിജ്ഞാനവും നമ്മുടെ സ്ത്രീകൾക്കുണ്ടെങ്കിൽ അതാണു വാസ്തവത്തിലുള്ള കരുത്ത്. സഭയുടെ സ്ഥാപനപരമായ ഘടനയൊക്കെ അവിടെ കിടക്കും. അതിനകത്തു കൂടെ കുറെ കാര്യങ്ങൾ ചെയ്യണം; തർക്കമില്ല. പക്ഷേ, ആ സ്ഥാപനപരമായ ഘടനയേക്കാൾ കൂടുതലായി നമ്മുടെ സഭയുടെ വിശ്വാസം പരിരക്ഷിച്ചു പോന്നിട്ടുള്ളത് അമ്മമാരുടെ വിജ്ഞാനവും വിവേകവും പ്രബോധനങ്ങളും ആണ്. ആദിമുതലേ സഭയിൽ അങ്ങനെ ആയിരുന്നു.

നമ്മുടെ അമ്മമാർ ഇന്നു വിശ്വാസം പഠിക്കാത്തതു വലിയ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. വിശ്വാസകാര്യങ്ങൾ സണ്ടേസ്കൂളിൽ പഠിപ്പിച്ചുകൊള്ളുമെന്നൊരു ധാരണ എങ്ങനെയോ പരന്നിട്ടുണ്ട്. അങ്ങനെ പറഞ്ഞുവിടരുത്. സണ്ടേസ്കൂളിൽ വിശ്വാസം പഠിപ്പിക്കും, പഠിപ്പിക്കണം. അതാവശ്യമാണ്. പക്ഷേ, അടിസ്ഥാനമിടേണ്ടത് അമ്മയാണ്; അമ്മൂമ്മയാണ്. അക്കാര്യത്തിൽ തർക്കം വേണ്ട. അവർക്ക് യഥാർത്ഥമായിട്ടുള്ള വിശ്വാസം ഉണ്ടെങ്കിലേ സഭ നിലനിന്നു പോവുകയുള്ളു. അതുകൊണ്ട് ആ ശുശ്രൂഷയ്ക്ക് ഇന്നും ഉയർന്ന മുൻഗണന കൊടുക്കണം. അതൊരു ചെറിയ കാര്യമായി തള്ളിക്കളയരുത്. അപ്പോൾ നമ്മുടെ വനിതകൾ നമ്മുടെ വിശ്വാസം ശരിയായി പഠിച്ചേ തീരൂ.

നമ്മുടെ സ്ത്രീകൾ നമ്മുടെ വിശ്വാസം നന്നായി പഠിച്ചില്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് അത് പകർന്നുകൊടുക്കുവാൻ കഴിയുകയില്ല. ബുദ്ധിപരമായി മാത്രം പഠിച്ചാൽ പോര. വിശ്വാസത്തിൽ ജീവിക്കണം. കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗിക നിദർശനം ആണ് കുറേക്കൂടെ അവരുടെ മനസ്സിൽ പതിയുക.

# മഹാപുരോഹിത സംഭാഷണം



മാർത്തോമ്മൻ പൈതൃകം ഉൾക്കൊണ്ട് മലങ്കര സഭാമക്കൾ സത്യത്തിനും ധർമ്മത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കണമെന്ന് മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവ. സഭയുടെ ചരിത്രപരമായ അസ്തിത്വവും സ്വാതന്ത്ര്യവും സംരക്ഷിച്ച് പരമാധികാരമുള്ള ദേശീയ സഭയായി ഒപ്പം സാർവ്വത്രിക സഭയായി തുടർന്നും ദൗത്യം നിർവ്വഹിക്കുവാൻ കഴിയണം.

കാതോലിക്കേറ്റിന്റെ ശതാബ്ദി പശ്ചാത്തലത്തിൽ പ. കാതോലിക്കാബാവായുമായി നടത്തിയ അഭിമുഖം:

**ശതാബ്ദി ആഘോഷത്തിന്റെ പ്രത്യേകത എന്താണ്?**

മലങ്കരസഭയുടെ സ്ഥാപകൻ പ. മാർത്തോമ്മാശ്ലീഹായാണ്. മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് 2000 വർഷത്തെ പാരമ്പര്യമുണ്ട്. മാർത്തോമ്മായുടെ പിന്തുടർച്ചക്കാരാണ് മലങ്കര ഓർത്തഡോക്സ് സഭ. മലങ്കരയിൽ കാതോലിക്കേറ്റ് 1912-ൽ സ്ഥാപിതമായി. 2012 കാതോലിക്കേറ്റിന്റെ ശതാബ്ദിയാണ്. ശതാബ്ദി ആഘോഷം ഒരു ചരിത്രമുഹൂർത്തമായി തീരുകയാണ്.

**മാർത്തോമ്മാ പൈതൃകത്തിന്റെ പിന്തുടർച്ച എങ്ങനെ?**

മലങ്കരസഭയുടെ ആരംഭം മുതൽ ഇന്നുവരെ ഒരു തുടർച്ച ഉണ്ടായിരുന്നു. ഒരിക്കലും സഭയുടെ തുടർച്ച നിന്നുപോയിട്ടില്ല. വിവിധ പീഢനങ്ങൾ ഉണ്ടായെങ്കിലും പരിശുദ്ധ സഭ നിലനിൽക്കുന്നു. മലങ്കരസഭാമക്കൾ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പിൻതുടർച്ചക്കാരാണ്. ഇടക്കാലത്ത് അധിനിവേശം ഉണ്ടായെങ്കിലും അത് വലിച്ചെറിഞ്ഞ് സഭ സ്വതന്ത്രമായി. 1653-ലെ കൂനൻകുരിശു സത്യം മുതൽ സ്വാതന്ത്ര്യത്തിനുവേണ്ടി നിലനിന്നു. ധീരമായ ഈ പ്രതിജ്ഞയിൽ മലങ്കരമക്കൾ ഒത്തുചേർന്നു. 1912-ൽ നടന്നത് സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പ്രതിജ്ഞ തന്നെയായിരുന്നു.

ഇങ്ങനെ മാർത്തോമ്മൻ പൈതൃകത്തിന്റെ ചരിത്രധാര എത്തുന്നത് മലങ്കര ഓർത്തഡോക്സ് സഭയിലാണ്. മലങ്കരസഭയിൽ പ. മാർത്തോമ്മാശ്ലീഹ നട്ട മുന്തിരി വളർന്ന്, പടർന്ന്, പന്തലിച്ച് വലുതായി. അത് പരമാധികാരമുള്ള സ്വതന്ത്ര ദേശീയ സഭയായി ഉയർന്നു.

സഭയുടെ ചരിത്രപരമായ അസ്തിത്വം തിരിച്ചറിയണം. സഭയുടെ സ്വാതന്ത്ര്യം ആർക്കും അടിയറ വയ്ക്കുവാനുള്ളതല്ല. സഭാ പൈതൃകത്തിന്റെ വേരുകൾ തിരിച്ചറിയുവാൻ ഈ ശതാബ്ദി ആഘോഷങ്ങൾ വഴിതെളിക്കും.

**ദേശീയ സ്വഭാവമുള്ള സഭ......?**

മാർത്തോമ്മൻ പൈതൃകം തദ്ദേശീയതയ്ക്ക് ഏറെ പ്രാധാന്യം നൽകുന്നു. ദേശീയതയും നിലനിർത്തുന്നതാണ്. ഒരു പരമാധികാര സഭയുടെ പൈതൃകമാണ് ഇവിടെ നിലനിന്നത്. വിദേശ സഭകൾ എത്തി മലങ്കര നസ്രാണികളെ 'കോളനിയായി' നിലനിർത്താൻ ശ്രമിച്ചപ്പോൾ അതിനോട് പ്രതികരിച്ചു. സ്വാതന്ത്ര്യത്തിനായി പോരാടി. വിദേശ സഭകളുടെ പീഢനങ്ങൾ വർദ്ധിച്ചപ്പോൾ സ്വാതന്ത്ര്യത്തിന്റെ വില അറിഞ്ഞു.

*ശേഷം 8-ാം പേജിൽ*

## EDITORIAL

# കാതോലിക്കേറ്റ്: സഭാ സ്വാതന്ത്ര്യത്തിന്റെ യുഗപ്പിറവി




# CATHOLICATE: Epoch of the Church Freedom


**കണ്ണിലെ കൃഷ്ണമണി പോലെ സഭാ സ്വാതന്ത്ര്യം പരിരക്ഷിച്ച ഗുരുക്കന്മാരുടെ ജീവിത വെളിച്ചം നമ്മുടെ അകക്കണ്ണ് തെളിയിക്കട്ടെ**

> ‘മലങ്കര സഭ എന്നേക്കും സ്വതന്ത്രമായി നിലനിൽക്കുന്നതിന് ഇപ്പോൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനം സഹായിക്കട്ടെ. ഇതു നിങ്ങളുടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന കല്ലാകുന്നു’.
>
> (പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ബാവായുടെ പ്രസംഗം, 1912 സെപ്റ്റംബർ 15, നിരണം)
>
> ‘നമ്മുടെ സഭയുടെ നിലനിൽപ്പിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്തതും... പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടു പോകാനുള്ള ചുമതല നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു’.
>
> (പ. വട്ടശ്ശേരിൽ തിരുമേനിയുടെ അന്ത്യകല്പനയിൽ നിന്നും. 1109 കുംഭം 11)

മലങ്കരയിലെ കാതോലിക്കേറ്റ് ദേശീയതയും സ്വയശീർഷകത്വവുമുള്ള മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനമാണ്. മലങ്കര നസ്രാണികളുടെ സ്വത്വബോധത്തിന്റെ അടിസ്ഥാനം മാർത്തോമ്മൻ പൈതൃകമാണ്. ഈ നസ്രാണിത്വത്തിന്റെ ചരിത്രപരമായ പിന്തുടർച്ച മലങ്കരയിൽ ഓർത്തഡോക്സ് കാതോലിക്കേറ്റിൽ മാത്രമാണ്. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം നസ്രാണികളുടെ സ്വയംനിർണ്ണയത്തിന്റെയും സ്വയംഭരണത്തിന്റെയും സുദീർഘമായ പാതയിലെ സ്വാതന്ത്ര്യത്തിന്റെ യുഗപ്പിറവിയാണ്.

മലങ്കര നസ്രാണികളുടെ സ്വത്വവും അധിനിവേശവിരുദ്ധ പോരാട്ടങ്ങളുടെ വേരുകളും മാർത്തോമ്മൻ പൈതൃകത്തിന്റെ ഭാഗമാണ്. പതിനഞ്ചു നൂറ്റാണ്ട് മലങ്കര നസ്രാണികൾ പരിരക്ഷിച്ച പവിത്രമായ സ്വാതന്ത്ര്യവും തനിമയുമാണ് 1599ലെ ഉദയംപേരൂർ സുന്നഹദോസിൽ ചോദ്യം ചെയ്യപ്പെട്ടത്. ഇതിനെ പ്രതിരോധിച്ച് ദേശീയതയ്ക്കും സ്വാതന്ത്ര്യത്തിനുമായി മലങ്കര നസ്രാണികൾ പോരാടി. ഇത് 1653-ൽ നടന്ന കൂനൻകുരിശുസത്യത്തിലൂടെ ദേശീയ സ്വത്വത്തിലേക്ക് വളർന്നു. നാലുപതിറ്റാണ്ടിലധികം (1599-1912) മലങ്കര നസ്രാണികൾ നടത്തിയ അധിനിവേശ്ശവിരുദ്ധ പോരാട്ടത്തിന്റെ അന്തിമവിജയമായിരുന്നു 1912ൽ നിരണത്തുനടന്ന കാതോലിക്കാ സ്ഥാപനം.

മലങ്കരയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാ സ്ഥാനവും സ്വയംഭരണത്തിന്റെയും ദേശീയതയുടെയും പൗരാണികതയുടെയും പ്രതീകമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും സംയോജിപ്പിച്ചത് 1934-ലെ സഭാ ഭരണഘടനയിലാണ്. ഇത് മലങ്കരയിൽ കാതോലിക്കേറ്റിന്റെ മഹത്വവും സമ്പൂർണ്ണമായ ഉൾഭരണസ്വാ



തന്ത്ര്യവും ഉറപ്പിക്കുന്നു. അതോടെ പുരാതനമായ 'മാർ ത്തോമ്മാ സിംഹാസന' പ്രതിനിധിയായ മലങ്കരമെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും ഒരാളിൽ കേന്ദ്രീകൃതമായി. 1958-ലും 1995-ലും 2002-ലും ഉണ്ടായ സുപ്രീംകോടതി വിധികൾ ഈ സ്ഥാനങ്ങൾ ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്തവിധം ഉറപ്പിച്ചു പ്രഖ്യാപിച്ചു. മലങ്കരയിലെ കാതോലിക്കേറ്റ് ശതാബ്ദി പിന്നിടുമ്പോൾ സഭയിൽ സ്വതന്ത്രമായി വികസിച്ചു വളർന്ന കാതോലിക്കേറ്റിന്റെ ചരിത്രമാണ് വെളിപ്പെടുന്നത്.

## II

മലങ്കരയിൽ പ്രചാരം നേടിയ സഭാചരിത്രത്തിൽ വിസ്മൃതമായത് കേരളത്തിന്റെ സാമൂഹികവും സാംസ്കാരികവും സാഹിത്യപരവുമായ വിശകലനങ്ങളാണ്. ചരിത്രത്തെ സാഹിത്യത്തിലും സാഹിത്യത്തെ ചരിത്രയാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിലും അപഗ്രഥിക്കുന്നതാണ് നവചരിത്ര വിശകലനം. ചരിത്രം നിരവധി ബോധതലങ്ങളിൽ രൂപീകൃതമാകേണ്ട സാമൂഹികവും സാംസ്കാരികവുമായ നിർമ്മിതിയാണ്. ചരിത്രത്തിലും സാഹിത്യത്തിലും രാഷ്ട്രീയവും സാംസ്കാരികവുമായ സന്ദർഭങ്ങളുടെ അപഗ്രഥനം അവഗണിക്കപ്പെട്ട പശ്ചാത്തലത്തിലാണ് ചരിത്രത്തെ പുനർ വായിക്കുന്നത്.

ഇതിലെ വിശകലനത്തിൽ ചരിത്രസ്രോതസ്സ്, സംസ്കാരം, സാഹിത്യം, സാമൂഹിക ജീവിതം, രാഷ്ട്രീയാവസ്ഥ തുടങ്ങിയ വൈവിധ്യ വിജ്ഞാന വിശകലനം ഉൾക്കൊള്ളുന്നു. സഭാ അധികാരികളുടെയും അധികാരശ്രേണി സ്ഥാപനത്തിന്റെയും വിവരണങ്ങളിൽ ചരിത്രം പരിമിതപ്പെട്ടതിനാൽ തിരസ്കൃത ജനതയുടെ പോരാട്ട ചരിത്രം വെളിപ്പെടുത്തുവാൻ കഴിയാതെപോയ പശ്ചാത്തലത്തിലാണ് പുനർവായന. ജീർണ്ണിച്ച അധികാര ഘടനകളോടും അധീശത്വ സമവാക്യങ്ങളോടും ഏറ്റുമുട്ടി വളർത്തിയെടുത്ത അധിനിവേശ വിരുദ്ധ പോരാട്ടങ്ങളുടെ വിശകലനമാണ് മലങ്കര സഭാചരിത്രത്തിൽ ഇനിയും രൂപപ്പെടുത്തുവാനുള്ളത്. മലങ്കര നസ്രാണികളുടെ സ്വത്വദർശനത്തിന്റെ സാമൂഹികവും സാംസ്കാരികവും സഭാപരവുമായ തുടർച്ചയുടെ കണ്ടെത്തലാണ് പുനർനിർണ്ണയങ്ങളിൽ വെളിപ്പെടുന്നത്.

## III

മലങ്കരസഭയുടെ നസ്രാണി പാരമ്പര്യത്തിലെ സ്വാതന്ത്ര്യവും തനിമയും എല്ലാ മേഖലയിലും വീണ്ടെടുക്കപ്പെടണം. സഭാജീവിതത്തിൽ സ്വാംശീകരിക്കപ്പെട്ട പേർഷ്യൻ, അന്ത്യോഖ്യൻ, പ്രൊട്ടസ്റ്റന്റ് സ്വാധീനങ്ങളിലെ സാംസ്കാരിക അധീശത്വം തിരിച്ചറിഞ്ഞ് ഭരണരംഗത്തും ആരാധനക്രമങ്ങളിലും വേദശാസ്ത്ര-സഭാശാസ്ത്ര വിശകലനങ്ങളിലും മാർത്തോമ്മൻ പൈതൃകത്തിന്റെ സ്വാതന്ത്ര്യവും തനിമയും ഉൾക്കൊള്ളുന്ന സഭാ ദർശനങ്ങളും അനുഷ്ഠാനങ്ങളും വളർത്തിയെടുക്കണം. പാശ്ചാത്യ മാതൃകകളിൽ വികസിതമായ ഇടയ-സേവനശുശ്രൂഷകളും പുനർരചിക്കപ്പെടണം. സമയബന്ധിതമായി കർമ്മപദ്ധതികൾ ആസൂത്രണം ചെയ്ത് ഇവ നടപ്പാക്കണം. മലങ്കര നസ്രാണികളുടെ സ്വത്വവും ദേശീയ തനിമയുമാകണം കാതോലിക്കേറ്റിന്റെ ദേശീയ-ആഗോളീയതയിൽ പ്രകാശം പരത്തേണ്ടത്. അധിനിവേശ സിദ്ധാന്തങ്ങളിൽ നിന്നുള്ള വിമോചനവും നീതി, സാകല്യ, സുസ്ഥിതി ദർശനങ്ങളുമാണ് കാതോലിക്കേറ്റിന്റെ സ്വത്വ നിർണ്ണയത്തിന്റെ രീതിശാസ്ത്രമായി വളർന്നു വരേണ്ടത്.

പാർശ്വവൽക്കരണവും വേർതിരിവും ഉച്ചനീചത്വവും ഭേദിച്ച് നീതിയിൽ അധിഷ്ഠിതമായ സാമൂഹിക ഉത്തരവാദിത്തങ്ങൾ പൊതുസമൂഹത്തിന്റെ നന്മയ്ക്കായി രൂപപ്പെടുത്തണം. വിശുദ്ധിയിലേക്കുള്ള ദൈവജനത്തിന്റെ തീർത്ഥാടനത്തിനുള്ള കുരിശിന്റെ ശിഷ്യത്വമാകണം കാതോലിക്കേറ്റ് ശതാബ്ദി.

> "1912-ലെ കാതോലിക്കേറ്റ് സ്ഥാപനം നസ്രാണികളുടെ സ്വയംനിർണ്ണയത്തിന്റെയും സ്വയംഭരണത്തിന്റെയും സുദീർഘമായ പാതയിലെ സ്വാതന്ത്ര്യത്തിന്റെ യുഗപ്പിറവിയാണ്."

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com




*5-ാം പേജിൽ നിന്ന്...*

'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പേരു പോലും നിഷ്പ്രഭമാക്കുവാൻ വിദേശ സഭകൾ ശ്രമിച്ചു. കാതോലിക്കേറ്റ് സ്ഥാപനം നടന്നപ്പോഴും ഇതിന്റെ സ്വാതന്ത്ര്യത്തെ തുരങ്കം വെയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്നു. മലങ്കരസഭാമക്കൾ ധീരതയോടെ പ്രവർ ത്തിച്ചതിനാലാണ് മലങ്കരയുടെ സ്വാതന്ത്ര്യം ഉറപ്പിച്ച് ദേശീയ സഭയായി വളരുവാൻ കഴിഞ്ഞത്. കാതോലിക്കേറ്റ് മലങ്കരയുടെ പിതൃസ്വത്താണ്. ആ നിലയിൽ മലങ്കര മക്കൾ അത് സംരക്ഷിക്കാൻ കടപ്പെട്ടവരാണ്. മാർത്തോമ്മൻ പൈതൃകമാണ് സഭയുടെ സിരകളിൽ ഒഴുകുന്നത്. ഇത് സ്വാതന്ത്ര്യമുള്ള സഭ. ദേശീയ സഭ. സ്വയം ശീർഷകത്വമുള്ള സഭ. എല്ലാ തലങ്ങളിലും മലങ്കരയിലെ കാതോലിക്കേറ്റ് ദേശീയ സ്വഭാവം ഉൾക്കൊള്ളുന്നു. 'ഇന്ത്യൻ ഓർത്തഡോക്സ് സഭ' എന്ന നാമം ഉൾക്കൊള്ളുവാൻ പൂർണ്ണ അവകാശമുള്ള സഭയാണിത്.

**സഭയിലുണ്ടായ അധിനിവേശ ശ്രമങ്ങളോടുള്ള പ്രതികരണം എങ്ങനെയാണ്?**

ഒന്നാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെ മലങ്കരസഭ ഭാരതീയമായ രീതിയിൽ വളർന്നു വന്നു. അധിനിവേശ സംസ്കാരങ്ങൾ അക്കാലത്ത് ഇല്ലായിരുന്നു. ക്രൈസ്തവ സമൂഹം നീതിയോടും സത്യസന്ധതയോടും ജീവിച്ചു. ചെപ്പേടുകൾ, പദവികൾ തുടങ്ങിയവ എല്ലാം നാട്ടുരാജാക്കന്മാരിൽ നിന്നും ലഭ്യമായി.

വിദേശ സഭകളുടെ അധിനിവേശം സഭയെ പല തരത്തിലും ബാധിച്ചു. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും വിവിധ കാലത്ത് സഭയെ തകർക്കുവാൻ ശ്രമിച്ചു. എന്നാൽ വിദേശ സഭാധിനിവേശത്തെ എതിർത്തത് മലങ്കര നസ്രാണികളുടെയും സഭാപിതാക്കന്മാരുടെയും ധീരമായ നേതൃത്വമായിരുന്നു. ഇടക്കാലത്താണ് അന്ത്യോഖ്യൻ നേതൃത്വം മലങ്കരസഭാപൈതൃകത്തെ ഗ്രസിച്ചത്. കാതോലിക്കേറ്റ് സ്ഥാപനത്തോടെ സഭ സ്വതന്ത്രമായി. ദേശീയ സഭയായി ഉയർന്നു. സാർവ്വത്രിക സഭയായി വളർന്നു. ഇനിയും ഒരു അധിനിവേശ തന്ത്രങ്ങളോടും ആഭിമുഖ്യം പുലർത്തുവാൻ ഈ സഭയ്ക്ക് കഴിയുകയില്ല.

**കാതോലിക്കേറ്റ് മലങ്കരയുടെ പിതൃസ്വത്താണ്. ആ നിലയിൽ മലങ്കര മക്കൾ അത് സംരക്ഷിക്കാൻ കടപ്പെട്ടവരാണ്. മാർത്തോമ്മൻ പൈതൃകമാണ് സഭയുടെ സിരകളിൽ ഒഴുകുന്നത്.**

**സഭ ദേശീയമാണ്. എന്നാൽ സഭ ആഗോളമെന്നും പറയുന്നുവല്ലോ?**

മലങ്കര ഓർത്തഡോക്സ് സഭ തദ്ദേശീയവും ദേശീയവും ആഗോളവുമാണ്. സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായുടെ നേതൃത്വം മാത്രമേ ഉണ്ടായിരുന്നുള്ളു.

'ആഗോളം' എന്നു പറയുമ്പോഴും അന്തർലീനമാകുന്നത് മാർത്തോമ്മൻ പൈതൃകമുള്ള ദേശീയമായ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ സ്വഭാവധാരയാണ്. ലോകത്തിന്റെ ഏതു കോണിലായാലും നിലനിർത്തുന്നത് മലങ്കരയുടെ പൈതൃകവും വിശ്വാസ രീതികളും ആയിരിക്കും. പുതുതലമുറ അവിടെ എല്ലാം ഉണ്ടെങ്കിലും അവരുടെ അഭിരുചിക്ക് അനുസൃതമായി സഭാപാരമ്പര്യത്തെ വ്യതിചലിപ്പിക്കരുത്. സഭാപാരമ്പര്യത്തിൽ അടിയുറച്ചു ജീവിക്കുവാൻ അവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുമാണ് വേണ്ടത്.

**ശതാബ്ദി ദൗത്യങ്ങൾ എന്തെല്ലാമാണ്?**

മലങ്കരസഭയുടെ സ്വാതന്ത്ര്യവും ദേശീയതയും കാത്തുസൂക്ഷിക്കുക എന്നതാണ് പ്രഥമ ദൗത്യം. പൗരാണിക പാരമ്പര്യമുള്ള ഈ സഭയുടെ സ്വാതന്ത്ര്യം പിതാക്കന്മാർ തലമുറകളായി കാത്തുസൂക്ഷിച്ചു. അത് സമ്പൂർണ്ണമായി പരിരക്ഷിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്.

**1960-ാം വാർഷികം, ശതാബ്ദി ആഘോഷം എന്നിവ അർത്ഥവത്താക്കുന്നതിനുള്ള പദ്ധതികൾ എങ്ങനെ വിവക്ഷിക്കുന്നു?**

ശതാബ്ദി ആഘോഷങ്ങൾ അർത്ഥപൂർണ്ണമാകുന്നത് കർത്താവിന്റെ ശരീരം എന്ന നിലയിൽ നമുക്കുള്ള വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കത്തക്കവിധം ദൈവരാജ്യത്തിന്റെ മൂല്യങ്ങളിൽ ഉറച്ചു നിന്നു സാമൂഹിക യാഥാർത്ഥ്യങ്ങളോട് പ്രതികരിക്കുമ്പോഴാണ്. സഭയ്ക്ക് സമൂഹത്തോട് ഉത്തര

വാദിത്വമുണ്ട്. പൊതുസമൂഹത്തിന്റെ നന്മയ്ക്കായുള്ള പദ്ധതികൾ ഉണ്ടാകണം. സഭയ്ക്ക് സമൂഹത്തോട് പ്രതിബദ്ധതയുണ്ട്. അതുകൊണ്ട് മതേതര രാഷ്ട്രത്തിലെ മതങ്ങൾക്കിടയിലെ അസഹിഷ്ണുത, മാധ്യമ മേധാവിത്വം മൂലമുള്ള അസ്വാരസ്യങ്ങൾ, രാഷ്ട്രബോധം നഷ്ടപ്പെടുന്ന രാഷ്ട്രീയം, പാരമ്പര്യം- സദാചാരം-സംസ്ക്കാരം ഇവയിലെ മൂല്യച്യുതി, പരിസ്ഥിതിക്ക് നേരേയുള്ള ഭീഷണികൾ, മദ്യവിപത്ത്, മാലിന്യ സംസ്കരണം, കാർഷിക സംസ്കാരത്തോടും അദ്ധ്വാനത്തോടുമുള്ള വിമുഖത, അണുകുടുംബങ്ങളിലെ പ്രതിസന്ധികൾ, വാർദ്ധക്യ പ്രശ്നങ്ങൾ ഇങ്ങനെ അനവധി കാര്യങ്ങളോട് സഭ ക്രിയാത്മകമായി പ്രതികരിക്കേണ്ടതുണ്ട്. വിവിധ പദ്ധതികൾക്കുള്ള കർമ്മരേഖ ആസൂത്രണം ചെയ്തിട്ടുണ്ട്.

**ഇടവക-വൈദിക ബന്ധം എങ്ങനെ കാണുന്നു?**

പരിശുദ്ധാത്മ നിറവിൽ പ്രവർത്തനം നയിക്കുന്നവരാണ് വൈദികർ. വിശ്വാസികളുമായി ആദ്യം ഇടപെടുന്നത് വൈദികരാണ്. മേൽപട്ടക്കാർക്ക് വിശ്വാസികളുമായി ബന്ധപ്പെടുവാൻ പിന്നീടേ അവസരമുള്ളു. സഭയുടെ വികസനം യാഥാർത്ഥ്യമാക്കുവാൻ വൈദികർ ദർശനത്തോടും പൂർണ്ണ സമർപ്പണത്തോടും പ്രവർത്തിക്കണം. ഇടവക സഭയുടെ ചെറിയ പതിപ്പാണ്.

ആചാരാനുഷ്ഠാനങ്ങൾക്കും ഭരണക്രമങ്ങൾക്കും വിധേയമായി കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി സമൂഹത്തെ നയിക്കണം. സത്യവും നീതിയും നിഷ്പക്ഷതയും ഇടവക ശുശ്രൂഷകളിൽ ഉണ്ടാകണം. ജനങ്ങളും വൈദികരും സഭയുടെ ലിഖിതവും അലിഖിതവുമായ നിയമങ്ങൾക്കും സഭാഭരണഘടനയ്ക്കും അനുസൃതമായി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. സഭയുടെ ആരാധനാ പൈതൃകം ഉൾക്കൊണ്ട് ജനത്തെ ആത്മീയ ശിക്ഷണത്തിൽ വളർത്താൻ പരസ്പരം സഹകരിച്ച് പ്രവർത്തിക്കണം.

**സഭയിൽ ഐക്യ സൂചനകൾ ഉണ്ടാകുമോ.......?**

സഭയിൽ ശാശ്വത സമാധാനം ഉണ്ടാകുമെന്നത് എന്റെ ശുഭ പ്രതീക്ഷയാണ്. എന്നാൽ അതിനായി കുറെക്കാലം കൂടി കാത്തിരിക്കേണ്ടി വരും.

സഭയുടെ ഭരണഘടനയും കാതോലിക്കേറ്റും ഭരണ സ്വാതന്ത്ര്യവും എല്ലാം സുപ്രീംകോടതി വിധിയിൽ അംഗീകരിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുവാൻ സന്ന



ദ്ധമായ രാഷ്ട്രീയമായ ഭരണവ്യവസ്ഥ നിലവിലുണ്ടാകണം. നിയമത്തെ അംഗീകരിക്കുന്ന സമൂഹം വളർന്നു വരണം.

**സഭയുടെ പ്രവർത്തന സമീപനം എങ്ങനെയാണ്?**

സഭാകേസ്സുകളുടെ നടത്തിപ്പിൽ നമുക്ക് രഹസ്യ അജണ്ട ഇല്ല. അനീതിയില്ല. ആക്രമണമില്ല. ക്രിസ്തീയമായ സമീപനത്തിലാണ് മുന്നേറുന്നത്.

**1960-ാം വാർഷികം, ശതാബ്ദി ഇവയുടെ പശ്ചാത്തലത്തിൽ സഭാമക്കൾക്കുള്ള പ്രബോധനം എന്താണ്?**

മാർത്തോമ്മാ പൈതൃകത്തിൽ അടിയുറച്ച് സത്യത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടി പ്രവർത്തിക്കണം. ഇതുവഴിയുണ്ടാകുന്ന കഷ്ടനഷ്ടങ്ങളെ സഹനശക്തിയോടെ നേരിടുകയും ചെയ്യണം.

മലങ്കരസഭയ്ക്ക് എന്തു പ്രതിസന്ധികൾ ഉണ്ടായാലും അതിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും നിലനിർത്തണം. സഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിന് ഒരു പോറൽ പോലും ഏല്പിക്കുവാൻ പാടില്ല.

സത്യം വിട്ട് അനീതിക്കോ അധർമ്മത്തിനോ കൂട്ടുനിൽക്കരുത്. സത്യവഴിയിലൂടെ സഞ്ചരിക്കണം. മലങ്കര സഭാമക്കൾ എന്നും സഭയോടൊപ്പം ചേർന്നു നിന്ന പാരമ്പര്യമാണുള്ളത്. അതിനാൽ കാതോലിക്കേറ്റിന്റെ വളർച്ചയ്ക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുകയും ഉത്സാഹിക്കുകയും ചെയ്യണം.

*(മാവേലിക്കര തെയോഭവൻ അരമനയിൽ ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ നടത്തിയ അഭിമുഖം. 13-10-2012)*



പരുമല പെരുന്നാളിന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൊടിയേറ്റുന്നു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, പരുമല സെമിനാരി മാനേജർ ഔഗേൻ റമ്പാൻ, ജോസഫ് റമ്പാൻ എന്നിവർ സമീപം.



# സഭാ ഭരണഘടനയും ദേശീയ ബോധവും

ഡോ. സഖറിയാസ് മാർ അപ്രേം

**മലങ്കര സഭയുടെ വികസനം ലക്ഷ്യമിട്ട് പദ്ധതികളും, പരിപാടികളും ആവിഷ്ക്കരിക്കുമ്പോൾ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടവയിൽ ദേശീയ ബോധവും രാഷ്ട്ര നിർമ്മാണവും സമഗ്രതയും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.**

മാർത്തോമ്മാ നസ്രാണികളുടെ സ്വത്വബോധത്തിന്റെയും, സ്വാതന്ത്ര്യ ചിന്തയുടെയും, ചരിത്രപരമായ വളർച്ചയുടെയും പ്രതീകമാണ് 1912 ൽ മലങ്കരയിൽ സ്ഥാപിതമായ പൗരസ്ത്യ കാതോലിക്കേറ്റ്. 1653-ൽ കൂനൻകുരിശ് സത്യ പ്രഖ്യാപനത്തിലൂടെ തുടക്കം കുറിച്ച സ്വതന്ത്ര മലങ്കര സഭ എന്ന ആഗ്രഹത്തിന്റെ പൂർത്തീകരണമായിരുന്നു കാതോലിക്കാ സിംഹാസന സ്ഥാപനവും, തുടർന്ന് 1934 ൽ അംഗീകരിക്കപ്പെട്ട മലങ്കര സഭ ഭരണഘടനയും. കാതോലിക്കാ സിംഹാസന സ്ഥാപനം പ്രത്യക്ഷമായും, പരോക്ഷമായും മലങ്കര സഭാ ഭരണഘടനാ രൂപീകരണത്തിന് പ്രചോദനമാകുകയായിരുന്നു. 21-ാം നൂറ്റാണ്ടിലേക്ക് കാലുകുത്തിയപ്പോഴേക്കും ഇവ രണ്ടും മലങ്കര സഭയുടെ സ്വാതന്ത്ര്യ സ്വത്വബോധത്തിന്റെ ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്ത വിധമുള്ള രണ്ടു മഹൽ സ്ഥാപനങ്ങളായി നീതിപീഠങ്ങൾ പോലും ഉറച്ച ശബ്ദത്തിൽ പ്രഖ്യാപിക്കുയുണ്ടായി. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനവും, 1934-ലെ മലങ്കര സഭാ ഭരണഘടനയുടെ അംഗീകാരവും കേവലം സഭാ തർക്കങ്ങളുടെയോ, വ്യവഹാരങ്ങളുടെയോ, പരിണിത ഫലമല്ല, പ്രത്യുത പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഭാരതത്തിലുടനീളം ആഞ്ഞടിച്ച ദേശീയ ബോധത്തിന്റെയും, സ്വതന്ത്ര ഭാരതചിന്തയുടെയും പ്രതിഫലനമായിരുന്നു. ഒരു പക്ഷെ, അവ സ്ഥാപിച്ചെടുക്കുന്നതിന് വ്യവഹാരങ്ങൾ വേണ്ടി വന്നു എങ്കിലും.

## ദേശീയ ബോധ രൂപീകരണം

ആധുനിക ഭാരതചരിത്രത്തിൽ പതിനെട്ടും, പത്തൊമ്പതും നൂറ്റാണ്ടുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളവയാണ്. പാശ്ചാത്യ സംസ്ക്കാര സ്വാധീനവും, ഇംഗ്ലീഷ് ഭാഷയുടെ പ്രചരണവും, ബ്രിട്ടീഷ് ഭരണത്തിന്റെ ഗുണദോഷങ്ങളും, പൊതുവെ അച്ചടക്കരഹിതവും ചൂഷണ സാധ്യതകളോടു കൂടിയ ആചാരനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്ന ഭാരത മതബോധവും, തുടക്കത്തിൽ മതനവീകരണ പ്രസ്ഥാനങ്ങൾക്കും തുടർന്ന് ദേശീയബോധ രൂപീകരണത്തിനും കാരണമായി. 1947-ലെ രാഷ്ട്ര സ്വാതന്ത്ര്യവും, 1950-ലെ ഭരണഘടന രൂപീകരണവും ഇതിന്റെ അനന്തര ഫലങ്ങളായിരുന്നു. അസ്വസ്ഥബാധിതമായിരുന്ന ഭാരത പൊതുമനസ്സാക്ഷിയുടെ ദീർഘ പോരാട്ടത്തിന്റെ പ്രതിഫലനങ്ങളായി

സ്വാതന്ത്ര്യവും, ഭരണഘടനയും. ഭാരതത്തിൽ അങ്ങോളം ഇങ്ങോളം അലതല്ലിയ ഇതിന്റെ സ്വാധീനം പല മതങ്ങളുടേയും, മതബന്ധിതവും മതരഹിതവുമായ സംഘങ്ങളുടെ ശുദ്ധീകരണത്തിനും, സ്വത്വബോധത്തിനും വേദിയൊരുക്കി. പൊതുവെ കലുഷിതമായിരുന്ന മലങ്കര സഭാന്തരീക്ഷത്തിലും ഇതിന്റെ അലയടികൾ ഉണ്ടായി എന്നുവേണം കരുതുവാൻ. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നഷ്ടപ്പെട്ട സ്വാതന്ത്ര്യവും അസ്ഥിത്വ ബോധവും വീണ്ടെടുക്കപ്പെടേണ്ടതിന്റെ ആവശ്യം അൽമായ-വൈദീക നേതൃത്വത്തിൽ ശക്തമായി. ചുരുക്കത്തിൽ കാതോലിക്കാ സിംഹാസന സ്ഥാപനമോ, ഭരണഘടനാ രൂപീകരണമോ ഒറ്റപ്പെട്ട സംഭവങ്ങളായി കാണുകയല്ല വേണ്ടത്, മറിച്ച് 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച ദേശീയബോധത്തിന്റെ ഭാഗമായി വേണം കാണുവാൻ. ആംഗ്ലിക്കൻ മിഷനറിമാരോടും, പിന്നീട് അന്ത്യോക്യൻ സുറിയാനി സഭയോടുമുള്ള മലങ്കര സഭാ മക്കളുടെ പോരാട്ടം കേവലം സഭാതർക്കമായിട്ടു വിലയിരുത്തപ്പെടേണ്ടതല്ല; മറിച്ച് ഭാരതത്തിൽ അങ്ങോളമിങ്ങോളം അലയടിച്ച ദേശീയബോധത്തിന്റെയും, സ്വാതന്ത്ര്യ ചിന്തയുടെയും പ്രതിഫലനമായി വേണം അതു വിലയിരുത്തുവാൻ. ഭാരതമണ്ണിൽ വിതയ്ക്കപ്പെട്ട സുവിശേഷ വിത്തിൽ നിന്നും മുളപൊട്ടി വളർന്നു വന്ന നസ്രാണി സമൂഹം വളർച്ചയുടെ പല ഘട്ടങ്ങളിലും വൈദേശീക സഭാ സമൂഹങ്ങളായി ബന്ധം പുലർത്താൻ നിർബന്ധിതരാവുകയും, നസ്രാണി സമൂഹത്തിൽ തന്നെ ഒരു വിഭാഗം ഈ വൈദേശീക മേൽക്കോയ്മയെ അംഗീകരിക്കുകയും ചെയ്തുവെങ്കിലും മലങ്കര സഭ ദേശീയ ബോധത്തിലൂന്നിയ സ്വതന്ത്ര ക്രൈസ്തവ സ്വഭാവം വീണ്ടെടുക്കുവാൻ പരിശ്രമിക്കുകയായിരുന്നു. ഈ പരിശ്രമത്തിന്റെ ഉദാത്ത ഫലമാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം. കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ വീണ്ടെടുക്ക പ്പെട്ട കൗദാശികവും ഭരണപരവുമായ സ്വതന്ത്ര്യം ക്രമീകൃതവും, സുതാര്യവുമായ ഭരണത്തിനാവശ്യമായ ഭരണഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ചിന്തിക്കുന്നതിന് ഇടയാക്കി. ഒരേ സമയം, മലങ്കര സഭ ക്രിയാത്മകവും, സ്വത്വബോധത്തിലൂന്നിയതുമായ നവീകരണം കൈവരിക്കുകയും അതോടൊപ്പം ദേശീയ ബോധത്തിലെ പങ്കാളിത്തം വഴിയായി മാർത്തോമ്മാ പൈതൃകത്തിന്റെ സ്വതന്ത്ര അസ്തിത്വം വീണ്ടെടുക്കുകയും ചെയ്തു.


### മലങ്കര സഭാ ഭരണഘടന

ക്രമീകൃതമായ ഒരു ഭരണഘടനയുടെയോ, നിയമവാഴ്ചയുടെയോ അടിസ്ഥാനത്തിലായിരുന്നില്ല മലങ്കര സഭ ഭരിക്കപ്പെട്ടിരുന്നത്. 1809-ൽ ചിട്ടപ്പെടുത്തിയ കണ്ടനാട് പടിയോലയും, 1853-ലെ ചട്ടവരിയോലയും സഭയുടെ ആത്മീകവും, ഭൗതീകവുമായ ഭരണത്തെ ക്രമീകരിക്കുന്നതിന് സഹായിച്ചു, എങ്കിലും കാലക്രമേണ അത് ഇല്ലാതാകുകയായിരുന്നു. എന്നാൽ 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോട് കൂടെ സഭാ സ്വാതന്ത്ര്യത്തിന്റെ സ്ഥായിയായ ഭാവം സഭാമക്കളിലും, ആത്മീയ-പൗരോഹിത്യ മണ്ഡലങ്ങളിലും പ്രതിഫലിച്ചു തുടങ്ങി. ക്രമീകൃതമായ ഭരണസംവിധാനവും, അതിനു സഹായകരമായ ഭരണഘടനയും പരി. സഭയുടെ സാക്ഷ്യനിർവ്വഹണങ്ങളിലെ അവിഭാജ്യ ഘടകങ്ങളാണെന്ന ബോധ്യം വൈദിക-അൽമായ നേതൃത്വത്തിലെ ഉന്നതശീർഷരായ പലരിലും ഉണ്ടായി. മലങ്കര സഭയ്ക്കായി, ദേശീയതയിൽ കേന്ദ്രീകരിക്കുന്ന ഒരു ഭരണക്രമം സ്വപ്നം കണ്ട ആ മഹൽ വ്യക്തികൾ അതിനനുസരണമായ നിയമാവലി തയ്യാറാക്കുകയായിരുന്നു. ഭരണഘടനയുടെ നക്കൽ രൂപീകരണ സമയത്തു തന്നെ ആശയപരമായ തർക്കങ്ങൾ ഉടലെടുക്കുകയുണ്ടായി. ജനാധിപത്യ വ്യവസ്ഥകൾക്ക് മുൻതൂക്കമുള്ള വാദഗതിയും, എപ്പിസ്ക്കോപ്പസിക്ക് മുൻതൂക്കമുള്ള വാദഗതിയും സമിതിയിൽ ഉടലെടുത്തുവെങ്കിലും ഇവ രണ്ടിന്റെയും സമവായപരമായ സംയോജനം സാധ്യമാക്കുന്ന വിധമുള്ള നക്കലാണ് അംഗീകരിക്കപ്പെട്ടത്. ജനാധിപത്യ വ്യവസ്ഥിതിയെ മാനിച്ചും, എപ്പിസ്ക്കോപ്പസിയെ ആദരിച്ചും, ദേശീയതയും, പൗരസ്ത്യ സഭകളുടെ സഭാ വിജ്ഞാനീയവും കൂട്ടിയിണക്കുകയായിന്നു ഈ മഹത്ത് കർമ്മത്തിലൂടെ. ഭരണഘടനയുടെ ആദ്യ വകുപ്പുകളിൽ തന്നെ മലങ്കര സഭയുടെ ദേശീയ സ്വഭാവവും, അതോടൊപ്പം പൊതു സുറിയാനി പൈതൃകവും എടുത്തു പറഞ്ഞുകൊണ്ട് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ഉദ്ദേശവും, ലക്ഷ്യവും വ്യക്തമാക്കിയിരിക്കുന്നു.

മലങ്കര സഭയുടെ ചരിത്രപരമായ വളർച്ചയിൽ രൂപപ്പെട്ട അധികാര കേന്ദ്രമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അർഹമായ പ്രാധാന്യം ഭരണഘടനയിൽ നൽകുകയുണ്ടായി. മാർത്തോമ്മാ പൈതൃകത്തിന്റെ തദ്ദേശീയ ഭാവം ബഹിർസ്ഫുരിക്കുന്ന പ്രസ്തുത അധികാര കേന്ദ്രത്തിന്റെ ഭരണഘടനാപരമായ സാധൂകരണം സഭാ പൈതൃകത്തിന്റെ തനിമ സ്ഥിതീകരിക്കുന്നതിന് ഇടയാക്കി. മലങ്കര സഭയുടെ ദേശീയ-സാർവ്വത്രിക സ്വഭാവം ഉയർത്തിപ്പിടിക്കുന്ന 'കാതോലിക്ക' സ്ഥാനവും, തദ്ദേശീയ പൈതൃകഭാവം ഉയർത്തിക്കാട്ടുന്ന 'മലങ്കര മെത്രാപ്പോലീത്താ' സ്ഥാനവും പിൽക്കാലത്ത് ഒരു വ്യക്തിയിൽ ആകത്തക്കവിധം ഭേദഗതി ചെയ്യപ്പെട്ടുവെങ്കിലും ഒന്ന് ഒന്നിൽ ലയിച്ച് ഇല്ലാതെ പോവുകയോ, ഒന്ന് മറ്റൊന്നിനെ തമസ്ക്കരിക്കുന്ന വിധം അവഗണിക്കപ്പെടുകയോ ചെയ്യാനുള്ള സാധ്യത താരതമ്യേന ഇല്ലാതാക്കുന്ന വിധം സൂക്ഷ്മതയോടുകൂടിയാണ് അത് നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. ഭാരതത്തിലെ നൂറു ശതമാനവും തദ്ദേശീയമായ സഭയെന്ന് മലങ്കര സഭയ്ക്ക് അഭിമാനിക്കുന്നതിന് കാരണമായത് ഭരണഘടനയുടെ ഈ സവിശേഷ സ്വഭാവം മൂലമാണ്. ദേശീയ ബോധവും, സ്വതന്ത്ര മലങ്കര സഭയെന്ന ചിന്തയും മലങ്കരയിലെ ദേവാലയങ്ങളുടെ ഭരണപരമായ ഐക്യരൂപത്തിന് വഴിയൊരുക്കി. പ്രാദേശികമായി ചില ഇടവകകളിൽ നിലനിന്നിരുന്ന 'ഉടമ്പടികൾ' 1934-ലെ ഭരണഘടനയോടുകൂടി അസ്ഥിരപ്പെടുകയും, എന്നാൽ ഭരണഘടനയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് സഭയുടെ പൊതുവായ താൽപര്യങ്ങൾക്ക് വിഘ്നം വരാത്ത വിധം അതാതു ഇടവകകൾക്ക് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള സാധ്യതയും 1934-ലെ ഭരണഘടന വ്യക്തമാക്കിയിരിക്കുന്നു.

### ഉപസംഹാരം

പ്രാദേശിക ചരിത്രങ്ങൾക്കും, ആ ഭൂമികയിൽ നിന്നും ഉരുത്തിരിഞ്ഞ നാട്ടു പാരമ്പര്യങ്ങൾക്കും, കീഴ്വഴക്കങ്ങൾക്കും വിഘാതം വരുത്താതെ തന്നെ സഭയുടെ സമഗ്രമായ ഏകീകരണം സാധ്യമാക്കുന്നതിനും, ദേശീയ ബോധത്തിന്റെ ആവശ്യകത അരക്കിട്ടുറപ്പിക്കുന്നതിനും 1934-ലെ ഭരണഘടനയിലൂടെ കഴിഞ്ഞു. 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റിന്, മറ്റെല്ലാ വൈദേശിക അധികാര കേന്ദ്രങ്ങളെയും മായിച്ചു കളയുകയോ, നിർവ്വീര്യമാക്കുകയോ ചെയ്യുന്നവിധം പരമാധികാര കേന്ദ്രമാകുന്നതിന് പിൻബലം നൽകിയത് 1934-ലെ മലങ്കര സഭാ ഭരണഘടനയാണ്. ■



# പരുമല തിരുമേനിയുടെ വേദ ദർശനം

"സമസ്യഷ്ടങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ, അവനത്രെ ഉത്തമനായ ദൈവഭക്തൻ എന്തെന്നാൽ ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്" – പരുമല തിരുമേനി

■ **ഫാ. ഡോ. കെ. എം. ജോർജ്**

പരുമല തിരുമേനി സവിശേഷമായ ഒരു പാരമ്പര്യത്തിന്റെ പ്രതിനിധിയാണ്. പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം എന്ന് പൊതുവായി വിളിക്കാവുന്ന ഒരു ആദ്ധ്യാത്മിക സംസ്കൃതിയുടെ തെളിവാർന്ന രൂപരേഖകൾ അദ്ദേഹത്തിൽ കാണാം. തിരുമേനിയുടെ ദർശനവും ജീവിതശൈലിയും രചനകളും പ്രബോധനങ്ങളും ഈ പുരാതന ക്രൈസ്തവ സമ്പ്രദായത്തിന്റെ നിദർശനങ്ങളാണ്.

അതുകൊണ്ട് 'പരുമല തിരുമേനിയുടെ ദൈവശാസ്ത്രം' എന്നൊന്ന് വേറിട്ട് വ്യക്തിഗതമായി ഇഴതിരിച്ചെടുക്കുക സാധ്യമല്ല. സുവിശേഷവും സന്യാസവും ആരാധനയും ആർദ്ര സ്നേഹവും അനുഷ്ഠാനവും അനുഭവതീവ്രതയും എല്ലാം ചേർന്ന് ഊടും പാവുമിട്ട ഒരു സമഗ്ര സാമ്പ്രദായിക ദർശനമാണത്.

അക്ഷരവിദ്യയിലും തർക്കശാസ്ത്രത്തിലും മാത്രം ഊന്നിയ ഒരു ബൗദ്ധിക വ്യവഹാരമായി ദൈവവിജ്ഞാനീയത്തെ കാണാൻ പൗരസ്ത്യ ക്രിസ്തീയ പാരമ്പര്യം വിസമ്മതിക്കുന്നു. വേദത്തിന്റെ വ്യാഖ്യാനം നമ്മുടെ ജീവിതത്തിലൂടെയാണ് നല്കേണ്ടത്. വചോയുക്തിയും സിദ്ധാന്തഭദ്രതയും നമ്മുടെ സാധാരണ വ്യാഖ്യാനപ്രക്രിയയിൽ അവശ്യമായിരിക്കാം. പക്ഷേ, ജീവിതഭാഷ്യത്തിന്റെ ആകെത്തുകയിലാണ് ദൈവശാസ്ത്രത്തിന്റെ വേരുകളും വിശ്വാസ്യതയും കണ്ടെത്തേണ്ടത്.

ഇങ്ങനെയൊരു സവിശേഷമായ ഭാഷ്യം പരുമല മാർ ഗ്രിഗോറിയോസ് തന്റെ ജീവിതംകൊണ്ട് നമുക്ക് നല്കി എന്നുള്ളതുകൊണ്ടാണ് ഓർത്തഡോക്സ് സഭ ആ ജീവിതഭാഷ്യകാരന് 'വിശുദ്ധ' വിശേഷണം നല്കി ആദരിച്ചത്. ഓർത്തഡോക്സ് ക്രൈസ്തവ ചിന്തയനുസരിച്ച്, ക്രിസ്തുവിലുള്ള വിശ്വാസംമൂലം സംശുദ്ധവും സ്നേഹാർദ്രവുമായ മനുഷ്യജീവിതം നയിച്ച്, ക്രിസ്ത്വനുരൂപികളായിത്തീർന്ന വ്യക്തികളെയാണ് അവരുടെ മരണശേഷം വിശുദ്ധർ എന്ന് നാമകരണം ചെയ്യുന്നത്. തൈജസികമായ ജീവിതത്തിലൂടെ, ഈശ്വരഭാവങ്ങളായ കരുണയും സ്നേഹവും ക്ഷമയും മറ്റ് ആത്മീയ നല്‌വരങ്ങളും മനുഷ്യനന്മയ്ക്കായി അവർ പ്രകടിപ്പിക്കുന്നു. ജീവിച്ചിരുന്നാലും ഭൗതികമായി മരിച്ചാലും അവർ ക്രിസ്തുവിൽ സജീവരായി നിലകൊണ്ട് നിരന്തരം ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. വിശ്വാസികൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അവരുടെ മധ്യസ്ഥപ്രാർത്ഥനയെ വിലയേറിയതായി കരുതുന്നു. ഇവിടെ പരസ്പരമുള്ള പ്രാർത്ഥന ക്രിസ്തുവിലുള്ള അനന്തമായ സ്നേഹത്തിന്റെ പ്രകടനമാണ്. പ്രാർത്ഥനയുടെ പാരസ്പര്യത്തിലൂടെ, വിശുദ്ധരുമായുള്ള സത്സംഗം മൂലം ഈ ലോകത്തിൽ ജീവിക്കുന്നവർ ക്രിസ്തീയ ജീവിതത്തിൽ പരിപോഷിപ്പിക്കപ്പെട്ട് ക്രിസ്തുവിന്റെ സ്വഭാവമുള്ളവരായിത്തീരുന്നു.

ജീവിതവിശുദ്ധി, പ്രാർത്ഥന, മനുഷ്യസ്നേഹം എന്നീ വേരുകളിൽ ഉറച്ചുനില്ക്കുന്ന ഓർത്തഡോക്സ് ആദ്ധ്യാത്മിക പാരമ്പര്യമാണ് പരുമല തിരുമേനിയുടെ ദൈവശാസ്ത്രവീക്ഷണത്തെ രൂപപ്പെടുത്തിയത്. ഈ മൂന്നു കാര്യങ്ങളിലും പാരമ്പര്യത്തിന്റെ പ്രസ്ഫുരണം സവിശേഷമായ സൗകുമാര്യത്തോടെ പരുമല തിരുമേനിയിൽ തെളിയുന്നുണ്ട്. ഇത് ഒരിക്കലും അന്ധമായ പാരമ്പര്യവാദമോ ഗതാനുഗതികത്വമോ അനുഷ്ഠാനജടിലതയോ ആകുന്നില്ല. നറുമണം പരത്തി വിരിഞ്ഞുകൊണ്ടിരിക്കുന്ന പൂവിനെപ്പോലെ, അനുക്ഷണ വികസ്വരമായ ദിവ്യജ്ഞാനത്തിന്റെ സുഗന്ധമാണ് തിരുമേനിയുടെ ജീവിതത്തിലൂടെ നമുക്ക് അനുഭവവേദ്യമാകുന്നത്.

**വിശുദ്ധി**


ക്രിസ്തുവിന്റെ അനുഗാമികൾ എല്ലാവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്. എങ്കിലും ജനഹൃദയങ്ങളിൽ ആത്മീയമുദ്ര പതിപ്പിക്കുന്ന ചില വിശിഷ്ടവ്യക്തികൾ ഉണ്ടാകാറുണ്ട്. അവർ ഔദ്യോഗിക അംഗീകാരം കൂടാതെതന്നെ പുരുഷാന്തരങ്ങൾക്ക് ആത്മജ്യോതിസ്സായി ശോഭിക്കുന്നു. പരുമല തിരുമേനിക്ക് സഭ ഔദ്യോഗികാംഗീകാരം നല്കുന്നതിന് എത്രയോ മുമ്പുതന്നെ ജനങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ വിശുദ്ധിയുടെ മാതൃകാരൂപമായി സ്വീകരിച്ചു കഴിഞ്ഞിരുന്നു.

വ്യക്തികളെ വിശുദ്ധരായി ഔദ്യോഗിക പ്രഖ്യാപനം നടത്തുന്ന രീതി ആദിമ സഭയിൽ ഇല്ലായിരുന്നു. പത്താം നൂറ്റാണ്ടിനുശേഷം പാശ്ചാത്യ സഭയിലുണ്ടായ ഈ രീതി ക്രമേണ ചില പൗരസ്ത്യസഭകളിലേക്ക്

വ്യാപിച്ചു. പുരാതനമായ ആരാധനാക്രമങ്ങളിലും പ്രമാണഗ്രന്ഥങ്ങളിലും 'വിശുദ്ധർ' എന്ന വിശേഷണം പൊതുവെ അഞ്ചു കൂട്ടം ആളുകൾക്ക് നല്കുന്നതായി കാണാം: 1. ക്രിസ്തുവിന്റെ അമ്മയായ വി. കന്യകമറിയം, അപ്പോസ്തോലന്മാർ, വേദപുസ്തക രചയിതാക്കൾ തുടങ്ങിയവർ. 2. ക്രിസ്തുവിലുള്ള വിശ്വാ സത്തെ പ്രതി രക്തസാക്ഷിമരണം പ്രാപിച്ച സ്ത്രീപുരുഷന്മാർ (സഹദേന്മാർ) 3. ക്രിസ്തുവിലുള്ള സത്യവിശ്വാസം പഠിപ്പിക്കുകയും വേദഗ്രന്ഥം പ്രഗല്ഭമായി വ്യാഖ്യാനിക്കുകയും വിശുദ്ധജീവിതം നയിക്കയും ചെയ്ത ഗുരുക്കന്മാരും സഭാപിതാക്കന്മാരും. 4. ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ് സത്യം, നീതി എന്നിവയ്ക്കുവേണ്ടി പരസ്യമായി നിലകൊണ്ടതുമൂലം കഠിനമായി പീഡിപ്പിക്കപ്പെട്ട സ്ത്രീപുരുഷന്മാർ (മൗദ്യോനന്മാർ). 5. ക്രിസ്തുവിന്റെ മാതൃകയിൽ, പ്രാർത്ഥനാപൂരിതവും തപോനിഷ്ഠവും മനുഷ്യസ്നേഹനിർഭരവുമായ ജീവിതംമൂലം ജനങ്ങൾക്ക് പ്രതിസന്ധിഘട്ടങ്ങളിൽ ആശ്വാസവും സൗഖ്യവും ആത്മീയ മാർഗ്ഗദർശനവും നല്കിയ സ്ത്രീപുരുഷന്മാർ.

പരുമല തിരുമേനി ഇവയിൽ മൂന്ന്, അഞ്ച് വിഭാഗങ്ങളിൽപ്പെടുന്നു. അദ്ദേഹം സഭയുടെ മല്പാനും (ഗുരു), ജനങ്ങൾക്ക് സൗഖ്യദായകനും മാർഗ്ഗദർശിയുമായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനമായിരുന്ന പരുമല സെമിനാരി ഒരേസമയം വേദവിദ്യാപീഠവും സന്യാസാശ്രമവുമായിരുന്നു. ഓർത്തഡോക്സ് സഭ അനുശാസിക്കുന്ന വിധം അദ്ദേഹം തപോനിഷ്ഠമായ അനുതാപജീവിതം നയിച്ചു.

പരുമല തിരുമേനിയുടെ ധന്യമായ ജീവിതംമൂലം തനിക്കു ലഭിച്ച ദിവ്യദാനങ്ങൾ രോഗികളുടെ സൗഖ്യത്തിനും കലഹിച്ചിരിക്കുന്നവരുടെ അനുരഞ്ജനത്തിനും പാവങ്ങളുടെയും നിന്ദിതരുടെയും സമാശ്വാസത്തിനുമായി വിനയപൂർവ്വം ഉപയോഗിച്ചു. ക്രിസ്തുവിന്റെ ആർദ്രതയ്ക്കും മനുഷ്യസ്നേഹത്തിനും അദ്ദേഹം വിശിഷ്ടസാക്ഷിയായി. ■




## ഓർമ്മച്ചെപ്പ്

**വിപിൻ കെ. വർഗീസ്**

# കാതോലിക്കേറ്റ് സ്ഥാപന സപ്തതി

### 1982-ൽ നടന്ന മഹാ സമ്മേളനത്തിന്റെ ഓർമ്മ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയം ശീർഷകത്വത്തിന്റേയും സ്വയം ഭരണത്തിന്റേയും പ്രതീകമായ കാതോലിക്കേറ്റിന്റെ ശതാബ്ദിയാണ് 2012. കാതോലിക്കേറ്റ് സപ്തതി ആഘോഷം 1982-ൽ നടന്നു.

1982 സെപ്റ്റംബർ 5 മുതൽ 15 വരെ സപ്തതി ആഘോഷം വിപുലമായി നടന്നു. സപ്തതി ആഘോഷത്തിൽ പങ്കെടുക്കുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന പ്രതിനിധികൾ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസിനൊപ്പം ഡൽഹിയിൽ നിന്ന് 4-ന് ബോംബെ സാന്താക്രൂസ് വിമാനത്താവളത്തിൽ എത്തിയപ്പോൾ ഡോ. തോമസ് മാർ മക്കാറിയോസിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. അന്ന് വൈകിട്ട് നടന്ന അത്താഴവിരുന്നിൽ ജോർജിയൻ കാതോലിക്കാ പ. ഇലിയാ രണ്ടാമൻ ബാവാ ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികളും മെഥഡിസ്റ്റ് ബിഷപ്പ് മിച്ചലും സംബന്ധിച്ചു.

5-ന് ചെമ്പൂർ പള്ളിയിൽ ഡോ. തോമസ് മാർ മക്കാറിയോസ് വി. കുർബാന അർപ്പിച്ചു. കുസ്തന്തീനോപോലീസിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് പ. ദിമിത്രയോസിന്റെ പ്രതിനിധി എമിലിയാനോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മെഥഡിസ്റ്റ് ബിഷപ്പ് മിച്ചൽ അദ്ധ്യക്ഷത വഹിച്ചു. പ. ഇലിയാ ബാവാ ഉദ്ഘാടനം നിർവ്വഹിച്ചു. വത്തിക്കാൻ പ്രതിനിധി ഫാ. ഡുപ്രേ ഉൾപ്പെടെയുള്ള വിദേശ സഭാ പ്രതിനിധികൾ യോഗത്തിൽ സന്നിഹിതരായിരുന്നു.

സപ്തതിയുടെ കേരളതല ഉദ്ഘാടനം 5-ന് എറണാകുളം ടൗൺഹാളിൽ നടത്തി. സമ്മേളനം എമിലിയാനോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. മാർപാപ്പയുടെ പ്രതിനിധി ഫാ. ഡുപ്രെ, ഡോ. പൗലൂസ് മാർ പൗലൂസ്, അഭ്യന്തരമന്ത്രി വയലാർ രവി, മന്ത്രിമാരായ കെ. എം. മാണി, കെ. ജി. ആർ കർത്ത, എൻ. ശ്രീനിവാസൻ എം.എൽ.എ. മാരായ ഉമ്മൻ ചാണ്ടി, എ. എൽ. ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു. മാർപാപ്പയുടെ സന്ദേശം ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് വായിച്ചു. ബിഷപ്പുമാരായ സെറായിധാരിയാൻ (അർമ്മീനിയ), വ്ളാഡിമർ (റഷ്യ), നഥനിയേൽ (എത്യോപ്യ), നെസ്റ്റോർ (റുമേനിയ), ജോസ് വെലിച്കി (ബൾഗേറിയ) ഫാ. വ്ലാമോ അംബ്രോസിയോസ് (ഫിൻലൻഡ്) തുടങ്ങിയവരും പ്രസംഗിച്ചു.

മലങ്കരയുടെ ഒന്നാം കാതോലിക്ക പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ ബാവായുടെ ജന്മസ്ഥലമായ കോലഞ്ചേരിയിൽ സെപ്റ്റംബർ 6-ന് പ. ഇലിയാ രണ്ടാമൻ ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സപ്തതി സമ്മേളനത്തിൽ വിദേശ സഭാപിതാക്കന്മാർ മാരും പങ്കെടുത്തു. തുടർന്ന് 6 മണിക്ക് കോട്ടയത്തെത്തിച്ചേർന്ന സംഘത്തെ മുൻസിപ്പൽ ചെയർമാൻ എം. എം. മാണിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു. കാതോലിക്കേറ്റ് അരമനയുടെ രണ്ടാം നിലയുടെ ഉദ്ഘാടനം പ. ഇലിയാ ബാവാ നിർവ്വഹിച്ചു. ഏഴിന് അഞ്ച് മണിക്ക് കോട്ടയം മുൻസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ മാമ്മൻ മാപ്പിള ഹാളിൽ വച്ച് സ്വീകരണം നൽകി.

എട്ടാം തീയതി നിരണം പള്ളിയിലേക്ക് പ. ബസ്സേലിയോസ് മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായും വിദേശ സഭാദ്ധ്യക്ഷന്മാരും എഴുന്നള്ളി. പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പ. ഇലിയാ ബാവാ ഉൾപ്പെടെയുള്ളവർ പ്രസംഗിച്ചു. ഉച്ചക്ക് വിദേശപ്രതിനിധികൾ പരുമലപള്ളി സന്ദർശിച്ചു.

കൊല്ലം ഭദ്രാസന സമ്മേളനം 9-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ നടത്തി. പ. മാത്യൂസ് പ്രഥമൻ ബാവാ, പ. ഇലിയാ ദ്വിതിയൻ ബാവാ, ഡോ. സഖറിയാ മാർ തെയോഫിലോസ് (മാർത്തോമാ സഭ) നിയുക്ത കാതോലിക്ക മാത്യൂസ് മാർ കൂറിലോസ്, മന്ത്രി ആർ. ബാലകൃഷ്ണപിള്ള, റ്റി. എസ്. ജോൺ എം.എൽ.എ. തുടങ്ങിയവർ പ്രസംഗിച്ചു. തുമ്പമൺ

ഭദ്രാസന സമ്മേളനം 9–ന് പത്തനംതിട്ടയിൽ നടന്നു.

സെപ്റ്റം. 12–ന് ഞായറാഴ്ച കോട്ടയത്ത് സപ്തതിയുടെ മഹാസമ്മേളനം നടന്നു. മാർ ഏലിയാ കത്തീഡ്രലിൽ നിന്നാരംഭിച്ച റാലി നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിൽ എത്തി. സഭാദ്ധ്യക്ഷന്മാരെ ഹംസരഥത്തിൽ എഴുന്നള്ളിച്ചു. പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ സ്വാഗതവും ആശംസിച്ചു. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് വിദേശ സഭാധ്യക്ഷരെ പരിചയപ്പെടുത്തി. ജോർജിയൻ കാതോലിക്കാ പ. ഇലിയാ ദ്വിതിയന് അദ്ധ്യക്ഷത വഹിച്ച സമ്മേളനം ഇൻഡ്യയുടെ രാഷ്ട്രപതി ഡോ. ഗ്യാനി സെയിൽസിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് കേന്ദ്രമന്ത്രി സി. എം. സ്റ്റീഫൻ, കേരളാ മുഖ്യമന്ത്രി കെ. കരുണാകരൻ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. പി. സി. അലക്സാണ്ടർ, ആന്ധ്രാ ഗവർണർ, കെ.സി. ഏബ്രഹാം, മാർപാപ്പയുടെ പ്രതിനിധി സേലം ബിഷപ്പ് മിഖായേൽ ബോസ്കോ ദ്വരെസാമി, എമിലിനായോസ് മെത്രാപ്പോലീത്താ, അലക്സാണ്ടർ മാർത്തോമ മെത്രാപ്പോലീത്താ, മന്ത്രി ആർ ബാലകൃഷ്ണ പിള്ള, ഉമ്മൻചാണ്ടി എം.എൽ.എ., വിദേശ മെത്രാപ്പോലീത്താമാരായ നഥനിയേൽ (എത്യോപ്യ), വ്ളാഡിമർ (റഷ്യ) അഗ്ഗാൻ ബലിയോസിൻ (അർമ്മീനിയ) നെസ്റ്റോർ (റുമേനിയ), ജോസഫ് വെലിച്കി (ബൾഗേറിയ), എം. സി. മാണി (സി.എസ്.ഐ), ഫാ. ഡുപ്രെ (മാർപാപ്പയുടെ പ്രതിനിധി), അബ്രോസിയോസ് (ഫിൻലൻഡ്) തുടങ്ങിയവർ പ്രസംഗിച്ചു. ചടങ്ങിൽ വച്ച് രാഷ്ട്രപതിക്ക് മലങ്കര സഭയുടെ പരമോന്നത ബഹുമതിയായ "ഓർഡർ ഓഫ് സെന്റ് തോമസ് " നൽകി. ജോർജിയൻ ഓർത്തഡോക്സ് സഭയുടെ പരമോന്നത ബഹുമതിയായ ''ഓർഡർ ഓഫ്സെന്റ് ജോർജ്" പ. ഇലിയാ ബാവാ പ. കാതോലിക്കാ ബാവായ്ക്ക് നൽകി. സപ്തതി സമ്മേളനത്തിൽ 70 പേർക്ക് ഭവനം നിർമ്മിച്ചു നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു.

സെപ്റ്റം. 13–ന് കൊല്ലം സെന്റ് തോമസ് കത്തീഡ്രലിൽ നടന്ന സമ്മേളനത്തിൽ എമിലിയാനോസ് നെസ്റ്റോർ, നഥനിയേൽ എന്നീ വിദേശ മെത്രാപ്പോലീത്താമാരും ബിഷപ്പ് ജറോം ഫെർണാണ്ടസും (ലത്തീൻസഭ, കൊല്ലം) പ്രസംഗിച്ചു.

തിരുവനന്തപുരത്ത് 13–ന് നടന്ന സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. എമിലിയാനോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിച്ചു. ബിഷപ്പ് യേശു ദാസൻ (സി.എസ്.ഐ. മോഡറേറ്റർ), ഫിലിപ്പോസ് മാർ ക്രിസോസ്റ്റം (മാർത്തോമ്മാ സഭ) ലോറൻസ് മാർ അപ്രേം (മലങ്കര കത്തോലിക്കാ സഭ), ഗുരു നിത്യ ചൈതന്യയതി, പി. കെ. അബ്ദുള്ള എം.ഇ. എസ്. (പ്രസിഡന്റ്) മന്ത്രിമാരായ റ്റി. എം. ജേക്കബ്, പി. ജെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. 14–ന് മദ്രാസിൽ നടന്ന സമ്മേളനത്തിലും വിദേശ സഭാധ്യക്ഷന്മാർ പങ്കെടുത്തു.

15–ന് ഡൽഹിയിൽ നടന്ന സമ്മേളനത്തിൽ മുഖ്യാതിഥിയായി കേന്ദ്ര രാജ്യരക്ഷാ മന്ത്രി ആർ വെങ്കിട്ടരാമൻ പങ്കെടുത്തു. വിവിധ മതങ്ങളെ പ്രതിനിധീകരിച്ച് ഡോ. കരം സിംഗ് (ഹിന്ദു) ഡോ. ഗോപാൽ സിംഗ് (സിക്ക്) ഡ്യുബോടുൽക്കേ (ബുദ്ധമതം ദലൈലാമയുടെ പ്രതിനിധി, കേന്ദ്ര വിദേശകാര്യ സഹമന്ത്രി എ.എ. റഹിം, വിദേശ സഭാധ്യക്ഷർ തുടങ്ങിയവർ പ്രസംഗിച്ചു.

കാതോലിക്കേറ്റ് സപ്തതി ദിവസം നീണ്ടു നിന്നു. മലങ്കരസഭ മാസികയുടെ പ്രത്യേക പതിപ്പ് സപ്തതിയുടെ സമ്പൂർണ്ണ വിവരങ്ങൾ പങ്കിട്ടു. ഒൻപതിലധികം സഭകളിലെ വിദേശ പ്രതിനിധികളും സപ്തതിയിൽ പങ്കെടുത്തു.

(മലങ്കരസഭാ മാസിക പ്രസിദ്ധീകരിച്ച സപ്തതി സുവനീറിൽ നിന്നും) ■

പ്രഭാഷണം

# സഭ

## സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനക്കല്ല്




"നമ്മുടെ അനുഗ്രഹിക്കപ്പെട്ട മക്കളെ, ഇന്ന് ഇവിടെ നടന്നിട്ടുള്ളതായ കർമ്മം എത്രയും മഹത്തരമായ ഒരു ദിവ്യശുശ്രൂഷയാകുന്നു. നിങ്ങളുടെ പിതാക്കന്മാകാണുന്നതിന് ആഗ്രഹിച്ചിരുന്നിട്ട് കാണാതിരുന്നതായ ഒരു സംഭവമാണ് ഇന്നു നടന്നിട്ടുള്ളത്."

മലങ്കരയുള്ള നമ്മുടെ സഭ നമ്മുടെ കർത്താവേശുമിശിഹായുടെ പന്ത്രണ്ട് അപ്പോസ്തോലന്മാരിൽ ഒരാളായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണ്. ഇവിടെ എല്ലാക്കാലത്തും അപ്പോസ്തോലിക കൈവെപ്പ് എന്നേക്കും നിലനിൽക്കത്തക്കവിധത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനു ദൈവം സംഗതിയാക്കിയിരിക്കുന്നു. 'മെത്രാൻ സ്ഥാനം സ്വീകരിക്കുന്നതിനായി തുർക്കി രാജ്യം വരെ ഇവിടെ നിന്ന് ഇനിമേലിൽ ആളുകൾ പോകേണ്ട ആവശ്യമില്ല. ഇപ്പോൾ

അഭിഷേകം ചെയ്യപ്പെട്ടിരുന്ന കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ കിഴക്കിന്റെ കാതോലിക്കായായി പൂർവകാലത്ത് സെലൂക്യയിൽ ഭരിച്ചുവന്ന മാർ ബസേലിയോസ് എന്ന പേരോടു കൂടി വാഴിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹം ദീർഘായുസ്സോടിരിക്കട്ടെ ഇദ്ദേഹത്തെക്കുറിച്ചു. നിങ്ങൾക്കും നിങ്ങളോടു ഇദ്ദേഹത്തിനും ഹൃദയപൂർവ്വമായ സ്നേഹവും ഇദ്ദേഹത്തിന്റെ ഭരണം മൂലം മലങ്കരസഭയ്ക്ക് പൂർവാധികം ശ്രേയസ്സുമുണ്ടാകുമാറാകട്ടെ.

കാതോലിക്കായിലേക്ക് വേണ്ടുംവണ്ണമുള്ള സർവ ബഹുമാനങ്ങളും ഇദ്ദേഹത്തോടു നിങ്ങൾ കാണിക്കണം. ഇദ്ദേഹത്തെ അനുസരിക്കുകും ഭക്തി പുരസ്സരം നിങ്ങൾ സ്മരിക്കുകയും ഇദ്ദേഹത്തിൽ നിന്ന് അപ്പോസ്തോലിക അനുഗ്രഹങ്ങൾ പ്രാപിക്കുകയും വേണം. ഇദ്ദേഹത്തിന്റെ കാലശേഷം ഇവിടെയുള്ള മെത്രാപ്പോലീത്തന്മാർക്ക് തന്നെ യോജിച്ച് ഒരു കാതോലിക്കായെ അഭിഷേകം ചെയ്യുന്നതിന് അധികാരമുള്ളതാണ്. മലങ്കരസഭ എന്നേയ്ക്കും സ്വതന്ത്രമായി നിലനിൽക്കുന്നതിനു ഇപ്പോൾ ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്ക സിംഹാസനം സഹായിക്കട്ടെ.

'ഇതു നിങ്ങളുടെ സഭയുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനക്കല്ലാകുന്നു. ഇങ്ങനെ നിങ്ങൾക്കു കാതോലിക്കാ സിംഹാസനം സ്ഥാപിച്ചുതരുന്നതിനു നമ്മേ പ്രേരിപ്പിച്ചതായ കാരണം എന്തെന്ന് പറയാം. തുർക്കി രാജ്യത്തിന്ന് ഇത്രേടം വരെ. വന്നെത്തുന്നതിന് എത്രമാത്രം പ്രയാസവും ആപൽക്കരവും ആണെന്നുള്ളതാണ് ഇത്രമാത്രം കാഴ്ചപ്പാടുകൾ എക്കാലത്തും മലങ്കരസഭാംഗങ്ങൾ അനുഭവിക്കണമെന്ന് ശഠിക്കുന്നത് അക്രമവും അക്രൈസ്തവുമാകുന്നു.

'പാത്രിയർക്കീസിന്റെ അധികാരങ്ങളെല്ലാം കാതോലിക്കായിക്കുമുണ്ട്. മെത്രാപ്പോലീത്തന്മാരെ വാഴിക്കുക മുതലായ സർവവും കാതോലിക്കാമാരെക്കൊണ്ടു നിങ്ങൾക്കു സാധിപ്പിക്കാവുന്നതാണ്. കാതോലിക്കായെ നിങ്ങൾ എല്ലാ വിധത്തിലും ബഹുമാനിക്കുകും ആദരിക്കുകയും വേണം?

പ്രസംഗം കഴിഞ്ഞ് കുർബാനയുടെ ബാക്കി "ശുശ്രൂഷ"കളും തീർക്കുകയും അവസാനത്തിൽ വൈദികന്മാർ എല്ലാവരും കൂടി 'കാതോലിക്കാ ബാവാ' അവർകളെ കസേരയിൽ ഇരുത്തി എടുത്തുകൊണ്ടു കുരിശ്, കുട, മുതലായ പല അലങ്കാരങ്ങളോടും ആഡംബരങ്ങളോടും വൈദികന്മാരെല്ലാം കത്തിച്ചു മെഴുകുതിരികളെ പിടിച്ചുകൊണ്ടും സന്തോഷ സൂചകമായ കുരുത്തോല ധരിച്ച അനേകായിരമാളുകളുടെ അകമ്പടിയോടും ആഹ്ലാദ സൂചകമായ ആർപ്പുവിളിയോടും ഇടയ്ക്കിടയുണ്ടായ ചീയേഴ്സ് വിളികളോടും കൂടി പള്ളിക്കു പ്രദക്ഷിണം കഴിക്കുകയുണ്ടായി.

ഇതുകഴിഞ്ഞശേഷം എല്ലാവരും കൂടി പാത്രിയർക്കീസുബാവാ അവർകളെയും കാതോലിക്കാ ബാവാ അവർകളെയും അവരവരുടെ മുറികളിൽ അകമ്പടിയോടുകൂടി കൊണ്ട് ചെന്നാക്കുകും അവരുടെ ആശിർവാദങ്ങൾ സ്വീകരിച്ചുകൊണ്ട് വിശ്രമത്തിനായി പിരിക്കുകയും ചെയ്തു. ഏകദേശം മൂന്ന് മണിയോടുകൂടി വീണ്ടും പള്ളിയിൽ മണിയടിക്കുകയും എല്ലാവരും പള്ളിയകത്ത് കൂടുകയും ദിവശ്രീ. പൂവത്തൂർ യാക്കോബു കത്തനാർ അവർകൾ, മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതവും ചരിത്രപ്രസിദ്ധവുമായ നിരണത്തു പള്ളിയിൽ വച്ച് അന്നു. നടന്നിരിക്കുന്ന ഏറ്റവും മഹത്വവും ഉന്നതവുമായ സ്ഥാനമഹാത്മ്യ ലബ്ധിയെപ്പറ്റി നാം എല്ലാവരും ദൈവത്തെ പ്രത്യേകം സ്തുതിക്കേണ്ടതാണെന്നും ഇതു മറ്റൊരു പള്ളിയിലും വെച്ചു നടക്കാതെ നിരണത്തു വച്ചു നടന്നതിൽ ഏതോ ദൈവികമായ മഹത്വവും മഹസ്യവുമുണ്ടെന്നും മറ്റും വിവരിച്ച് ഒരും പ്രസംഗം ചെയ്യുകയും ഇതിനെ തുടർന്ന് ദിവന്ന്യാസ്യോസ് സിമ്മനാരി പ്രിൻസിപ്പാൾ ഫാ. പി. ടി. ഗീവർഗ്ഗീസ് എം. എ. (റോമാസഭയിൽ ചേർന്ന മാർ ഈവാനിയോസ്) അവർകൾ കാതോലിക്കാ സ്ഥാനത്തെയും അതിന്റെ ചരിത്ര പ്രസിദ്ധമായ ഖ്യാതിയേയും സ്ഥാനവലിപ്പത്തെയും മറ്റും പറ്റി ചരിത്ര സാക്ഷ്യങ്ങളോടുകൂടി വേറൊരു പ്രസംഗം ചെയ്യുകയും ചെയ്ത് ഏകദേ നാലു മണിയോടുകൂടി എല്ലാവരും പിരിഞ്ഞു.

ഇങ്ങനെ മലങ്കര സഭയിലെന്നു തന്നെയല്ല, ഇന്ത്യയിൽ മറ്റെങ്ങും തന്നെ ഇതുവരെ നടന്നിട്ടില്ലാത്തതും സുറിയാനി സഭ ചരിത്രത്തിൽ തങ്കശിലാരേഖപോലെ ഒരിക്കലും മായാതെ എപ്പോഴും തിളങ്ങിക്കൊണ്ടിരിക്കുന്നതുമായ കാതോലിക്ക സ്ഥാനാഭിഷേക കർമ്മം സർവിജയകരമായും മംഗളകരമായും പരിണമിച്ച് എന്നു സന്തോഷം പറയേണ്ടിയിരിക്കുന്നു.

*കടപ്പാട്, മലങ്കരസഭ, കാതോലിക്കേറ്റ് സപ്തതി സുവനിർ 1982*

**ഫാ. ഉമ്മൻ മട്ടയ്ക്കൽ, നിരണം**

■

# ഭാരതീയം

## മാർത്തോമ്മൻ പൈതൃക സ്മൃതി യാത്ര

**തിരുവിതാംകോട്:–** മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് ശതാബ്ദി മഹാസംഗമത്തോടനുബന്ധിച്ചു ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര തിരുവിതാംകോട് അരപ്പള്ളിയിൽ നിന്ന് ആരംഭിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ അധ്യക്ഷതയിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം നിർവഹിച്ചു.

മലങ്കര സഭയ്ക്കു തങ്കലിപികളിൽ എഴുതപ്പെടാവുന്ന ഒരു വർഷമാണു 2012 എന്നും സഭയുടെ അസ്തിത്വവും യശ്ശസും വീണ്ടെടുക്കത്തക്ക സുദിനമാണിതെന്നും കാതോലിക്കാ ബാവ പറഞ്ഞു.

ജാഥ ക്യാപ്റ്റൻ കൂടിയായ അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫിനു കാതോലിക്കാ ബാവ പതാക കൈമാറി. യാത്ര 28-നു നിരണം പള്ളിയിൽ സമാപിച്ചു.

മാർത്തോമ്മൻ പൈതൃകവും, കാതോലിക്കേറ്റിന്റെ യശസ്സും പ്രസക്തിയും പ. സഭയുടെ തനതായ പൗരാണികതയും പ്രൗഢ പാരമ്പര്യങ്ങളും വിളിച്ചോതുമാറ് 3 വർണ്ണോജ്വല വിളംബര സ്മൃതി യാത്രകൾ ക്രമീകരിക്കുന്നുണ്ട്. തിരുവിതാംകോട് അര പള്ളിയിൽ നിന്നും ആരംഭിച്ച് നിരണം വലിയപള്ളിയിൽ സമാപിക്കുന്ന ഒന്നാമത് സ്മൃതിയാത്രയ്ക്ക് അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫും, കേരളത്തിന്റെ വടക്കേ അറ്റത്ത് നിന്നും ആരംഭിച്ച് പഴയ സെമിനാരിയിൽ സമാപിക്കുന്ന സ്മൃതി യാത്രയ്ക്ക് വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ടും, മൈലാപ്പൂരിൽ നിന്നും ആരംഭിച്ച് മംഗലാപുരത്ത് അവസാനിക്കുന്ന സ്മൃതി യാത്രയ്ക്ക് അത്മായ ട്രസ്റ്റി എം.ജി. ജോർജ്ജ് മുത്തൂറ്റും നേതൃത്വം നൽകും. ഫാ. ഡോ. എം.ഒ. ജോൺ സ്മൃതിയാത്രയുടെ കൺവീനറാണ്.

# ശതാബ്ദി ആഘോഷം

**ഭാ**രതത്തിന്റെ അപ്പോസ്താലനും കാവൽ പിതാവുമായ പ. മാർത്തോമ്മാ ശ്ലീഹായാൽ AD-52- ൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ലോക ക്രൈസ്തവ സമൂഹത്തിൽ വളരെ അതുല്യമായ പാരമ്പര്യങ്ങളും പൗരാണികതയും, അതിമനോഹരവും സ്വർഗ്ഗീയമായ ആരാധനാ ക്രമങ്ങളും ഉള്ള സഭയാണ്.

■ **ജോസ് കുര്യൻ പുളിയെരിൽ**
*(സെക്രട്ടറി ആഘോഷ കമ്മറ്റി)*

ആഗോള സഭയെന്ന് അഭിമാനിക്കുവാൻ തക്കവണ്ണം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലങ്കര സഭാ സാന്നിധ്യം വിളിച്ചോതി ഇടവകകളും ദേവാലയങ്ങളും ഉയർന്ന് കൊണ്ടിരിക്കുന്നു. ഇന്ന് പ. സഭയുടെ അനുദിന വളർച്ച സത്യത്തിൽ ബാഹ്യ കേരളത്തിലും ബാഹ്യഭാരതത്തിലുമാണ്. മലങ്കര സഭയിൽ കാതോലിക്കേറ്റ് സ്ഥാപനം നടന്നതോടെ ലോകത്തിലെ ഇതര സഭകളുമായി ഉറ്റ സമ്പർക്കവും സാഹോദര്യവും വച്ച് പുലർത്തുവാൻ കഴിയുന്നു. ലോക ക്രൈസ്തവ സമിതി (WCC)യുടെ സ്ഥാപക അംഗസഭകളിൽ ഒന്നാണ് മലങ്കര ഓർത്തഡോക്സ് സഭ. 1935 ൽ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി എഡിൻബറോ സമ്മേളനത്തിൽ പങ്കെടുത്തത് മുഖാന്തിരം പ. സഭ ആർജ്ജിച്ച യശസ്സും പ്രശസ്തിയും അംഗീകാരവും വളരെയേറെയാണ്.

പ. സഭയുടെ ആദ്യകാലഘട്ടങ്ങളിൽ അപ്പോസ്തോലിക കൈവയ്പ് അഭംഗുരം തുടരുവാൻ പല വിദേശ സഭകളെയും ആശ്രയിച്ചിട്ടുണ്ട് പിൽക്കാലത്ത് ഭാരതത്തിലെയ്ക്കു കടന്ന് വന്ന വിദേശ രാജ്യങ്ങൾ അവരുടെ സ്ഥാനമാനങ്ങൾ ഉറപ്പിച്ചതു പോലെ തന്നെ ഈ പൗരാണിക സഭയിന്മേലും ആധിപത്യവും അധികാരവും സ്ഥാപിക്കാനാണ് ശ്രമിച്ചത്. എന്ന സത്യം ആർക്കും തന്നെ നിഷേധിക്കാൻ പറ്റാത്ത സംഗതിയാണ്. എല്ലാ വിദേശ സഭകളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സഹായ വാഗ്ദാനങ്ങൾ നൽകി നമ്മുടെ പൂർവ്വികരെ മോഹിപ്പിച്ചാണ് പ. സഭയുടെ മേൽ ആധിപത്യം സ്ഥാപിച്ച് വന്നിരുന്നത്.

സഭയുടെ പ്രാരംഭം മുതൽ കാലാകാലങ്ങളിലായി സഭയെ മേയിച്ച് ഭരിച്ച പിതാക്കന്മാരെ ജാതിക്ക് തലവൻ അർക്ക്ദയാക്കോൻ മലങ്കര മെത്രാപ്പോലിത്ത എന്നീ സ്ഥാന നാമങ്ങൾ നൽകി ആദരിക്കുന്നതിലും മുൻതലമുറകൾ സന്തോഷം കണ്ടെത്തി. ആദി മുതലെ സുസജ്ജമായ ഒരു കാതോലി ക്കേറ്റിന്റെ അടയാളങ്ങളും രൂപങ്ങളും ദൃശ്യമായും അദൃശ്യമായും നില നിന്നിരുന്നുവെന്നതാണ് സത്യം. അനേക വിശുദ്ധ പിതാക്കന്മാരുടെ ദീർഘ വീക്ഷണത്തിൽ മലങ്കര സഭയിൽ ഒരു കാതോലിക്കേറ്റ് ഉണ്ടായിരിക്കെണമെന്ന നിർബന്ധ പൂർവ്വമായ ആഗ്രഹവും അഭിലാഷവും ഫലപ്രദമായത് 1912 സെപ്റ്റംബർ 15ന് കാതോലിക്കെറ്റ് മലങ്കരയിൽ സ്ഥാപിതമായതോടെയാണ്.

മലങ്കരയിൽ നിന്നുള്ള പ്രഥമ കാതോലിക്കായായി വാഴിക്കപ്പെട്ട മുറിമറ്റത്തിൽ പൗലൂസ് മാർ ഈവാനിയോസ് മെത്രാപ്പോലിത്ത അന്നു മുതൽ അറിയപ്പെട്ടത് പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ അധിപതിയായ കിഴക്കിന്റെ കാതോലിക്കാ എന്ന സ്ഥാനനാമത്തി ലാണ്. ഇതോടെ മലങ്കര സഭാ ചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം തന്നെ ഉറയ്ക്കുകയായിരുന്നു. മലങ്കര സഭയുടെ ആത്മീകവും ലൗകീകവുമായ വളർച്ചയും ഉയർച്ചയും അത്യുന്നത നിലവാരത്തിലായി. മലങ്കര സഭയ്ക്ക് സ്വന്ത മായി സഭാ തലവനെ തിരെഞ്ഞെടുത്ത് സ്ഥാനാരോഹണം ചെയ്യിക്കാനാവുമെന്നും ആവശ്യമുള്ളപ്പോഴൊക്കെ മലങ്കരയിൽ എവിടെ വച്ചായാലും മെത്രാന്മാരെ വാഴിക്കുവാനും, വി. മൂറോൻ കൂദാശ നടത്തുവാനുമുള്ള സ്ഥിതി സംജാത മായി.

കാതോലിക്കെറ്റ് സ്ഥാപനശതാബ്ദി ആഘോഷത്തിന്റെയും പ. സഭയുടെ 1960–ാം മത് വാർഷികത്തി ന്റെയും സംയുക്ത ആഘോഷങ്ങളുടെ പ്രാധാന്യവും പ്രസക്തിയും. ഏതൊരു സഭാംഗത്തിനും പ. സഭയോടുള്ള കൂറും വിധേയത്വവും ഉറക്കെ പ്രഖ്യപി ക്കുവാനും. ദൈവത്തിന് നന്ദിയും സ്തോത്രവും കരേറ്റുവാനുമുള്ള സുവർണ്ണാവസ്സരമാണിത്.

* * *

2012 നവംബർ 25 ഞായറാഴ്ച 3 മണിക്ക് എറണാകുളം മറൈൻ ഡ്രൈവിലെ മാർ ബസ്സേലി യോസ് മാർത്തോമ്മാ നഗറിൽ പ. കാതോലിക്ക ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മഹാ സമ്മേളനം മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം ഉത്ഘാ ടനം ചെയ്യും.

യോഗത്തിൽ ദലൈലാമാ മുഖ്യ പ്രഭാഷണം നടത്തും, ഇതരസഭാ പ്രതിനിധികളും കേന്ദ്ര – സംസ്ഥാന മന്ത്രിമാരും പ്രസംഗിക്കും ശതാബ്ദി സ്മാരക പ്രോജക്ടിന്റെ ഉത്ഘാടനം മഹാ സംമ്മേളനത്തിൽ വച്ച് നടത്തും. ഒരു സോവനീറും, ചരിത്രത്തിന്റെ ഏടുകളായ ചിത്ര സമാഹാരവും പ്രകാശനം ചെയ്യും. ■

**ST. MARY'S EMBROIDERY**
**Palace Road, Changanacherry-686101, Kerala**
Prop: SAJU CHACKO
✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.
വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.
ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

ഫാ. ഡോ. ജോസഫ് ചീരൻ

# കാതോലിക്കേറ്റ്: കർമ്മ പദ്ധതികൾ

**കാ**തോലിക്കേറ്റിന്റെ ചരിത്രസാധുത അഭിമാനപൂർവ്വം അവകാശപ്പെടുന്നതോടൊപ്പം വർത്തമാനകാലത്തിൽ നിർവ്വഹിക്കാനുള്ള ചില ചുമതലകളുണ്ട്.

1. 18-ാം നൂറ്റാണ്ട് മുതൽ വിവിധ കാരണങ്ങളാൽ മാതൃസഭാഗാത്രത്തിൽ നിന്ന് പിരിഞ്ഞുപോയ ചില സഭാവിഭാഗങ്ങൾ കേരളത്തിലുണ്ട്. ഈ വിഭാഗങ്ങളുമായി അർത്ഥവത്തായ സംവാദങ്ങൾ നടത്തുകയും സാധ്യമായ അനുരഞ്ജനശ്രമങ്ങൾക്ക് മുന്നോട്ട് വരികയും ചെയ്യേണ്ടത് കാതോലിക്കേറ്റിന്റെ പ്രഥമ കർത്തവ്യമാണ്. ഈ എക്യുമെനിസത്തിന്റെ യുഗത്തിൽ പരിപാവനമായ ഈ കർത്തവ്യത്തോട് മുഖം തിരിഞ്ഞിരിക്കുന്നത് അഭികാമ്യമല്ല.

2. അലക്സാണ്ട്രിയ സഭ, പേർഷ്യൻ സഭ, കത്തോലിക്കാ സഭ, അന്ത്യോഖ്യൻ സഭ എന്നിവയുടെ സംസർഗ്ഗത്തിന്റെ അനിവാര്യഫലമായി നമ്മുടെ ആരാധനകൾക്ക് വന്നുചേർന്ന കാലുഷ്യങ്ങൾ മാറ്റിയെടുത്ത് ആവശ്യമെങ്കിൽ അനിവാര്യമായ സ്വാധീനങ്ങളെ സ്വാംശീകരിച്ചും അല്ലാത്തവ നീക്കം ചെയ്തും ആധികാരികമായ ആരാധനാക്രമങ്ങൾക്ക് രൂപം നൽകണം. കാലികമായ വിഷയങ്ങൾ ഉൾപ്പെടുത്തി ആധുനിക മനുഷ്യന്റെ ആവശ്യങ്ങൾ പരിഗണിച്ചും ഭാഷാപരമായ മേന്മ ഉറപ്പ് വരുത്തിയും, ദൈവശാസ്ത്രപരമായ സമീപനങ്ങളെ അപ്രധാനമാക്കാതെയും അവ തയ്യാറാക്കുവാൻ യോഗ്യരായ ആളുകളെ അതത് മേഖലകളിൽ നിന്ന് കണ്ടെത്തി നിയോഗിക്കുവാൻ കാതോലിക്കേറ്റ് മുൻകൈ എടുക്കണം

3. അർക്കദിയാക്കോന്മാരുടെ കാലത്ത് ഓരോ ഇടവകയും വലിയ ഒരളവിൽ ഭരണപരമായി സ്വതന്ത്രമായിരുന്നു. 1809 ൽ കണ്ടനാട് പടിയോലയും 1934 ലെ സഭാഭരണഘടനയും ഇടവകകളുടെ സ്വയംപര്യാപ്തതയുടെ വിസ്തൃതി ചുരുക്കിയിട്ടുണ്ട്. 1912 ൽ കാതോലിക്കേറ്റ് സ്ഥാപിതമാകുമ്പോൾ മലങ്കരസഭയിൽ 6 മെത്രാസനങ്ങളും 4 മെത്രാന്മാരുമാണ് ഉണ്ടായിരുന്നത്. ഇന്നിപ്പോൾ ഭദ്രാസനങ്ങളുടെ എണ്ണം 33 ആയി. ഈ വർത്തമാനകാല യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് ഭരണപരിഷ്കാരങ്ങൾ കൊണ്ട് നമ്മുടെ ഭരണഘടനയെ കാലോചിതമാക്കണം. ആവശ്യമായ വികേന്ദ്രീകരണം കൊണ്ടും പ്രാദേശിക സംതുലനം ലക്ഷ്യം വച്ചും സഭയുടെ ഭരണതലത്തെ സംശുദ്ധവും കാര്യക്ഷമവും ഔചിത്യപൂർണവും ആക്കാൻ കാതോലിക്കേറ്റ് മുൻകൈ എടുക്കണം.

4. സാംസ്കാരിക രംഗത്ത് മലങ്കരസഭയുടെ ഇന്നത്തെ പ്രസക്തിഏറെക്കുറെ ശൂന്യപ്രായമാണ്. കല, സാഹിത്യം, വാർത്താമാധ്യമങ്ങൾ, രാഷ്ട്രീയം തുടങ്ങിയ കർമ്മമേഖലകളിൽ സഭയുടെ മേൽവിലാസമുള്ള പ്രതിനിധികൾ വളർന്നുവരുവാനുള്ള സാഹചര്യം ഉണ്ടാക്കണം. രൂപപ്പെടുവാൻ ഇരിക്കുന്ന ഭാവിസംസ്കാരത്തെ പ്രവചിക്കുന്ന ഒരു നേതൃത്വനിരയെ സജ്ജമാക്കണം. ഓരോ പ്രദേശത്തും സംജാതമാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കാനുമുള്ള മാർഗ്ഗനിർദ്ദേശകത്വശേഷി വളർത്തി എടുക്കും വിധം ഇടവകകൾക്ക് പ്രചോദനം നൽകുവാൻ കാതോലിക്കേറ്റ് മുൻകൈ എടുക്കണം.

5. സമൂഹത്തിന് ഭീഷണിയായ അഴിമതിയുടെ കിരാതവാഴ്ചകളെ തടഞ്ഞുനിർത്തുവാനുള്ള സംശുദ്ധമായ ഊർജ്ജപ്രവാഹം സഭയിൽ നിന്ന് പുറപ്പെടണം.മുകൾതൊട്ട് അടിവരെ പ്രവാചകോചിതമായ നീതിബോധം സഭയിൽ ഉണ്ടാകുമാറ് കാതോലിക്കേറ്റ് സർവതലസ്പർശിയായ പരിവർത്തനങ്ങൾക്ക് തുടക്കം കുറിക്കണം. ക്രിസ്തുവിനെ സമകാലീനനാക്കുന്ന പ്രക്രിയയിലേക്ക് സഭയെ ഉണർത്തുവാൻ അത്യാവശ്യമായ ഭാവനാപൂർണമായ ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കുവാൻ കാതോലിക്കേറ്റ് ധീരമായ നേതൃത്വം നൽകണം. ■

## IOMF Mercy Home പദ്ധതിയുടെ ആദ്യതവണ വിതരണം ചെയ്തു

കോട്ടയം: മാർ ഏലിയാ കത്തീഡ്രലിൽ ഒക്ടോ. 6-ന് നടത്തിയ ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനത്തിൽ കുവൈത്ത് മഹാ ഇടവകയിലെ, ഇൻഡ്യൻ ഓർത്തഡോക്സ് മേഴ്സി ഫെലോഷിപ്പിന്റേയും (IOMF) വിദ്യാർത്ഥിപ്രസ്ഥാനത്തിന്റേയും അഭിമുഖ്യത്തിൽ Mercy Home പദ്ധതി 40 ത് പേർക്ക് 50000 രൂപ വീതം വിതരണം ചെയ്തു. ഭവനം ഒന്നിന് രണ്ട് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഓരോ ഭവനത്തിനും 1.5 ലക്ഷം രൂപ സംഭാവന നൽകുന്നത് കുവൈറ്റ് മഹാ ഇടവകയിലെ IOMF സംഘടനയാണ്.

### വിദ്യാർത്ഥി സമ്മേളനം

കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് നടന്ന വിദ്യാർത്ഥി സമ്മേളനത്തിൽ മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് 1500-ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്തു. സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ സമ്മേളനത്തിന് നേതൃത്വം നൽകി.

### പ്രതിഭാ സമ്മേളനം

എം.ജി.ഒ.സി.എസ്.എം. കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് നടത്തിയ മലങ്കരസഭാ പ്രതിഭാ സംഗമത്തിൽ, സമൂഹത്തന്റെ വിവിധ മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട നാല്പത്തിരണ്ട് പേരെ ആദരിച്ചു.

പ്രസ്ഥാനം പ്രസിഡന്റ് ഗീവർഗീസ് മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മലങ്കരസഭയിൽ അസോസിയേഷൻ സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ച എറികാട് ഇ.ജെ. ജോസഫിനെ (ബേബിച്ചായൻ) പ്രത്യേകം ആദരിച്ചു.

കേരള അക്കൗണ്ട്സ് ജനറൽ ബിജു ജേക്കബ് മുഖ്യസന്ദേശം നല്കി.

### മെറിറ്റ് അവാർഡ്

എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ ലഭിച്ചവർക്കും യൂണിവേഴ്സിറ്റി തലത്തിൽ റാങ്ക് ലഭിച്ചവർക്കും മെറിറ്റ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. 100 വിദ്യാർത്ഥികൾ പങ്കെടുത്ത ക്വയർ സമ്മേളനത്തിനു മികവു പകർന്നു. ■

## ശതാബ്ദിക്കാഴ്ച

**പ്രിൻസ് എബ്രഹാം കുമ്പുക്കാട്ട്**

105-ാം വയസ്സിലും, ഭാരതസഭയുടെ കാതോലിക്കേറ്റിന്റെ ഉത്ഭവവും വളർച്ചയും ഇന്നുവരെ കണ്ടറിഞ്ഞ ജ്ഞാന തേജസ്സ് ദൈവസ്നേഹത്തിനു മുൻപിൽ വാചാലനാകുന്നു... കാതോലിക്കേറ്റ് സ്ഥാപനം സ്വാതന്ത്ര്യത്തിലേക്കും വലിയ ഉത്തരവാദിത്ത്വത്തിലേക്കും സഭയെ നയിച്ചുവെന്നതിൽ അച്ചന് ഉത്തമ ബോധ്യം ഉണ്ട്... ഈ സത്യം നമ്മെ വരും കാലങ്ങളിൽ കൂടുതൽ പ്രകാശപൂരിതമാക്കട്ടെ....



# ജ്ഞാനശിഖാമണി ശാസ്ത്രി അച്ചൻ

## 105-ന്റെ നിറവിൽ

**സ്വ**ർഗ്ഗീയ പറുദീസയിൽ എത്തണമെങ്കിൽ ഞാൻ കുറെക്കൂടി നന്നാവാനുണ്ട്. അതിനാൽ ജീവിതം നന്നാക്കുവാനായട്ടാണ് 105-ാം വയസ്സിലും ദൈവം എന്നെ ഭൂമിയിൽ ആക്കിയിരിക്കുന്നത്....

**കാ**തോലിക്കേറ്റ് ശതാബ്ദിയിൽ ഒരു നൂറ്റാണ്ടിലധികം വൈദിക ശുശ്രൂഷ നിർവ്വഹിക്കുന്ന 105 വയസ്സെത്തിയ പത്തനംതിട്ടയ്ക്കു സമീപമുള്ള കുമ്പഴയിൽ താമസിക്കുന്ന ശാസ്ത്രിയച്ചന്റെ വാക്കുകൾ ദൃഢതരമാകുന്നു.

ആയുസ്സിന്റെ പുസ്തകം തുറക്കുവാനും സഭാ ശുശ്രൂഷകളുടെ ഓർമ്മച്ചെപ്പ് പങ്കിടുവാനും പ്രത്യേകം ഉത്സാഹം കാട്ടി.

■ ■

**റ**ബ്ബർ തോട്ടത്തിന്റെ നടുവിലൂടെ സഞ്ചരിച്ച് ജ്ഞാനശിഖാമണി ശാസ്ത്രി അച്ചന്റെ ഭവനത്തിൽ എത്തുമ്പോൾ പ്രായാധിക്യം മൂലം അച്ചന്റെ അവസ്ഥയിൽ ആശങ്കയുണ്ടായിരുന്നു. കതകു തുറന്ന് സ്വീകരണമുറിയിൽ പ്രവേശിച്ചപ്പോൾ ചിരിക്കുന്ന മുഖത്തോടെ സ്വീകരിച്ച അച്ചനെ കണ്ടപ്പോൾ ഹൃദയംനിറഞ്ഞു.

പ്രായം നൂറ്റി അഞ്ചിന്റെ നിറവിലായ വന്ദ്യ പുരോഹിതന്റെ മുഖത്ത് പ്രായാധിക്യത്തിന്റെ ക്ഷീണം ഒന്നുമില്ലായിരുന്നു. കാലം ചുളിവുകൾ തീർത്ത ശരീരത്തിൽ വെൺമയുള്ള കമ്മീസ് പ്രകാശം പരത്തി.

105 വർഷത്തിന് മുമ്പ് 1085 കുംഭം 27-നു വ്യാഴാഴ്ച ഒൻപതിനു നാഴിക പുലർന്ന അവിട്ടം നാളിൽ പത്തനംതിട്ട ജില്ലയിൽ കിഴക്കുപുറം എന്ന ഗ്രാമത്തിൽ ശങ്കരത്തിൽ പീലിപ്പോസ് യോഹന്നാൻ ആച്ചിയമ്മ ദമ്പതികളുടെ ഒൻപതു മക്കളിൽ മൂന്നാമനായി ജനിച്ചു. അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ പ്രജ ആൺകുട്ടിയാണെന്ന് പിതാവ് മനസ്സിലാക്കുകയും പൈതലിനു ജ്ഞാനശിഖാമണി എന്ന് പേരിടുകയും ചെയ്തു.

ഗ്രാമത്തിൽ വിദ്യാഭ്യാസ സൗകര്യം കുറവായിരുന്നു. അതിനാൽ നാലാം ക്ലാസ്സ് വിദ്യാഭ്യാസം പ്രൈവറ്റ് ആയി സമ്പാദിച്ചു. പിന്നീട് സംസ്കൃതം പഠിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം സംസ്കൃത കോളേജിലെ ഹൈസ്ക്കൂൾ വിഭാഗത്തിലും അടൂർ, ഓമല്ലൂർ തുടങ്ങിയ സംസ്കൃത സ്ക്കൂളുകളിലും പഠിച്ച് ശാസ്ത്രി ബിരുദം നേടി. പഠിക്കുന്ന കാലത്തു തന്നെ പാരമ്പര്യമായി ലഭിച്ച അറിവ് പ്രയോജനപ്പെടുത്തി. എല്ലാ രോഗങ്ങൾക്കും ആയുർവേദ ചികിത്സ നടത്തി വന്നു. വിദ്യാഭ്യാസത്തിനു ശേഷം കുറിയന്നൂർ, മണലൂർ ഈപ്പൻ സാറിന്റെ മകൾ അന്നമ്മയെ വിവാഹം കഴിച്ചു.

ഹാർമോണിയം, സ്വനഗ്രാഹി, സൈക്കിൾ, മോട്ടോർ സൈക്കിൾ തുടങ്ങിയവ റിപ്പയർ ചെയ്യുന്നതിനും വൈദഗ്ധ്യം നേടി. കൂടാതെ സംഗീതം, ചിത്രകല തുടങ്ങിയവയിലുള്ള നൈപുണ്യം ഉണ്ട്. ശാസ്ത്രി അച്ചന്റെ സംഗീത വാസന പള്ളി ആരാധനയെ കൂടുതൽ ആകർഷകമാക്കിയിരുന്നു. ആരാധന അംശവസ്ത്രങ്ങൾ സ്വന്തമായി തുന്നിയാണ് അച്ചൻ ഉപോഗിക്കുന്നത്. ശെമ്മാശനായിരുന്നപ്പോൾ ശാസ്ത്രി അച്ചൻ രൂപകല്പന ചെയ്ത ഘടികാരം തിരുവനന്തപുരത്ത് ശ്രീ ചിത്ര പ്രദർശനത്തിൽ അവതരിപ്പിക്കു

കയും ഒന്നാം സമ്മാനം ലഭിക്കുകയും ചെയ്തു.

പതിനാലാം വയസ്സിൽ ഓർത്തഡോക്സ് സഭയിലെ ശെമ്മാശനായി. തിരുവല്ലയിൽ സുറിയാനി പഠനം നടത്തുന്നതിനൊപ്പം തന്നെ മലങ്കരസഭ മാസികയുടെ ചുമതലയും ഏറ്റെടുത്തു. പിന്നീട് ചമതയ്ക്കൽ സംസ്കൃത കോളേജിൽ അധ്യാപകനായി.

26-ാം വയസ്സിൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയിൽ നിന്നും കശ്ശീശ്ശാ പട്ടം ലഭിച്ചു. വേദപുരാണങ്ങളിലും ഉപനിഷത്തിലും ആയുർവേദ ചികിത്സയിലും അസാധാരണ പാണ്ഡിത്യം ശാസ്ത്രി അച്ചനുണ്ട്. 1952-ൽ ആയുർവേദത്തിലെ 'വൈദ്യരാജ്' എന്ന ഉയർന്ന പരീക്ഷ ഒന്നാം ക്ലാസ്സിൽ പാസായി. നവ്യമറുഭാഷാനികഷം, സ്നാനം തുടങ്ങിയ ഗദ്യങ്ങളും, യാക്കോബും റാഹേലും തുടങ്ങിയ പദ്യങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

1940 കളിൽ റാന്നി പെരുനാട് ബഥനി പള്ളി വികാരിയായും സംസ്കൃത സ്ക്കൂൾ അധ്യാപകനായും പ്രവർത്തിച്ചു. ഭ്രാന്ത്, വിഷം, കുഷ്ഠം, ക്ഷയം, നേത്ര രോഗങ്ങൾ, മഞ്ഞപിത്തം തുടങ്ങിയ എല്ലാ രോഗങ്ങൾക്കും പ്രതിവിധി നൽകിയിരിക്കുന്നു. കാഴ്ചനഷ്ടപ്പെട്ട അനേകർക്ക് ചികിൽസയിൽ കാഴ്ച ദൈവസഹായത്താൽ ചികിത്സകൊണ്ട് തിരികെ ലഭിച്ചിട്ടുണ്ട്. ശാസ്ത്രി അച്ചൻ അറിയപ്പെടുന്ന ഒരു ദന്ത ചികിത്സകനുമാണ്. എത്ര പഴകിയ വിഷത്തെയും വലിച്ചെടുക്കുന്ന വിഷക്കല്ല് അച്ചന് സ്വന്തമാണ്. പാമ്പിൻ വിഷത്തിനെതിരായി രാസപാഷാണം എന്ന ഔഷധം സ്വന്തമായി വികസിപ്പിച്ചെടുത്ത് പലരെയും രക്ഷപെടുത്തിയിട്ടുണ്ട്.

പെരുനാട്, ബഥനിപ്പള്ളി, വടശ്ശേരിക്കര ഇടവകകൾ, തൃശ്ശിനാപള്ളി, മദ്രാസ്, മാവേലിക്കര, കുമ്പഴ, കോന്നി, വട്ടക്കാവുങ്കൽ, പൊന്നവ്, സെന്റ് മേരീസ് വലിയ കത്തീഡ്രൽ കുമ്പഴ തുടങ്ങിയ ഇടവകകളിൽ സേവനമനുഷ്ഠിച്ചു.

ബൈബിൾ വചനങ്ങൾ ശാസ്ത്രരീത്യാ പ്രസംഗിക്കുവാനുള്ള അച്ചന്റെ കഴിവ് ശ്രദ്ധേയമാണ്.

ഒൻപതു മക്കളും 27 കൊച്ചുമക്കളും 44 കൊച്ചു കൊച്ചു മക്കളേയും കാഴ്ചമങ്ങാത്ത കണ്ണുകളാൽ കണ്ട് ദൈവം തന്ന ആയുസ്സിനെച്ചൊല്ലി അച്ചൻ നന്ദി പറയുന്നു. അച്ചന്റെ ഇളയമകനും ഫാ. ഫിലിപ്പ് ശങ്കരത്തിൽ (അമേരിക്ക) കൊച്ചുമകനും പുരോഹിതന്മാരാണ്.

വാർദ്ധക്യ സഹജമായ ക്ഷീണം ഉണ്ടെങ്കിലും 105-ാം വയസ്സിലും അച്ചന്റെ യാമപ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നു. ഓർത്തഡോക്സ് സഭയിലെ പുരോഹിതനാകാൻ കഴിഞ്ഞത് ജീവിതത്തിലെ മഹാഭാഗ്യമായി കരുതുന്ന അച്ചൻ വിശ്വാസികളുടെ ആരാധനയോടുള്ള വൈമുഖ്യത്തിൽ വിഷമിക്കുന്നു. ഇന്നുള്ള ആരാധനകൾ പലരും ഉപരിപ്ലവമായി മാറ്റുന്നു. എന്നും സഭയിലെ ഇടയന്മാർ സാധാരണ ജനങ്ങളിലേക്ക് ഇറങ്ങി ചെല്ലണം എന്നും അച്ചൻ ഓർമ്മിപ്പിക്കുന്നു.

പുരോഹിതൻ ഭൗതികതയ്ക്കുപരി ആത്മീയരാവണമെന്നും മനശുദ്ധിയോടുള്ള പ്രാർത്ഥന ദൈവസന്നിധിയിൽ കേൾക്കപ്പെടുമെന്നും അനുഭവത്തിന്റെ വെളിച്ചത്തിൽ അച്ചൻ സാക്ഷ്യപ്പെടുത്തുന്നു.

22 വർഷങ്ങൾക്കു മുമ്പ് സ്വപത്നി ഇഹലോക വാസം വെടിഞ്ഞെങ്കിലും,

"ദുരിതക്കടലിൽ കഴിവറ്റൊടുവിൽ, കരയാഞ്ഞു കരഞ്ഞുഴലുന്നവരെ, കരകേറ്റി മുദാ കരകേറ്റി വിടും, കരുണാകരനേ കനിവേകണമേ," എന്ന പ്രാർത്ഥനയുമായി അച്ചൻ കഴിയുന്നു. ■


## CORPORATE MANAGEMENT OF M.O.C. COLLEGES

Devalokam, Kottayam-686038

No.R.(T)/3005/2012 Phone:0481-2573533

# WANTED

Applications are invite in the prescribed form for appointment to the vacancies in the following number of posts under category I & II in colleges under the Corporate Management of Malankara Orthodox Syrian Church Colleges.

***Category I : Teaching Staff - Assitatnt Professors. (Substantive vacancies in both Open Merit and Community Merit)***

| | | |
|---|---|---|
| **English** | : | **11** |
| **Hindi** | : | **1** |
| **Mathematics** | : | **2** |
| **Physics** | : | **11** |
| **Electronics** | : | **1** |
| **History** | : | **2** |
| **Botany** | : | **4** |
| **Zoology** | : | **3** |

### *Category II-Non-Teaching Staff*

| | | |
|---|---|---|
| **Gardener** | : | **1** |
| **Office Attendant** | : | **2** |

(Last Grade Staff)

Age, Scale of Pay and Qualifications - As prescribed by the Govt. /UGC/M.G. University rules. All appointments are subject to the approval of the Govt. of Kerala and the Mahatma Gandhi University. Those who applied for **History and Electronics** as per our advertisement dated 18.4.2012 need not apply again.

Application forms can be had from the undersigned on payment of Rs. 500/- in person and Rs. 550/- by post for teaching staff and Rs. 200/- in person and 250/- by post for Non Teaching Staff. Filled in applications should reach the Secretary, M.O.C. Colleges, Devalokam P.O., Kottayam-686038 on or before 23.11.2012

Devalokam
16-10-2012

ബോധി

# കാതോലിക്കേറ്റ് : ദൗത്യം, അനവധി...

മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റ് സ്ഥാപന ശതാബ്ദിയിൽ പ്രകാശം പരത്തുമ്പോൾ സഭയുടെ ചരിത്രത്തിനും സാക്ഷ്യത്തിനും ഒരു പുനർവായന ഉണ്ടാകണം.

പുതിയയുഗത്തിൽ കാതോലിക്കേറ്റിന്റെ ദൗത്യത്തിലേക്ക് രൂപരേഖ ഉണ്ടാക്കുന്നത് അഭികാമ്യമാണ്. 1934-ലെ സഭാഭരണഘടനയും സുപ്രീം കോടതിയിൽ നിന്നുണ്ടായ 1958, 1995, 2002 എന്നീ സുപ്രധാന വിധികളും മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റിന്റെ അനിഷേധ്യത ഉറപ്പിക്കുന്നു. മലങ്കര അസോസിയേഷൻ തീരുമാനം അന്തിമവും ചോദ്യം ചെയ്യപ്പെടാൻ കഴിയാത്തതുമാണെന്ന് സുപ്രീം കോടതി ഉറപ്പിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്.

* * *

മാർത്തോമാ ശ്ലീഹായുടെ പിൻഗാമിത്വവും അപ്പോസ്തോലിക പിൻതുടർച്ചയും അവകാശപ്പെടുവാൻ അർഹതയുള്ള ഇൻഡ്യയിലെ ക്രൈസ്തവസഭയുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി സ്ഥിതിചെയ്യുന്ന വൈദിക മേലദ്ധ്യക്ഷസ്ഥാനമാണ് കാതോലിക്കേറ്റ്.

**- ഡോ. മാത്യൂസ് മാർ സേവേറിയോസ്**

* * *

കാതോലിക്കേറ്റ് സ്ഥാപനം സഭയുടെ പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കുള്ള വളർച്ചയുടെ ആദ്യത്തെ സുപ്രധാന നാഴികക്കല്ലായിരുന്നു എങ്കിൽ 1934-ലെ ഭരണഘടന ആ വളർച്ചയുടെ പൂർത്തീകരണമായിരുന്നു. ഇവ രണ്ടും കൂടെ ചേരുന്ന അടിസ്ഥാനത്തിന്മേലാണ് സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും നിലനില്ക്കുന്നത്. ... പുതിയ സ്ഥലത്തും, സാഹചര്യത്തിലും സ്ഥാപിതമായ കാതോലിക്കേറ്റിന് ഇന്നത്തെ സമൂഹത്തിൽ സാക്ഷ്യം വഹിച്ചു മുന്നേറുന്നതിന് ആവശ്യമായ എല്ലാ നിയമസംഹിതകളും ഉൾക്കൊള്ളുന്ന ഭരണഘടന പിതാക്കന്മാർ രൂപികരിച്ചു. അങ്ങിനെ പുരാതനത്വത്തിന്റെ പിൻതുടർച്ചയും, പുതിയ സാഹചര്യത്തിലെ പുതുമയും ഒരേ സമയം ഉൾക്കൊള്ളുന്നതാണ് മലങ്കരയിലെ കാതോലിക്കേറ്റ്.

**- ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട**

* * *

മലങ്കര സഭയുടെ ചരിത്രം, ഭരണഘടന കാനോൻ, കാതോലിക്കാ സ്ഥാപനം തുടങ്ങി പല വിഷയങ്ങളെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങൾ സഭക്കുള്ളിൽ തന്നെ നിലനിൽക്കുന്നുണ്ട്. ഈവക കാര്യങ്ങളെക്കുറിച്ച് കുറ്റമറ്റതും നിഷ്പക്ഷവും ശാസ്ത്രീയവും ബുദ്ധിപരവുമായ ഒരു ഔദ്യോഗിക നിലപാട് സ്വീകരിക്കുവാൻ സഭയ്ക്കു സാധിച്ചിട്ടില്ല എന്ന് ചരിത്രകാരനായ ഫാ. ഡോ. എം. ഒ. ജോൺ പറയുന്നു.

മലങ്കരസഭയിൽ ചരിത്രത്തിന് പുനർവായന നൽകിയവരിൽ അഗ്രഗണ്യൻ ഫാ. ഡോ. വി.സി. സാമുവേലാണ്. ഫാ. ഡോ. ടി.ഐ. വർഗീസും, ഫാ. ഡോ. എം.ഒ. ജോണും ആ പാരമ്പര്യം നിലനിർത്തി. മലങ്കര നസ്രാണി പൈതൃകത്തെ പൊതു സമൂഹവുമായി ബന്ധിപ്പിക്കുന്ന പഠനങ്ങൾ ഡോ. എം. കുര്യൻ തോമസും അവതരിപ്പിക്കുന്നു.

ഇങ്ങനെ ശതാബ്ദി പശ്ചാത്തലത്തിൽ മലങ്കര സഭയുടെ ചരിത്രവും വിവരങ്ങളും ഉൾക്കൊള്ളിച്ച് നിരവധി ഗ്രന്ഥങ്ങളും രചനകളും ഉണ്ടായി. ഇവയിൽ ഭാവിയിലേക്ക് അവതരിപ്പിക്കപ്പെടുന്ന മൂന്ന് പ്രധാന വിഷയങ്ങൾ, കാതോലിക്കേറ്റിന്റെ ചരിത്രം പുനർവായിക്കുക, മലങ്കരസഭ എല്ലാവിധത്തിലും ദേശീയത ഉൾക്കൊള്ളുക, മലങ്കരസഭയിൽ സമാധാനം ഉണ്ടാക്കി സഭാ ഐക്യത്തിനായി പരിശ്രമിക്കുക എന്നിവയാണ്. ഓരോ വിഷയവും അവതരിപ്പിക്കുന്നതിലെ സ്വകീയത ശ്രദ്ധേയമാണ്. കൂടുതൽ ചർച്ചകൾക്കും തീരുമാനങ്ങൾക്കുമായി അവതരിപ്പിക്കുന്നു:

* * *

## സഭാചരിത്ര പുനർവായന

മലങ്കര സഭാചരിത്ര പഠനങ്ങളിൽ വിസ്മരിക്കപ്പെടുന്നത് മലങ്കരസഭാചരിത്രത്തിലെ മാർത്തോമ്മൻ പൈതൃകത്തിന്റെ സ്വത്വദർശനമാണ്. ചരിത്രത്തെ സമീപിക്കുന്നതിൽ നമ്മുടെ എഴുത്തുകാർ പുലർത്തിവരുന്ന സമീപനങ്ങളിലെ രീതിശാസ്ത്രപരമായ പിശകുകൾ തിരുത്തപ്പെടേണ്ടതാണ്. കാതോലിക്കേറ്റിന്റെ യഥാർത്ഥ ചരിത്രമുഖം തമസ്കരിക്കുന്ന സമീപനത്തിനുള്ള പുനർ വായന ഉണ്ടാക്കണം.

അധിനിവേശവിരുദ്ധ ചരിത്രസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ മലങ്കരസഭയുടെ ചരിത്രം പുനർരചിക്കേണ്ടത് അനിവാര്യമാണ്. ....

**- ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**

* * *

പുരാതനവും, ശ്ലൈഹികവും, സ്വതന്ത്രവും, സ്വയശീർഷകവും, ദേശീയവും, എന്നൊക്കെ വാഴ്ത്തപ്പെടുന്ന കാതോലിക്കേറ്റിനെ പ്രയോജനപ്പെടുത്തുവാൻ കാതോലിക്കേറ്റ് ശതാബ്ദി വേളയിൽ വല്ലതും ഉണ്ടാകും എന്ന് ആശിച്ചവർ അനവധി ഉണ്ട്. കാതോലിക്കേറ്റിന്റെ ചരിത്രവഴികളെക്കുറിച്ച് ആധികാരികമായി ഒരു പഠനം നടത്തി, അതിന്റെ പ്രസക്തി സഭാജീവിതത്തിൽ എവിടെയെല്ലാം എങ്ങനെയെല്ലാം എന്ന് നിർദ്ദേശിക്കുവാനുള്ള പരിശ്രമം നടന്നതായി അറിവില്ല.

**- ഫാ. ഡോ. ജേക്കബ് കുര്യൻ**

* * *

ഒന്നാം നൂറ്റാണ്ടു മുതലുള്ള ഒരു സ്വതന്ത്ര ദേശീയ സഭയുടെ ശ്ലൈഹിക, പൗരോഹിത്യ, സാക്ഷ്യജീവിതത്തിൽ, നിലനിൽപിനായുള്ള പോരാട്ട

ങ്ങൾക്ക് ചരിത്രവിജയം കുറിക്കുവാൻ 1912-ലെ സംഭവത്തിനു കഴിഞ്ഞുവെന്ന് പിൽക്കാല ചരിത്രം തെളിയിക്കുന്നു. എന്നാൽ അതിന് വികല നിറവും, വികടഭാവവും നൽകാനുള്ള ശ്രമങ്ങൾ ഇന്നും നടക്കുന്നു. ഈ പശ്ചാത്തലത്തിൽ, ചരിത്രവസ്തുതകളുടെയും ഭാവി സാധ്യതകളുടെയും ഒരു പരിചിന്തനത്തിന് പ്രസക്തി ഏറെ ഉണ്ട്.

**– ഫാ. ഡോ. റ്റി. ഐ. വർഗീസ്**

* * *

മലങ്കരസഭാചരിത്രം നേരാംവണ്ണം മനസ്സിലാക്കാത്തതുതന്നെയാണ് ഇന്ന് മലങ്കരയിൽ നിലവിലുള്ള കക്ഷിവഴക്കിന്റെ ഒരു പ്രധാന കാരണം. സഭാനേതാക്കന്മാർക്കും ജനങ്ങൾക്കും ശരിയായ ചരിത്രബോധമുണ്ടാവണം. കക്ഷിവഴക്കിന്റേയും കോടതി വ്യവഹാരങ്ങളുടേയും പശ്ചാത്തലത്തിൽ പല ചരിത്രരചനകളുമുണ്ടായിട്ടുണ്ട്. അവയിൽ പലതും അർദ്ധസത്യങ്ങളും അപൂർണ്ണസത്യങ്ങളും സ്ഥാപിത താല്പര്യങ്ങൾ കൊണ്ട് നിറഞ്ഞതുമായിരുന്നു. വക്കീലന്മാരുടെ ഉപദേശമനുസരിച്ച് ചരിത്രം രചിക്കുകയും അവയെ കോടതിയിൽ സമർപ്പിച്ച് ആ നിലപാടുകൾക്ക് ഔദ്യോഗികമായ അംഗീകാരം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ യഥാർത്ഥ ചരിത്രം തന്നെ വിസ്മരിക്കപ്പെട്ടു. അത് കണ്ടെത്തി പഠിക്കേണ്ടത് മലങ്കരസഭയുടെ ശരിയായ നിലനിൽപിനു തന്നെ ആവശ്യമാണ്.

**– ഫാ. ഡോ. എം. ഒ. ജോൺ**

* * *

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നസ്രാണികളുടെ ദേശവും ഭാഷയും ജാതിയും വംശവും സംസ്കാരവുമെല്ലാം വിഭിന്നമായി. വിവിധ ഭൂഖണ്ഡങ്ങളിലേയ്ക്കു നടക്കുന്ന കുടിയേറ്റങ്ങളാണ് ഇതിനു കാരണം. ഇനിയുള്ള കാലം നസ്രാണികളെ ഒരുമിച്ചുനിർത്തുന്ന ഏക ഘടകം തോമാവബോധം എന്ന നസ്രാണിത്വം മാത്രമായിരിക്കും. അതു കേന്ദ്രീകരിച്ചിരിക്കുന്നത് പൗരസ്ത്യ കാതോലിക്കായിലാണ്. ഈയൊരു കാഴ്ചപ്പാടോടെവേണം ശതാബ്ദി വർഷത്തിൽ കാതോലിക്കേറ്റിന്റെ ചരിത്രപരമായ വ്യക്തിത്വത്തെ പുനർനിർണ്ണയം നടത്താൻ.

**– ഡോ. എം. കുര്യൻ തോമസ്**

* * *

## *സഭ തദ്ദേശീയമാകണം*

മലങ്കരസഭയിൽ ഇപ്പോൾ നിലവിലുള്ള പാരമ്പര്യങ്ങൾ മൂന്നെണ്ണമാണെന്ന് ഫാ. ഡോ. റ്റി. ഐ. വർഗീസ് നിരീക്ഷിക്കുന്നു. മാർത്തോമ്മൻ, പേർഷ്യൻ, അന്ത്യോഖ്യൻ പാരമ്പര്യങ്ങളിൽ സമന്വയിച്ചുള്ളതാണ് ഇപ്പോഴത്തെ പൈതൃകം. എന്നാൽ ഇവയിലെ നന്മകൾ ഉൾക്കൊണ്ട് ദേശീയമായ സഭാശാസ്ത്രം മലങ്കരസഭ വികസിപ്പിക്കണമെന്ന് അദ്ദേഹം പറയുന്നു. മലങ്കരസഭ ദേശീയ സ്വഭാവവും തദ്ദേശീയമായ മാർത്തോമ്മൻ പൈതൃകവും എങ്ങനെ സമന്വയിപ്പിക്കുവാൻ കഴിയുമെന്നത് പഠനവിധേയമാക്കണം. ഇപ്പോൾ ആഗോളീയ സാന്നിധ്യം മലങ്കര നസ്രാണികൾക്ക് ലഭ്യമായി.

* * *

മാർത്തോമ്മാ സിംഹാസനം കേവലം അധികാരത്തിന്റെ മാത്രം പ്രതീകമല്ല. അവകാശത്തിന്റെയും അസ്ഥിത്വബോധത്തിന്റെയും പ്രതീകമാണ്.... 1857-ൽ ഭാരതത്തിൽ സ്വതന്ത്ര്യബോധത്തിന്റെ തീജ്വാല ജ്വലിക്കുന്നതിന് 204 വർഷങ്ങൾക്ക് മുമ്പ് കൂനൻകുരിശ് സത്യം മുതൽ മലങ്കരയുടെ പിതാക്കന്മാർ ഭാരതസഭയുടെ സ്വാതന്ത്ര്യത്തെപ്പറ്റി ഏറെ ബോധവാന്മാർ ആയിരുന്നു. ഈ ബോധ്യവും പോരാട്ടവുമാണ് 1912 സെപ്റ്റംബർ 15-ലെ കാതോലിക്കാ സിംഹാസനത്തിന്റെ ഭാരതമണ്ണിലെ സ്ഥാപനത്തിന് വഴിതെളിയിച്ചത്. ... കാതോലിക്കേറ്റിന്റെ ശതാബ്ദി മലങ്കര മക്കൾക്ക് നൽകുന്ന നിയോഗങ്ങളും നിരവധിയാണ്. ഭാരതീയ സംസ്ക്കാരത്തോട് പൂർണ്ണമായും ഇണങ്ങിച്ചേരുന്ന ഒരു തദ്ദേശീയ സഭയായി കാതോലിക്കേറ്റിനെ വളർത്തുക എന്നത് അതിൽ പ്രധാനപ്പെട്ടതാണ്. കാതോലിക്കേറ്റ് പരമാധികാരത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമാണ് എന്ന സത്യം ഭാരതീയരോട് ആഴത്തിൽ സംവേദനം ചെയ്യുവാനും, മാറിയ ജീവിത സാഹചര്യങ്ങളോട് പ്രതികരിക്കുവാൻ കഴിയുന്ന ശുശ്രൂഷാശൈലികൾ വികസിപ്പിക്കുവാനും, തദ്ദേശീയമായ സ്പന്ദനങ്ങളെ ഉൾക്കൊള്ളുന്ന ആരാധന ചിട്ടപ്പെടുത്തുവാനും യുവജനങ്ങളുടെ ഹൃദയങ്ങളിൽ കാതോലിക്കേറ്റിനെ പ്രതിഷ്ഠിക്കുവാനുമുള്ള നിരവധി കർമ്മ പദ്ധതികൾ അടിയന്തിര പ്രാധാന്യത്തോടെ നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

**– തോമസ് മാർ അത്താനാസിയോസ് (ചെങ്ങന്നൂർ)**

* * *

## *സഭാ ഐക്യ ദർശനം*

കാതോലിക്കേറ്റ് സ്ഥാപനം നടന്ന 1912 സെപ്റ്റം. 15-ന് കെ. സി. മാമ്മൻ മാപ്പിള എഴുതിയത് സഹോദര സഭകളുമായി ഐക്യം ഉണ്ടാക്കുവാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണ്. പിന്നീട് എത്രയോ രചനകൾ സഭാ ഐക്യത്തെക്കുറിച്ചു വന്നു. ഏറ്റവും ഒടുവിൽ ഫാ. ഡോ. കെ. എം. ജോർജ് അവിഭാജിത സഭയെക്കുറിച്ചുള്ള ദർശനവും സമാധാനത്തിനുള്ള സാധ്യതകളും പൊതുവേദിയിൽ പങ്കിട്ടു: ഇപ്പോൾ ചർച്ചകളും സ്വപ്നങ്ങളും പൊലിഞ്ഞു.

* * *

ഇന്ത്യയിലെ വിവിധ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി ആഘോഷം ഇടയാക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനായി പ്രവർത്തിക്കാൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സന്നദ്ധമാണ്. അക്കാര്യത്തിൽ മലങ്കര എപ്പിസ്ക്കോപ്പൽ സുന്നഹദോസിനു വിധേയമായി വേണ്ടത് ചെയ്യുവാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

**– പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ**

* * *

കിഴക്കിന്റെ കാതോലിക്കാ സ്ഥാനത്തിനനുസരിച്ച, പൂർണ സ്വയ ശീർഷകത്വമുള്ള ഒരു ഭരണഘടന ഭാരതീയ ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ട് അതിനുള്ളിൽ എല്ലാ ഭാരതീയ ഓർത്തഡോക്സ് വിശ്വാസികളും ഐക്യപ്പെട്ട് ജീവിക്കുകയെന്നതാണ് ഭാവിയിൽ അഭിലഷണീയമായിട്ടുള്ളത്.

**– ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**

* * *

വാശിയെല്ലാം മറന്ന്, ഒന്നിച്ചു നിന്ന് ഒരു സുശക്തമായ ഭാരത നസ്രാണിസഭയെ സ്വതന്ത്ര വ്യക്തിത്വത്തിൽ കെട്ടിപ്പടുക്കുവാൻ അവസരം ഉണ്ടാകണം. മലങ്കരസഭയിലെ കാതോലിക്കേറ്റും അത് പ്രതിനിധീകരിക്കുന്ന സഭയുടെ സ്വതന്ത്ര സഭയായിട്ടുള്ള പ്രവർത്തനങ്ങളും ഭാവിയിൽ പ്രചോദനം നൽകണം. ...സഭാസ്വാതന്ത്ര്യത്തെ ഭരണപരമായ സ്വകീയതയിൽ മാത്രമൊതുക്കി നിർത്തുന്നതിൽ വലിയ പ്രസക്തിയില്ല. നാനാമുഖങ്ങളിലുള്ള സഭാജീവിതത്തിലും ലോകജീവിതത്തിലും മലങ്കരസഭയുടെ സ്വാതന്ത്ര്യം പ്രകടമാക്കണം.

വഴക്കിട്ട് സമയവും, അർത്ഥവും, ശേഷിയുമൊക്കെ ഇനിയും നഷ്ടപ്പെടുത്താതെ ഏതുവിധം നല്ല കാര്യങ്ങൾക്ക് അവ വിനിയോഗിക്കാം

എന്നതും ആലോചിക്കേണ്ടതാണ്. ഇതിലേക്ക് വേണ്ട പദ്ധതികളും പഠനങ്ങളും സഭയുടെ സർവ്വോന്മുഖമായ അഭിവൃദ്ധിയെ മുന്നിൽ കണ്ട് നടത്തേണ്ടതാണെന്ന് ഫാ. ഡോ. റ്റി. ഐ. വർഗീസ് പറയുന്നു.

**– ഫാ. ഡോ. റ്റി. ഐ. വർഗീസ്**

* * *

**ഒ**രേ രക്തത്തിന്റെയും ഒരേ പാരമ്പര്യത്തിന്റെയും അവകാശികളായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹം ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്നതിൽ ആർക്കാണ് ദുഃഖം? നമ്മുടെ ജനങ്ങളിലും വൈദികരിലും മേല്പട്ടക്കാരിലും ബഹുഭൂരിപക്ഷവും ഇതിൽ കഠിനമായി ദുഃഖിക്കുന്നവരാണ് എന്ന് വിചാരിക്കാം. വേരുകളെക്കുറിച്ച് ബോധമുള്ളവർക്കേ ദുഃഖമുണ്ടാവുകയുള്ളു. “സ്വർഗ്ഗത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു'' എന്നു പറഞ്ഞതുപോലെ റോമിലും ദമസ്ക്കസിലും ബാഗ്ദാദിലും കാന്റർബറിയിലും ഇരിക്കുന്നവർ ചിരിക്കുന്നു. കാരണം അവരുടെ പേരിലാണല്ലോ മാർത്തോമ്മായുടെ മക്കൾ കേരളത്തിൽ അടിയിട്ടു പിരിയുന്നത്.

സുപ്രീംകോടതി വിധികൾക്കോ ഭരണഘടനകൾക്കോ ഒരിക്കലും പരിഹാരം കാണാനാവാത്ത പ്രശ്നമാണ് നമ്മുടേത്. ഒരു മാർഗ്ഗമേയുള്ളു. നമ്മുടെ ജനങ്ങൾ അവർക്ക് സ്വന്തമായതിലേക്ക് തിരിച്ചുവരിക. സ്വന്തം വേരുകളിൽ ഉറച്ചുനിൽക്കുക. പണ്ടെന്നോ റോമാസാമ്രാജ്യത്തിന്റെ വിവിധ കോണുകളിൽ അധികാരം കൈയാളിയ സഭാസ്ഥാപനങ്ങൾക്ക് ഭാരതത്തിലെ നമ്മുടെ ക്രൈസ്തവ ജീവിത പാരമ്പര്യത്തിന്മേൽ അധികാരമൊന്നുമില്ല എന്നു തിരിച്ചറിയുക. നമ്മുടെ സ്വാധികാരം നമ്മുടെ സമൂഹത്തിലും അതിന്റെ മനസ്സാക്ഷിയിലും നിക്ഷിപ്തമായിരിക്കുന്നു എന്ന് ഉറച്ചു പറയുക.

റോമിലും ദമാസ്ക്കസിലും ബാഗ്ദാദിലും മറ്റുമുള്ള സിംഹാസനങ്ങളിൽ നാം സ്വയം കെട്ടിയിരിക്കുന്ന കയറുകൾ പൊട്ടിച്ചെങ്കിൽ മാത്രമേ ഇവിടുത്തെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ സ്വകീയമായ ആദ്ധ്യാത്മിക പ്രതിഭയിലേക്കും യഥാർത്ഥ ക്രിസ്തീയ സാക്ഷ്യത്തിലേക്കും പരസ്പരമുള്ള ഐക്യത്തിലേക്കും തിരിച്ചുവരുകയുള്ളു. അതോടൊപ്പം ആ ക്രിസ്തീയ കേന്ദ്രങ്ങളോടും അവിടത്തെ ക്രിസ്തീയ സഭകളോടും തെളിഞ്ഞ സ്നേഹത്തിലും സംസർഗ്ഗത്തിലും നമുക്ക് കഴിയുകയും ചെയ്യാം. അടിസ്ഥാനപരമായി ഇത് ഭാരതത്തിലെ നസ്രാണികളുടെ തിരിച്ചറിവിന്റെയും തീരുമാനശേഷിയുടെയും പ്രശ്നമാണ്.

**– ഫാ. ഡോ. കെ. എം. ജോർജ്**

(നസ്രാണികളുടെ സ്വത്വവും സ്വാതന്ത്ര്യവും, സ്നേഹദർശനം, പുസ്തകം 1, ലക്കം 2, 2000)

**‘മലങ്കരസഭയോട് ആദ്യമായി 1876-ൽ ബന്ധപ്പെട്ട പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മുതൽ ഇന്നും ആസ്ഥാന ചലനം മൂലം ദമസ്കോസിൽ കഴിയുന്ന സഖാ പ്രഥമൻ വരെയുള്ള സിറിയൻ സഭാ അധ്യക്ഷന്മാർക്കെല്ലാംതന്നെ സമ്പന്നമായ മലങ്കരയിൽ സർവ്വതന്ത്രസ്വതന്ത്രമായ ഒരു കാതോലിക്കേറ്റ് ഉണ്ടാകുന്നതിൽ ഒട്ടും തല്പരരല്ലായിരുന്നു.’**

**– കെ. വി. മാമ്മൻ**

**അടിക്കുറിപ്പ്:**

1. ഡോ. എം. കുര്യൻ തോമസ്, കാതോലിക്കാ എന്നു ചൊല്ലി വാഴ്ത്തി ഞായം, സോഫിയാ ബുക്സ്, കോട്ടയം, 2012.
2. ജിത്തു മാത്യു (എഡി.), പൗരസ്ത്യ കാതോലിക്കേറ്റ്, യൂത്ത് വോയ്സ്, കോലഞ്ചേരി, 2012
3. കെ. വി. മാമ്മൻ, ശതാബ്ദി കൊണ്ടാടുന്ന കാതോലിക്കേറ്റിന്റെ കാലിക പ്രാധാന്യം, കോട്ടയ്ക്കൽ, കോട്ടയം, 2010.
4. ഫാ. ഡോ. എം. ഒ. ജോൺ, മലങ്കരസഭാ ചരിത്രത്തിന്റെ പുനർവായന, കോട്ടയം 2004. ■


Ph: 9744045394, 9961910034
04735-252433



ജോൺസൺ വാഴക്കുന്നത്ത്
വടശ്ശേരിക്കര



കളയെടുപ്പ് മെഷീൻ
കൃഷിയിടങ്ങൾ, റബ്ബർ എസ്റ്റേറ്റുകൾ എന്നിവയിലെ കളകൾ ബ്രഷ് കട്ടിംഗ് മെഷീൻ ഉപയോഗിച്ച് നീക്കം ചെയ്യുന്നു.

പള്ളികൾ മനോഹരമാക്കൂ
Vinyle, Carpet tyle, Synthetic carpets, Belgium Centre Carpets എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ടെത്തി വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നു. വിവിധതരം ഇംപോർട്ടഡ് ഡോർമാറ്റുകളുടെ വിപുലമായ ശേഖരം!
പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കൂ...
ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003
എം.എ. കയർ ഹൗസ്
ജീ-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം



സ്നേഹ സ്മരണ

**3-ാം ചരമ വാർഷികം, 09-11-2012**

Very. Rev. M. T. Joseph Cor-Episcopa


**THEKKEL MARY BHAVAN**

**MAKKAMKUNNU, PATHANAMTHITTA**



“ആചാര്യേശാ! മശിഹാ! കൂദാശകളർപ്പിച്ചോരീ-
യാചാര്യനേകുക പുണ്യം നാഥാ സ്തോത്രം”

സന്തപ്ത കുടുംബാംഗങ്ങൾ



GUEST ROOM

# ആത്മശക്തിയുടെ സൂര്യതേജസ്സ്



ഡോ. കെ.എസ്. രാധാകൃഷ്ണൻ
(ചെയർമാൻ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ)

ആദ്ധ്യാത്മിക ശക്തിയുടെ സൂര്യതേജസ്സാണ് പരുമല തിരുമേനി. രണ്ടായിരം വർഷത്തോളം പഴക്കം അവകാശപ്പെടാവുന്ന ഭാരതീയ ക്രിസ്ത്യനുഭവത്തിന്റെ ആത്മ ശുദ്ധിയാണ് തിരുമേനിയുടെ ജീവിതം തിരുമേനിയുടെ ആദ്ധ്യാത്മിക ശക്തിയുടെ സ്രോതസ്സ് ഭാരതീയ ഋഷി പാരമ്പര്യമാണ്.

ഋഷികുലങ്ങൾ ജീവിച്ചതും പ്രവർത്തിച്ചതും പ്രാർത്ഥിച്ചതും അവർക്ക് വേണ്ടിയായിരുന്നില്ല. മാംസധാരിയായ വചനത്തെപ്പോലെ അവർ നമുക്കിടയിൽ നമ്മുടെ നന്മയ്ക്ക് വേണ്ടി ജീവിച്ചു. അവരുടെ പ്രാർത്ഥനാമന്ത്രം ലോകത്തിന് മുഴുവൻ സുഖം വരട്ടെ എന്നായിരുന്നു. ലോകം എന്നാൽ മനുഷ്യർ മാത്രമല്ല. ജലത്തിലും കാലത്തിലും ജന്യമായവയെന്തും എന്നാണർത്ഥം. മണ്ണും വിണ്ണും മനുഷ്യനും മാത്രമല്ല സസ്യജന്തു ജീവജാലം മുഴുവൻ അതിൽ ഉൾപ്പെടും.

തിരുമേനിയുടെ കണ്ണുകളിൽ യോഗശക്തിയുടെ ദീപ്തപ്രസരം കാണാൻ കഴിയും. അനന്തമായ ക്ഷമയിൽ നിന്നും ഉദ്ദീപ്തമാകുന്ന ചൈതന്യമാണത്. മനസ്സിനേയും ഇന്ദ്രിയങ്ങളെയും നിയന്ത്രിച്ച് സദാ കർമ്മനിരതനായി വിഹരിക്കുന്നവനാണ് യോഗി. തിരുമേനിയുടെ പ്രാർത്ഥനയും കർമ്മമായിരുന്നു. ലോകസുഖത്തിനുവേണ്ടി ആത്മസമർപ്പണം നടത്തുന്ന കർമ്മം. ക്രിസ്ത്യനുഭവത്തിന് ഭാരതീയ ആർഷ സംസ്കൃതി നല്കിയ മഹാസാക്ഷ്യമാണ് തിരുമേനിയുടെ ജീവിതം.

തിരുമേനി നമുക്കിടയിൽ കുടിപാർത്തത് 1848 മുതൽ അമ്പത്തിനാല് വർഷം മാത്രമായിരുന്നു. കേരളമൊക്കെ ഇരുൾ നിറഞ്ഞിരുന്ന കാലമായിരുന്നത്. തിരുമേനിയുടെ ജീവിത കാലത്തിനിടിയിലാണ് കേരളത്തെ വെളിച്ചത്തിലേക്ക് നയിച്ച മഹാപ്രതിഭകൾ എല്ലാം ജനിച്ചത്. ബ്രഹ്മാനന്ദ സ്വാമി ശിവയോഗി, ചട്ടമ്പി സ്വാമികൾ, ശ്രീനാരായണ ഗുരുദേവൻ എന്നിവരെല്ലാം ആ കാലത്തിന്റെ യോഗശക്തിയായിരുന്നു പരുമലതിരുമേനി.

ഇഹലോക ജീവിത മോഹങ്ങൾ സാക്ഷാത്കരിക്കാൻ കഴിയാതെ വരുമ്പോൾ സന്യാസത്തിൽ അഭയം തേടുകയും ഏകാകികളായി കഴിയുകയും ചെയ്യുന്നവരുണ്ട്. അവരെയല്ല ഭാരതം യോഗികളായും സന്യാസികളായും കരുതുന്നത്. സാധാരണ മനുഷ്യരുടെ നിത്യ ജീവിത പ്രശ്നങ്ങൾക്ക് സ്വാനുഭവസിദ്ധമായ പരിഹാരങ്ങൾ നിശ്ചയിച്ചു കൊണ്ട് അവർക്കിടയിൽ കഴിയുന്ന. അവരാണ് കർമ്മയോഗികൾ. ആ യോഗികളുടെ പരമ്പരയിൽ കേരള ക്രൈസ്തവ സമൂഹം നല്കിയ മഹാ സംഭാവനയാണ് പരുമല തിരുമേനി.

ലോകത്തിലെ ഇതര ക്രൈസ്തവ സഭകളിൽ നിന്നും ഭാരതീയ ക്രിസ്ത്യനുഭവധാരയെ വ്യതിരിക്തമാകുന്ന ഘടകവും പരുമല തിരുമേനിയെപ്പോലെയുള്ള ഋഷീശ്വരന്മാരുടെ നിറസാന്നിദ്ധ്യമാണ്. ക്രോധവും സംഘർഷവും സംഹാരവുമാണ് പ്രപഞ്ചനിയമമെന്ന് ആർക്കും തോന്നാവുന്നതാണ്. ഹിംസയെ കൂടുതൽ കരുത്താർന്ന ഹിംസകൊണ്ട് നേരിടാമെന്നും അതിലൂടെ വിജയം കണ്ടെത്താൻ കഴിയുമെന്നും കരുതുന്നവരുണ്ട്. അത്തരം സിദ്ധാന്തങ്ങളാണ് സംഘർഷവും സംഹാരവും സർവ്വാധിപത്യവുമാണ് ശരി എന്നു പ്രചരിപ്പിക്കുന്നത്.

എന്നാൽ ജീവിതത്തിന്റെ ആധാരം അഹിംസയാണെന്നു കണ്ടെത്തുകയും സഹോദരനോട് അനന്തമായി ക്ഷമിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യുന്ന ദർശനങ്ങളുമുണ്ട്. യേശുദേവൻ പകർന്നു തന്ന പ്രകാശ പൂർണ്ണമായ ദർശനത്തിന് കർമ്മ സാഫല്യം പകർന്ന ഋഷിയാണ് പരുമലത്തിരുമേനി. അതുകൊണ്ടാണ് "ഇഹത്തിലും പരത്തിലും ബലം മാനവും ക്ഷമയും സഹനവും" ആണെന്ന് അഭിദർശിച്ചതും പ്രയോഗത്തിലൂടെ നമ്മെ ബോദ്ധ്യപ്പെടുത്തിയതും. അങ്ങനെയാണ് പരുമലത്തിരുമേനി പരിശുദ്ധനായ കാര്യം നാം അറിയുന്നത്.

ആർഷജീവിതം സുഗമമായ ഒന്നല്ല. വാൾത്തലമേൽ കൂടി നടക്കുന്നപോലെ ശ്രമകരമാണ് ഋഷിയുടെ ജീവിതം എന്നാണ് ഉപനിഷദ് വിശേഷിപ്പിക്കുന്നത്. ഇതേകാര്യം യേശു ദേവനും പറഞ്ഞിട്ടുണ്ട്. "സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി ഇടുങ്ങിയതും വാതിൽ ഞെരുക്കമുള്ളതുമാണ്" എന്ന യേശു വാക്യം ഉദാഹരണം. ഈ വാൾത്തല സഞ്ചാരം കാര്യക്ഷമമായി നടത്താൻ തിരുമേനി നടത്തിയ ഏകാന്തയജ്ഞങ്ങളുടെ വിവരണമാണ് "ഊർശ്ലേം യാത്ര" എന്ന ഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്നത്. അഗ്നിസ്നാനത്തിലൂടെ ഒരുവൻ എങ്ങനെയാണ് ആത്മാവിൽ ജനിക്കുന്നതെന്ന് ഇത് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

യഥാർത്ഥഭക്തിയെ യേശുദേവൻ വിധവയുടെ ചില്ലിക്കാശിനോടാണ് ഉപമിക്കുന്നത്. അവിടെയാണ് ഉള്ളതിൽ നിന്നുകൊടുക്കുകയും ഉള്ളതു മുഴുവൻ കൊടുക്കുകയും ചെയ്യുന്നതിന്റെ വ്യത്യാസം പറയുന്നതും. തനിക്കുള്ളതിൽ നിന്നും അല്പം കൊടുക്കുന്നതല്ല ഭക്തി. തനിക്കുള്ളത് മുഴുവൻ കൊടുക്കുന്നതാണ് ഭക്തി. തിരുമേനിക്ക് ഇക്കാര്യം അറിയാമായിരുന്നു. ഒരുക്കമുള്ള ആത്മാവിനേയും മെരുങ്ങാത്ത ശരീരത്തെയും കണ്ടറിയാനും ആത്മാവിന്റെ നിയമത്തെക്കൊണ്ട് ശരീരത്തെ ക്രമപ്പെടുത്താനും തിരുമേനിക്ക് കഴിഞ്ഞു. സ്വർഗ്ഗരാജ്യനിയമത്തെക്കൊണ്ട് ഇഹലോക ജീവിതത്തെ ക്രമപ്പെടുത്തുന്നതിന് നടത്തുന്ന യത്നം തന്നെയാണ് തീർത്ഥയാത്ര. അതിനെയാണ് ആത്മാന്വേഷണം എന്നുപറയുന്നതും.

ഈയാത്രയിൽ ഇടർച്ച സംഭവിക്കാവുന്നതാണ്. "ഇടർച്ച വരാതിരിക്കുന്നത് അസാദ്ധ്യം" എന്നുള്ളതോർക്കുക. അവ്വിധത്തിൽ ഇടർച്ച വരുമ്പോഴാണ് ഈപാനപാത്രം എന്നിൽ നിന്ന് അകറ്റേണമേ എന്ന് പ്രാർത്ഥിക്കുന്നത്. പക്ഷേ ആത്മാവിനെ ഒരുക്കുന്നവൻ അടുത്ത ക്ഷണത്തിൽ തിരുത്തും "എന്റെ ഇഷ്ടമല്ല അവിടുത്തെ ഹിതം നിറവേറട്ടെ." തന്റെ ഇഷ്ടത്തെ മറികടന്ന് ദൈവഹിതം നിറവേറ്റുന്നതിനു വേണ്ടി തന്നെത്തന്നെ ഒരുക്കലായിരുന്നു തിരുമേനിക്ക് പ്രാർത്ഥന. മുട്ടിൽ നിന്ന് കണ്ണീരൊഴുക്കി മുട്ടിപ്പായി പ്രാർത്ഥിക്കുന്ന തിരുമേനിയെ കൺനിറയെ നോക്കിനിന്നിരുന്നതായി പലരും സാക്ഷ്യം പറഞ്ഞതും അതുകൊണ്ടുതന്നെയാണ്.

ഈ പ്രാർത്ഥന നല്കിയ കരുത്താണ് തിരുമേനിയെ വിശുദ്ധിയിലേക്ക് ഉയർത്തിയത്. അതുകൊണ്ടാണ് "ജീവിതം ജയിക്കാൻ മാത്രമല്ല തോല്ക്കാൻ കൂടിയുള്ളതാണെന്ന്" ഉപദേശിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതും. തോല്ക്കാൻ പഠിച്ചിട്ടില്ലാത്ത മനുഷ്യരുടെ ദുരന്തകഥകളാണ് ഇന്ന് ഏറെ കേൾക്കുന്നത്. ജീവിതത്തെ വിശാലമായ വിപണിയാക്കിത്തീർക്കുകയും ആ വിപണിയിൽ തന്റേതായ എല്ലാം പരമാവധി ലാഭത്തിന് വില്ക്കുകയും വേണമെന്നാണ് ആഗോള ജീവിതതത്ത്വശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യനിൽ സ്വർഗ്ഗരാജ്യമുണ്ട് എന്നാണ് യേശുദേവൻ പറഞ്ഞത്. എപ്പോഴും മത്സരത്തിന് തയ്യാറാകുന്ന മനുഷ്യനിൽ വിപണിയുണ്ട്.

സ്വാഭാവികമായും എളിയവൻ ഇവിടെ ബഹിഷ്കൃതനായിത്തീരുന്നു. മനുഷ്യന് ലഭിച്ച എല്ലാ സിദ്ധികളെയും മത്സരത്തിന് ഉപയുക്തമാക്കുകയും എല്ലാ മത്സരങ്ങളിലും ജയിക്കണമെന്ന് ശഠിക്കുകയും ചെയ്യുന്ന ജീവിത തത്ത്വശാസ്ത്രം ഒരിക്കലും മനുഷ്യനെ തോല്ക്കാൻ പഠിപ്പിക്കുന്നില്ല. തോല്ക്കാനറിയാത്ത മനുഷ്യ ജീവിതമാണ് നരകം. ഈ നരകത്തിൽ നിന്നും മനുഷ്യനെ കരകയറ്റാണ് തിരുമേനി തന്റെ ജീവിതം മറുവിലയായി നല്കിയത്. ആ വിശുദ്ധ ജീവിതത്തിന്റെ ഗുണഭോക്താക്കളാണ് നാം. ■






# വാർത്തകളിലെ വ്യക്തികൾ

## സൈനിക സേവനത്തിലും കാർഷിക രംഗങ്ങളിലും മുന്നേറുന്ന, ചെറുപ്പക്കാർ.

നാട്ടിൻപുറത്തെ സാധാരണ ജീവിതസാഹചര്യങ്ങളിൽ വളർന്ന് പഠനത്തിൽ മികവു കാട്ടി ഉന്നത നിലയിലെത്തിയ സഹോദരങ്ങളാണ് ഡോ. മാത്യൂസ് എൽ. പാറേട്ടും, ക്യാപ്റ്റൻ ഡോ. മർക്കോസ് എൽ. പാറേട്ടും. അമേരിക്കയിലെ ഫ്ളോറിഡാ യൂണിവേഴ്സിറ്റിയുടെ ക്വിൻസിയിലുള്ള ലോകപ്രശസ്ത കൃഷി ഗവേഷണ കേന്ദ്രമായ നോർത്ത് ഫ്ളോറിഡാ റിസേർച്ച് & എഡ്യൂക്കേഷൻ സെന്റർ പ്ലാന്റ് പതോളജി ലാബിന്റെ ഉപമേധാവിയും ഫാക്കൽറ്റി അംഗവുമാണ് 34 കാരനായ ഡോ. മാത്യൂസ് എൽ. പാറേട്ട് സഹോദരൻ ക്യാപ്റ്റൻ ഡോ. മർക്കോസ് എൽ. പാറേട്ട് തന്റെ രാജ്യത്തിനായി സേവനം ചെയ്യാനാണ് നിശ്ചയിച്ചത്. ആർമി മെഡിക്കൽ കോറിന്റെ ഗോവയിലുള്ള നമ്പർ 2 സിഗ്നൽ ട്രെയിനിംഗ് സെന്ററിൽ ചീഫ് മെഡിക്കൽ ഓഫീസറാണ് 27 കാരൻ.

അലഹബാദിൽ നിന്നും അഗ്രികൾച്ചറിൽ മാസ്റ്റർ ബിരുദം നേടി. യുഎസ്സിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് ഹവായിൽ നിന്നും ഫുൾ സ്കോളർഷിപ്പോടെ പ്ലാന്റ് പതോളജിയിൽ ഡോക്ട്രേറ്റ് നേടിയ മാത്യൂസ് ഫ്ളോറിഡ

# ജയ് ജവാൻ, ജയ് കിസാൻ



ഡോ. മാത്യൂസ് എൽ. പാറേട്ട്





ക്യാപ്റ്റൻ ഡോ. മർക്കോസ് എൽ. പാറേട്ട്

യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ് ഡോക്ടറേറ്റ് സമ്പാദിച്ചു. വിവിധ രാജ്യങ്ങൾ സന്ദർശിച്ചു. 50-ൽ ഏറെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കോട്ടയം വാരിശ്ശേരി കല്ലുങ്കത്ര ജേക്കബ് കുര്യൻ-സാറാമ്മ ദമ്പതികളുടെ മകൾ-ഫിസിക്സ് നാനോ ഒപ്റ്റിക്സിൽ ഐ.ഐ.റ്റിയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. പുഷ്പ ആൻ കുര്യനാണ് ഭാര്യ. ഏകമകൻ ജോർജ് മാത്യൂസ് പാറേട്ട്.

ഇൻഡ്യൻ ആർമിയിലെ മികച്ച ഭിഷഗ്വരനായി 2011-ൽ ചീഫ് ഓഫ് ആർമി സ്റ്റാഫിന്റെ പ്രശംസാപത്രത്തിന് അർഹനായ ക്യാപ്റ്റൻ ഡോ. മർക്കോസ് എൽ. പാറേട്ടിന്റെ പ്രാഥമിക വിദ്യാഭ്യാസം വീടിനടുത്തുള്ള പള്ളം സെന്റ് പോൾസ് സ്ക്കൂളിൽ ആയിരുന്നു. മക്കളെ നല്ല നിലയിൽ എത്തിക്കാനായി അകലെ പട്ടണത്തിലെ സ്ക്കൂളിൽ അയച്ച് പഠിപ്പിച്ചിരുന്ന സമ്പ്രദായത്തോട് ഒട്ടും യോജിപ്പില്ലായിരുന്ന മാതാപിതാക്കൾ കുട്ടികൾക്ക് അർഹമായത് അവർക്ക് ലഭിക്കും എന്ന് ഉറപ്പുള്ളവരായിരുന്നു. പ്രതിഭയുടെ മേധാവിത്വവും ശരിയായ ശിക്ഷണവുമുണ്ടെങ്കിൽ എത്തപ്പെടാവതല്ലാതായി ഒന്നും ഉണ്ടാവില്ലെന്ന്. ലാൽ എം. പാറേട്ടും ഭാര്യ സൂസനും കരുതിയിരുന്നു. പുനെ ആംഡ് ഫോർഡ് മെഡിക്കൽ കോളേജിൽ നിന്നും പ്രശസ്തമായ നിലയിൽ മർക്കോസ് എം.ബി.എബി.എസ്. പാസ്സായി. ഗോഹട്ടി ആർമി ബേസ് ആശുപത്രിയിൽ സേവനം ആരംഭിച്ചു. ആർമി മെഡിക്കൽ കോറിൽ സെലക്ഷൻ ലഭിച്ചതിനെ തുടർന്ന് മണിപ്പൂർ 12-മ റാത്ത ലൈറ്റ് ഇൻഫന്റ്റിയിൻ ആർ.എം.ഒ. ആയി. ഈ കാലയളവിലെ സേവനത്തിനാണ് മികച്ച ആർമി ഡോക്ടർ എന്ന ബഹുമതി 2011 ആഗസ്റ്റ് 15-ന് അദ്ദേഹത്തിന് ലഭിച്ചത്. ആർമിയിലെ ചിട്ടപ്പെടുത്തിയ ജീവിതത്തെ കൂടുതലായി തന്റെ വരുതിക്ക് വരുത്തുവാൻ വേണ്ടി ഗാനാലാപനത്തിലും ഒഴിവു സമയങ്ങളിൽ ഫുട്ബോൾ കളിക്കുന്നതിലും ഡോക്ടർ സമയം കണ്ടെത്തിയിരുന്നു. എറണാകുളം, മുളന്തുരുത്തി പാവോടത്ത് കേണൽ ജേക്കബ് ജോർജ്ജ്-ലിസ ദമ്പതികളുടെ മകൾ ഡോ. മെറിൻ ജേക്കബാണ് മർക്കോസിന്റെ സഹധർമ്മിണി.

അനിതര സാധാരണമായ ബുദ്ധിവൈഭവവും, സ്ഥിരോത്സാഹവും, ചിട്ടയായ ജീവിതക്രമവും, ദൈവകൃപയുമാണ്. ഈ സഹോദരങ്ങളെ സഭയ്ക്കും, ഇടവകക്കാർക്കും, നാടിനും അഭിമാനമാക്കിയത്.

**- കെ. മാത്തൻ കരുനാട്ട്**

# സുവിശേഷ വേലയ്ക്കായി ഡോക്ടർമാർ



ഡേവിസ്



ജിനു വർഗീസ്

**പുതുപ്പാടി:** സെന്റ് പോൾസ് ബാലഭവനത്തിൽ നിന്നും ഡേവിസും, ബാലികാഭവനത്തിൽ നിന്ന് ജിനു വർഗീസും ഡോക്ടർമാരായി. പോണ്ടിച്ചേരി മെഡിക്കൽ കോളേജിൽ നിന്നും ബിരുദദാന ചടങ്ങിൽ ആശ്രമ സുപ്പീരിയർ സംബന്ധിച്ചു.

സുവിശേഷ വേലയ്ക്കായി പ്രവർത്തിക്കുവാൻ സഭ സ്പോൺസർ ചെയ്യുന്ന ഡോക്ടർമാരെയെങ്കിലും ലഭിക്കണമെന്ന് ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി വളരെയധികം ആഗ്രഹിച്ചിരുന്നു. കലഹണ്ടി മിഷനിൽ ആദ്യം ചിലർ പ്രവർത്തിച്ചിരുന്നുവെങ്കിലും, ഡോക്ടർമാരെ ലഭിക്കാത്തതിനാൽ പ്രവർത്തനം നിർത്തേണ്ടി വന്നു. സുവിശേഷ പ്രവർത്തനത്തിന് മെഡിക്കൽ മിഷനിലെ വർഗീസ് ഈപ്പനും കമ്മറ്റി അംഗങ്ങളും പോണ്ടിച്ചേരി മെഡിക്കൽ കോളേജിൽ പുതുപ്പാടി ബാലഭവനത്തിലെ രണ്ടു കുട്ടികളെ പഠിപ്പിച്ചു തരാം എന്ന് സമ്മതിച്ചു. പോണ്ടിച്ചേരി മെഡിക്കൽ കോളേജ് ചെയ്ത ഈ വലിയ സേവനത്തെ നന്ദിയോടെ സ്മരിക്കുന്നു. ഓർത്തഡോക്സ് സഭാ വകയായിട്ടുള്ള കോലഞ്ചേരി മെഡിക്കൽ മിഷൻ ഈ മാതൃക സ്വീകരിച്ചെങ്കിൽ എന്ന് ആശിച്ചുപോകുന്നു.

**- റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ**



പരിശുദ്ധന്റെ തിരുശേഷിപ്പ്

# കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങൾ




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ 1912 ൽ കാതോലിക്കേറ്റ് പുനഃസ്ഥാപിതമായതിന്റെ ശതാബ്ദി സഭയാകമാനം ആഘോഷിക്കുന്ന വേളയിൽ 1978 ൽ സ്ഥാപിതമായി 34 വർഷം പിന്നിടുന്ന 'മരുഭൂമിയിലെ പരുമല' എന്ന് അറിയപ്പെടുന്ന ഷാർജ സെയ്ന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയും ശതാബ്ദി ആഘോഷങ്ങൾ 2011 മേയ് 27 ന് മുതൽ വിവിധ പരിപാടികളോട് ആഘോഷിച്ചു വരികയാണ്. ഒന്നര വർഷം നീണ്ടുനിന്ന ഇടവകയിലെ ആഘോഷങ്ങളുടെ സമാപനം 2012 നവംബർ 15, 16 ന് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ മഹനീയ കാർമ്മികത്വത്തിൽ ഷാർജയിൽ വച്ച് വിപുലമായ പരിപാടികളോടെ നടത്തും.

ശതാബ്ദി ആഘോഷങ്ങളോട് അനുബന്ധിച്ച് സമൂഹത്തിന് മാതൃകയാക്കാവുന്ന ഏകദേശം ഒന്നരക്കോടി രൂപയുടെ മൂന്നു ജീവകാരുണ്യ പ്രവർത്തനങ്ങളാണ് ഇടവക ഏറ്റെടുത്ത് നടത്തിവരുന്നത്.

### 1. ദൈവാലയ നിർമ്മാണ പദ്ധതി.

പിന്നോക്കം നിൽക്കുന്ന ഇടവകകളെ സാമ്പത്തികമായി സഹായിച്ച് ദൈവാലയം നിർമ്മിച്ചു നൽകുന്ന ഇടവകയുടെ ദീർഘകാല പദ്ധതി അനുസരിച്ച് ഒരു ദൈവാലയം നിർമ്മിച്ചു നൽകുന്നതാണ്. ആദ്യ പദ്ധതി ഇതനുസരിച്ച് മലബാർ ഭദ്രാസനത്തിൽ നിലമ്പൂർ കരുവാരക്കുണ്ട് സെയ്ന്റ് ജോർജ്ജ് ഓർത്തഡോക്സ് ദൈവാലയം നിർമ്മാണം ഏറ്റെടുക്കുകയും ഏകദേശം 20 ലക്ഷം രൂപാ നിർമ്മാണചിലവായി. ദൈവാലയത്തിന്റെ കൂദാശ സഭയുടെ ശ്രേഷ്ഠ ആചാര്യന്മാരായ കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും മലബാർ ഭദ്രാസനാധിപൻ അഭി. ഡോ. സഖറിയാസ് മാർ തേയോഫിലോസ്, ചെന്നെ ഭദ്രാസനാധിപൻ അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറസ് സുൽത്താൻബോത്തേരി ഭദ്രാസാനാധിപൻ അഭി. ഡോ. എബ്രഹാം മാർ എപ്പിപ്പാനിയോസ് എന്നീ മെത്രാപോലിത്തന്മാരുടെ സഹ കാർമ്മികത്വത്തിലും ബഹു. വൈദികരുടെ സഹകരണത്തിലും 2012 ആഗസ്റ്റ് 24, 25 തീയതികളിൽ നടത്തി.

### 2. ഭവന നിർമ്മാണ പദ്ധതി.

കേരളത്തിൽ വിവിധ ഭദ്രാസനങ്ങളിൽപ്പെട്ട ഭവനരഹിതരായ പത്ത് പേർക്ക് ഇടവകയുടെ ചാരിറ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വീടുകൾ നിർമ്മിച്ച് നൽകുന്നതാണ് രണ്ടാമത്തെ പ്രോജക്ട് . ഈ പദ്ധതിയിലെ അഞ്ച് വീടുകളുടെ നിർമ്മാണം പൂർത്തിയായി. ഏകദേശം 2,50,000 രൂപാ വീതമാണ് ഓരോ ഉപഭോക്താവിനും ഇടവകയിൽനിന്നും കൊടുത്തത്. പൂർത്തിയായ വീടുകളുടെ താക്കോൽദാനം ദൈവാലയ കരുവാരക്കുണ്ട് കൂദാശയ്ക്ക് ശേഷം നടന്ന പൊതുസമ്മേളനത്തിൽവച്ച് നൽകി. മറ്റു വീടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിൽ എത്തിയിരിക്കുന്നു.

### 3. സാമൂഹികക്ഷേമ പദ്ധതി

സാധുസംരക്ഷണ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി, ക്രിസ്തീയ ദൗത്യം മറ്റുള്ളവർക്ക് ഉത്തമമാതൃകയാക്കി പ്രവർത്തിക്കുന്ന ഇടവകയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുതിയ മാനം പകർന്നു. പരുമല സെയ്ന്റ് ഗ്രിഗോറിയോസ് ഇന്റർ നാഷണൽ ക്യാൻസർ കെയർ സെന്ററിലെ ഇന്റൻസീവി കെയർ യൂണിറ്റിന്റെ ഒരു ബ്ലോക്ക് പൂർണ്ണമായും ഇടവക സ്പോൺസർ ചെയ്യുകയും ആയതിനുള്ള സാമ്പത്തിക സഹായമായി ഒരു കോടി രൂപാ നൽകും ഈ മൂന്നാമത്തെ പദ്ധതിയുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

### ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ പരിപാടികൾ

കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ എല്ലാ മാസത്തിലും കുറഞ്ഞത് രണ്ട് തവണയെങ്കിലും വി. കുർബ്ബാന ഇല്ലാത്ത ഒരു പള്ളിയും മലങ്കര സഭയിൽ ഉണ്ടാകരുത് എന്ന ലക്ഷ്യം മുൻനിർത്തി സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഇടവകകളെ സഹായിച്ചുകൊണ്ട് യുവജന പ്രസ്ഥാനം ഇടവക യൂണിറ്റിന്റെ നേതൃത്വത്തിൽ 2008 ൽ ആരംഭിച്ച കാഴ്ചകളോടെ തിരുസന്നിധിയിൽ എന്ന പദ്ധതി പ്രകാരം - ദൈവാലയങ്ങൾക്ക് നാളിതുവരെ സാമ്പത്തിക സാഹായം നൽകി.

മലങ്കര സഭാ ചരിത്രം ജനങ്ങൾക്കു മനസ്സിലാകത്തക്ക വിധത്തിൽ ലളിതമായ രീതിയിൽ മലങ്കര സഭയുടെ ചരിത്രം - ഒരു ലഘു പഠനം എന്ന പേരിൽ ഇടവകയുടെ ഒരു പഠന പരമ്പര ഔദ്യോഗിക പ്രസിദ്ധീകരണമായ ഗ്രിഗോറിയനിൽ പ്രസിദ്ധീകരിച്ചുവരുന്നു. 2010 മേയ് മാസം ആരംഭിച്ച ഈ പഠന പരമ്പരയുടെ 30 ലക്കം









## വിശുദ്ധ നന്മകൾ

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഷാർജ ഇടവക, വിവിധ ഭദ്രാസനങ്ങളിലായി നിർമ്മിച്ചു നൽകിയ ദൈവാലയങ്ങൾ

# മരുഭൂമിയിലെ പരുമലയിൽ

## സമാപനം 2012 നവംബർ 15, 16 തീയതികളിൽ





### കരുണം ; ദീപ്തം

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തിയ വിവിധ പരിപാടികൾ, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തുക കൈമാറൽ





പിന്നിട്ടു. പരിശുദ്ധന്മാരുടെയും സഭയെ നയിച്ച പിതാക്കന്മാരുടെയും ഓർമ്മപ്പെരുന്നാൾ ആചരിച്ച ദിവസങ്ങളിൽ ഗ്രിഗോറിയന്റെ വിശേഷാൽ പതിപ്പുകൾ പ്രസിദ്ധീകരിച്ചുവരുന്നു.

സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കായി ദ്വിദിന ഓറിയെന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചു. കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഇരുന്നൂറ്റമ്പതോളം പഴയതും പുതിയതുമായ പാട്ടുകളും നിത്യപ്രാർത്ഥനകളും മദ്ധ്യസ്ഥ പ്രാർത്ഥനകളും ചേർത്ത് ഒരു പാട്ടുപുസ്തകം (മധുരഗീതങ്ങൾ മൂന്നാം പതിപ്പ്) പ്രസിദ്ധീകരിച്ചു. ഇടവകയിലെ പ്രാർത്ഥനാ ഗ്രൂപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്റർ പ്രയർ ഗ്രൂപ്പ് ക്വിസ് മത്സരം യു. എ. ഇ തലത്തിൽ ഉപന്യാസ മത്സരം ഷാർജയിലെ സഹോദരി സഭകളിലെ സൺഡേ സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ച് ഇന്റർ ചർച്ച് പെയിന്റിംഗ് മത്സരം എന്നിവ സംഘടിപ്പിച്ചു.

പരുമല ക്യാൻസർ സെന്ററിന്റെ ധനശേഖരണവും കൂടി കണക്കിലെടുത്ത് ഈ വർഷത്തെ ഹാർവെസ്റ്റ് ഫെസ്റ്റിവൽ വിപുലമായി സംഘടിപ്പിച്ചു. ഇടവക പെരുന്നാളിനോട് അനുബന്ധിച്ച് ബഹു. ഫാ. അജി തോമസ്സ് (മാവേലിക്കര) ഫാ. ജോൺ മാത്യു (നിരണം) ഫാ. തോമസ്സ് പി. നൈനാൻ (ചെങ്ങന്നൂർ) എന്നീ വൈദീകർ നയിച്ച സ്നേഹദൂത് എന്ന തിരുവചന - ഗാനശുശ്രൂഷയും കൗൺസിലിംഗും സംഘടിപ്പിച്ചു.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ട് തുടർന്ന് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ആഘോഷ പരിപാടികൾ നവംബർ 9, 10, 11 തീയതികളിൽ MGOCSM ഇടവക യൂണിറ്റിന്റെ നേതൃത്വത്തിൽ മലങ്കര സഭയുടെ ചരിത്രം വിശദമാക്കുന്ന മലങ്കര സഭാ ചരിത്ര വീഥികളിലൂടെ ഫോട്ടോ പ്രദർശനം.നവംബർ 15 ഷാർജയിലുള്ള എല്ലാ സഹോദരീ സഭകളിലെയും ബഹു വൈദീകരേയും ആഫീസ് ഭാരവാഹികളേയും പങ്കെടുപ്പിച്ചുകൊണ്ട് പരി. ബാവാ തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ എക്യൂമിനിക്കൽ സമ്മേളനം.

നവംബർ 16 ന് യു. എ. ഇ - ലുള്ള ഓർത്തഡോക്സ് ഇടവകകളിലെയും ബഹു വൈദീകരും ആഫീസ് ഭാരവാഹികളും മലങ്കര അസോസ്സിയേഷൻ ഇടവക പ്രതിപുരുഷന്മാരും ഭദ്രാസന അസംബ്ലി ആംഗങ്ങളും സഭാ മാനേജിംഗ് കമ്മിറ്റി ഭദ്രാസന കൗൺസിൽ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് പരി. കാതോലിക്കാബാവാ തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ മലങ്കര സഭാ പ്രതിനിധി സമ്മേളനം

മാതൃഇടവകയായ ദുബായ് സെയ്ന്റ് തോമസ്സ് ദൈവാലയത്തിൽ നിന്നും യുവജന പ്രസ്ഥാനം ഷാർജ യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന ശതാബ്ദി ദീപശിഖാ പ്രയാണം.

* * * *

2011 മേയ് 27 ന് ഡൽഹി ഭദ്രാസന മേത്രാപ്പോലിത്താ അഭി. ഡോ. യൂഹാനോൻ മാർ ദിമത്രിയോസ് മെത്രാപോലിത്താ തിരുമേനി തിരുമനസ്സുകൊണ്ട് ഭദ്രദീപം തെളിച്ച് ആരംഭിച്ച് വിവിധ പരിപാടികളോടെ ഒന്നര വർഷക്കാലം നീണ്ടുനിന്ന ഇടവകയിലെ ആഘോഷങ്ങളുടെ സമാപനം 2012 നവംബർ 16 ന് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സിന്റെ മഹനീയ കാർമ്മികത്വത്തിൽ ഷാർജയിൽ വച്ച് നടത്തപ്പെടുന്നു.

മലങ്കര സഭയുടെ ശക്തിയും പ്രൗഢിയും വിളിച്ചോതുന്ന തരത്തിൽ പരി. കാതോലിക്കബാവയെ ഹംസരഥത്തിൽ ദൈവാലയത്തിൽ നിന്നും സമാപന പൊതുസമ്മേളന വേദിയായ സെയ്ന്റ് തോമസ്സ് നഗറിലേക്ക് സ്വീകരിച്ചാനയിക്കുന്നു. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ കേന്ദ്ര സംസ്ഥാന രാഷ്ട്രീയ നേതാക്കളും സാംസ്ക്കാരിക നായകരും മറ്റു വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്നു.

ഡൽഹി ഭദ്രാസനാധിപനായിരുന്ന കാലംചെയ്ത അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ്സ് തിരുമേനിയുടെ പാവനസ്മരണയ്ക്കായ് ഇടവക ഏർപ്പെടുത്തിയ അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെന്റ് ആന്റ് എഡ്യൂക്കേഷണൽ അവാർഡിന്റെ പ്രഥമ അവാർഡ് ദാനം സമാപന പൊതുസമ്മേളനത്തിൽ വച്ച് നടത്തുന്നു. വിദ്യാഭ്യാസം കലാ സാഹിത്യം പൊതുപ്രവർത്തനം വ്യവസായസംരക്ഷകൻ ആതുരസേവനരംഗങ്ങളിൽ പൊതുസമൂഹത്തിന് മികച്ച സംഭാവനകൾ നൽകികൊണ്ടിരിക്കുന്നതും സഭയോട് ആഭിമുഖ്യമുള്ളവരുമായ അഞ്ചു വ്യക്തിത്വങ്ങളെ സമാപന പൊതുസമ്മേളനത്തിൽവച്ച് ആദരിക്കുന്നു.

സമാപനത്തോടനുബന്ധിച്ച് കെഫാലിസ് (ചുരുൾ) എന്ന പേരിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നു. പ്രശസ്ത പിന്നണി ഗായകൻ ശ്രീ. ജി. വേണുഗോപാലും സംഘവും അവതരിപ്പിക്കുന്ന സംഗീത സന്ധ്യ സമ്മേളനാനന്തരം നടത്തപ്പെടുന്നു.

## കൂടൽ സെന്റ് മേരീസ് ഓർത്തഡോക്സ് ദൈവാലയം

# മഹാഇടവക പ്രഖ്യാപനം

### നവംബർ 4 ഞായറാഴ്ച



**പ.** ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാതിരുമനസ്സിലെ കല്പന പ്രകാരം ശ്രീ ചിത്തിര തിരുന്നാൾ ബാലരാമവർമ്മ മഹാരാജാവിന്റെ വിളംബരത്തോടുകൂടി 1933-ൽ കൂദാശ ചെയ്യപ്പെട്ട് ആരാധന ആരംഭിച്ച കൂടൽ സെന്റ് മേരീസ് ദേവാലയം സ്ഥാപിതമായിട്ട് 80 കൊല്ലം പൂർത്തിയാകുന്നു. ഇടവകയുമായി ബന്ധപ്പെട്ട കൂടൽ കൺവൻഷൻ സുപ്രസിദ്ധമാണ്.

ഇടവകയിൽ 650-ൽപ്പരം കുടുംബങ്ങളും 3 ചാപ്പലുകളും 7 കുരിശിൻ സൗധങ്ങളും ആത്മീയ ഔന്നത്യത്തിൽ പരിലസിക്കുന്നു. ആദ്ധ്യാത്മിക സംഘടനകൾ ഇടവകയുടെ ആത്മീകോന്നതിക്കായി അശ്രാന്തം പരിശ്രമിക്കുന്നു. 7 വൈദിക സ്ഥാനികൾ ഇടവകാംഗങ്ങളായിട്ടുമുണ്ട്. ഇടവകയോട് ചേർന്ന് ഒരു സ്ക്കൂളും നിലവിലുണ്ട്.

അടൂർ കടമ്പനാട് ഭദ്രാസനത്തിലെ ഒരു പ്രധാന ദേവാലയമെന്ന പരിഗണനയിൽ പ. ബാവാ തിരുമനസ്സുകൊണ്ട് ഈ ഇടവകയെ **ഒരു മഹാ ഇടവകയായി പ്രഖ്യാപിക്കുകയാണ്.** നവം. 4 ഞായറാഴ്ച പരിശുദ്ധ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ വിശുദ്ധ കുർബ്ബാനാനന്തരം പ്രഖ്യാപനം നിർവ്വഹിക്കുന്നു. അഭി. തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷത വഹിക്കുന്നു. സാമുദായിക സാംസ്ക്കാരിക പ്രമുഖർ സംബന്ധിക്കുന്നു.





ഫാ. ജോസഫ് സാമുവേൽ (വികാരി)



ഫാ. ജെയിംസ് ഐപ്പ് (അസി. വികാരി)

# കർമ്മമേഖല : ആത്മാർത്ഥതയും സുതാര്യതയും



കോരസൺ വർഗീസ്, ന്യൂയോർക്ക്
(സഭാ മാനേജിംഗ് കമ്മറ്റിയംഗം)

നമ്മുടെ കേരള സമൂഹത്തിൽ എല്ലാവർക്കും സ്വന്തം കാര്യത്തേക്കാൾ താൽപര്യം മറ്റുള്ളവരുടെ കാര്യത്തിലാണെങ്കിൽ, അമേരിക്കയിൽ കഴിവതും എല്ലാവരും സ്വന്തം കാര്യങ്ങൾ ക്രമപ്പെടുത്തി തിരക്കിട്ടു ജീവിക്കുന്നു.

പുതിയ പാതകൾക്ക് ഇടം തേടുന്ന യുവത്വത്തിന്റെ കരുത്താണ്, ഡോ. ജോർജ് ജോസഫിനെ വ്യത്യസ്ഥനാക്കുന്നത്. അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് ഹൃസ്വസന്ദർശനത്തിനാണ് അമേരിക്കയിൽ എത്തിയത്. കേരള രാഷ്ട്രീയ സാമുദായിക മേഖലകളെപ്പറ്റി അദ്ദേഹം ഹൃദയം തുറക്കുന്നു:

**അമേരിക്കൻ മലയാളികളെ ക്കുറിച്ചുള്ള അഭിപ്രായം?**

അമേരിക്കയിൽ ആദ്യമായാണ് എത്തുന്നത്. ഇവിടെ എല്ലാത്തിനും ഒരു അടുക്കും ചിട്ടയുമുണ്ട് എന്നു ബോധ്യപ്പെട്ടു. നിയമങ്ങളെ മാനിച്ചുകൊണ്ടും, പരസ്പരം ബഹുമാനപൂർവ്വം മുമ്പോട്ടു പോകുന്ന ഒരു ജനതതി. നമ്മുടെ കേരള സമൂഹത്തിൽ എല്ലാവർക്കും സ്വന്തം കാര്യത്തേക്കാൾ താൽപര്യം മറ്റുള്ളവരുടെ കാര്യത്തിലാണെങ്കിൽ, അമേരിക്കയിൽ കഴിവതും എല്ലാവരും സ്വന്തം കാര്യങ്ങൾ ക്രമപ്പെടുത്തി തിരക്കിട്ടു ജീവിക്കുന്നു. എന്നാൽ നമ്മുടെ സംസ്ക്കാരത്തിന്റെ നല്ല വശങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ഇവിടുത്തെ സംസ്ക്കാരത്തോടു യോജിച്ചു പോകേണ്ടത് ആവശ്യമാണ്. തനതായ സംസ്ക്കാരം നിലനിർത്തണമെങ്കിൽ ഭാഷ നിലനിൽക്കേണ്ടത് ആവശ്യമാണ്. കേവലം സംവദിക്കുക മാത്രമല്ല ഭാഷ കൊണ്ടു ഉദ്ദേശിക്കുന്നത്. പുതിയ തലമുറയെ മലയാള ഭാഷ പഠിപ്പിക്കുകയും, മലയാളം ഇവിടെ പരിപോഷിപ്പിക്കുകയും ചെയ്യണം. അദ്ധ്വാന ശീലരും സൗഹൃദയരുമായ മലയാളികൾ സംഘടനകൾ വഴിയും, മാധ്യമങ്ങൽ വഴിയും തങ്ങളുടെ ഭാഷയെയും, സംസ്ക്കാരത്തെയും നിലനിർത്താൻ കാണിക്കുന്ന താൽപര്യം ശ്ലാഘനീയമാണ്.

**സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കുവാൻ പരിമിതികൾ...?**

സെക്രട്ടറി എന്ന രീതിയിൽ പ്രവർത്തിക്കുവാൻ പരിമിതികളോ, പ്രതിബന്ധങ്ങളോ ഇല്ല. സഭയുടെ അദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവയും മെത്രാപ്പോലീത്തന്മാരും വളരെ നല്ല അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകി സഹായിക്കുന്നുണ്ട്. വൈദിക-അത്മായ നേതൃത്വത്തിൽ നിന്നും കിട്ടുന്ന സഹകരണവും സന്മനസ്സുമാണ് പ്രവർത്തനത്തിന്റെ ഊർജ്ജം.

**രണ്ടാമൂഴം വൻ ജനപിന്തുണ ലഭിച്ചതിനു പിന്നിലെ രഹസ്യം എന്താണ്?**

വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും, നേരോടെ നിർഭയമായി വസ്തുതകളെ വിലയിരുത്തുകയും ചെയ്യുമ്പോൾ ചിലർ അസ്വസ്ഥരായേക്കാം. എന്നാലും പ്രവർത്തനത്തിലെ ആത്മാ ർത്ഥതയും സുതാര്യതയും ബോധ്യപ്പെട്ടതിനാലാകാം സമുദായാംഗങ്ങൾ ശക്തമായി പിന്തുണയ്ക്കുന്നത്.

**കേരളത്തിലെ ഇരുമുന്നണികളിൽ നിന്നും മലങ്കരസഭക്ക് നീതി ലഭിക്കുന്നില്ല എന്ന ആരോപണം എങ്ങനെ കാണുന്നു...?**

കേരളത്തിൽ മുന്നണി മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും നീതി നിർവഹണത്തിൽ കനത്ത വീഴ്ചയാണ് ഉണ്ടാകുന്നത്. കോടതി വിധികൾക്ക് കടലാസിന്റെ വിലപോലും നൽകാൻ തയ്യാറാകാത്ത അവസ്ഥ സർക്കാരിന്റെ ജീർണതയാണ് വ്യക്തമാക്കുന്നത്. മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു അംഗമായ ശ്രീ. ഉമ്മൻചാണ്ടി കേരള മുഖ്യമന്ത്രിയായി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിൽ അഭിമാനമുണ്ട്.

ഓരോ പ്രദേശത്തെയും പള്ളി തർക്കങ്ങൾ, കോടതിവിധി പ്രകാരം തന്നെ നിർവ്വഹിക്കപ്പെടണം. അതിൽ നിന്നും പിന്നോട്ടു പോകുന്ന പ്രശ്നമില്ല. മലങ്കര സഭയല്ല കോടതിയെ സമീപിച്ചത് പല തർക്കങ്ങളിലും മദ്ധ്യസ്ഥതയോ, ഹിതപരിശോധനയോ ആകാമായിരുന്നെങ്കിൽ വർഷങ്ങൾ നീണ്ടു നിന്ന ശ്രമകരമായ കേസുകൾ എന്തിനുവേണ്ടിയായിരുന്നു 1934-ലെ ഭരണഘടനയും സുപ്രീം കോടതി യിലെ വിവിധ വിധികളും ഇരുഭാഗങ്ങളും അംഗീകരിച്ച നിലക്ക് വ്യവസ്ഥാപിതമായ യോജിപ്പാണ് അഭികാമ്യം. അല്ലാതെ വീതം വച്ചു പിരിയുക ക്രിസ്തീയമല്ല.

**സഭകൾക്കും പള്ളികൾക്കും സമ്പത്ത് വർദ്ധിക്കുന്നതായി പറയുന്നു. എന്താണ് അഭിപ്രായം**

ക്രൈസ്തവ സഭകളുടെ സമ്പത്ത് വർദ്ധിക്കുവെന്നത് അംഗങ്ങൾ അവരുടെ സമുദായ നേതൃത്വത്തിൽ വിശ്വാസം അർപ്പിക്കുന്നതു കൊണ്ടാവാം മലങ്കര ഓർത്തഡോക്സ് സഭയിൽ വളരെ

*ശേഷം 45-ാം പേജിൽ*

# പാവന സ്മരണയ്ക്ക്

## ഒന്നാം ഓർമ്മ, 28-11-2012



ജനനം
28 – 11 – 1923

മരണം
28 – 11 – 2012


# വെരി. റവ. കെ.ജി. ഗീവർഗീസ് കോർ എപ്പിസ്കോപ്പാ

*Inserted by*

Paily Vathiattu, Kelakam

(Managing Committee Member, Sulthan Bathery)

28–11–2012 ന് കേളകം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ ഡോ. എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബ്ബാന നടത്തപ്പെടുന്നതാണ്.



# സ്വർഗ്ഗീയ ഭവനത്തിൽ ഒന്നാം പിറന്നാൾ

# വന്ദ്യ. കെ .ജി ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പ (വല്യച്ചൻ)

**ജനനം 28-11-1923, മരണം 28-11-2011**

ഒരു കുടിയേറ്റ ജനതയുടെ മുഴുവൻ ആത്മീയ പിതാവും മാർഗ്ഗ ദീപവുമായി മാറിയ വന്ദ്യ. കെ. ജി ഗീവർഗ്ഗീസ് കോർ - എപ്പിസ്കോപ്പ അച്ചൻ എല്ലാവരുടെയും പ്രിയപ്പെട്ട വല്യച്ചൻ ദൈവസദനത്തിൽ ചേക്കേറിയതിന്റെ ഒന്നാം വാർഷികം 28-11-2012 ന് ആചരിക്കുകയാണ്. തന്റെ ജീവിതം മുഴുവനും താൻ സമർപ്പിച്ച, 44 വർഷക്കാലം വികാരിയായി സേവനമനുഷ്ഠിച്ച വല്യച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കേളകം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വിപുലമായ ആചരണ പരിപാടികളാണ്. ക്രമീകരിച്ചിട്ടുള്ളത് അന്നേ ദിവസം വി. കുർബാനാനന്തരം ഇടവക മെത്രാപോലീത്ത അഭി. എബ്രാഹാം മാർ എപ്പിഫാനിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ പള്ളിയിൽ ചേരുന്ന വന്ദ്യ കെ. ജി ഗീവർഗ്ഗീസ് കോർ- എപ്പിസ്കോപ്പ അച്ചന്റെ അനുസ്മരണസമ്മേളനത്തിൽ സഭാസ്ഥാനികർ, മന്ത്രിമാർ, എം എൽ എ മാർ തുടങ്ങിയ സാമുദായിക സാംസ്കാരിക സാമൂഹിക രംഗത്തെ പ്രമുഖർ പങ്കെടുക്കുന്നു.



**വികാരി, ഫാ. അനീഷ് ജോർജ് മാമ്പള്ളിൽ**

പത്തനംതിട്ടയിലെ നരിയാപുരത്ത് മുണ്ടക്കൽ ഇല്ലം കുടുംബത്തിൽ ഗീവർഗ്ഗീസ് മറിയം ദമ്പതികളുടെ മകനായി 28-11-1923 ൽ ജനിച്ച അച്ചൻ സ്ലീബാദാസ സമൂഹത്തിന് വേണ്ടി പ്രവർത്തിച്ചാണ് ദൈവവേലയിലേക്ക് കടന്നു വന്നത്. 26-08-1954 ൽ ഭാഗ്യ സ്മരണീയനായ അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയിൽ നിന്നും ശെമ്മാശപ്പട്ടവും 24-10-1954 ൽ വൈദീക പട്ടവും സ്വീകരിച്ചു.

1955 ൽ ബ്രഹ്മവാർ കത്തിഡ്രൽ വികാരിയായി തന്റെ പൗരോഹിത്യ ശുശ്രൂഷ അനുഷ്ഠിച്ച വല്യച്ചൻ 1956 ൽ കേളകം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ വികാരിയായി ചുമതലയേറ്റു. തുടർന്നുള്ള 44 വർഷക്കാലം ഈ ഇടവകയെ നയിച്ച അച്ചൻ ഇതിനിടയിൽ മലയോരമേഖലകളിൽ 19 ഓളം പള്ളികൾ സ്ഥാപിക്കുകയും അതിനെ വളർത്തുകയും ചെയ്തു.വടക്കൻ മലബാറിൽ സഭയെ വളർത്തുകയും വിശ്വാസ തീഷ്ണതയിൽ ഉറപ്പിക്കുകയും ചെയ്തതിൽ വന്ദ്യ കെ ജി ഗീവർഗ്ഗീസ് കോർ- എപ്പിസ്കോപ്പ അച്ചന്റെ പങ്ക് മലങ്കര സഭാ ചരിത്രത്താളുകളിൽ രേഖപ്പെടുത്തേണ്ടതാണ്. അച്ചന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 23-01-1986 ൽ വലിയ ബാവ തിരുമനസ്സിന്റെ കരങ്ങളാൽ സഭ അച്ചനെ കോർ- എപ്പിസ്കോപ്പയായി ഉയർത്തി.

അപൂർവ്വങ്ങളിൽ അത്യപൂർവ്വമായി ലഭിക്കുന്ന ജനന ദിവസം തന്നെ മരിക്കുക എന്ന സൗഭാഗ്യപൂർണ്ണമായ മരണമാണ് വല്യച്ചന് ലഭിച്ചത് . ദൈവ നിയോഗപ്രകാരമുള്ള കർമ്മങ്ങളെല്ലാം പൂർത്തിയാക്കി 2011 നവംബർ 28 ന് രാത്രി 8.50 ന് വൈദീകരും നൂറുകണക്കിന് വിശ്വാസികളും പ്രാർത്ഥനാ മന്ത്രങ്ങൾ ഉരുവിട്ട് കൊണ്ടിരിക്കുമ്പോൾ വല്യച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. എങ്കിലും അദൃശ്യ സാന്നിധ്യമായി എല്ലാവരുടെയും പ്രിയ വല്യച്ചൻ ഈ ഇടവകയിലും ജനങ്ങളുടെ മനസ്സിലും സജ്ജീവമാണ്. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഇടവകക്കു വേണ്ടി. ■

# ഇലകൾ തളിർത്തതും, പൂക്കൾ വിടർന്നതും..!

## വളർച്ചയുടെ പടവുകളിലൂടെ – ഷാർജ ഇടവക ചരിത്രം







ഫാ. എബ്രഹാം ജോൺ
(ഇടവക വികാരി)




ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഗൾഫ് നാടുകളിൽ വ്യാവസായിക അടിസ്ഥാനത്തിൽ എണ്ണ ഉൽപാദനം തുടങ്ങിയപ്പോൾ മധ്യപൂർവ്വദേശങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥം വന്നവരിൽ നൂറുകണക്കിന് മലങ്കര സഭയുടെ മക്കളും ഉൾപ്പെട്ടിരുന്നു. കൃത്യനിഷ്ഠയോടുകൂടി ആരാധനയിൽ പങ്കെടുക്കണമെന്നുള്ള ദൃഢനിശ്ചയവും ആഗ്രഹവും ശ്രമങ്ങളും ചെയ്തതിന്റെ ഫലമായി ആരാധനാ സ്വാതന്ത്ര്യവും തുടർന്ന് ദൈവാലയങ്ങൾ പണിയുവാനും ശുശ്രൂഷ നടത്തുവാൻ വൈദികരെ കൊണ്ടുവരുവാനും യു. എ. ഇ രൂപംകൊള്ളുന്നതിന് മുമ്പ് തന്നെ ഇവിടുത്തെ ഭരണാധിപന്മാർ മലങ്കര സഭയുടെ മക്കൾക്ക് അനുവാദം നൽകി. അങ്ങനെ ദൈവനാമത്തിൽ 34 വർഷങ്ങൾക്ക് മുമ്പ് ഷാർജയിൽ കൂടിവന്ന 18 അംഗങ്ങൾ മാത്രമായ ചെറിയ പ്രാർത്ഥനാ കൂട്ടമാണ്. മലങ്കര സഭയുടെ പ്രഥമ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ നാമത്തിൽ 1978 ൽ സ്ഥാപിതമായ ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക.

സ്വന്തമായി ഒരു ദൈവാലയം നിർമ്മിക്കുന്നതുവരെ സെയ്ന്റ് മൈക്കിൾസ് എക്യുമിനിക്കൽ ചർച്ചിൽ വച്ചാണ് ആരാധനകൾ നടന്നുപോകുന്നത്. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മാത്രമായി ഷാർജയിൽ ഒരു ദൈവാലയം പണിയുവാനുള്ള വസ്തു ഷാർജ ഭരണാധികാരി ആദരണീയനായ ഡോ. ഷെയ്ക്ക് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസ്മി 1994 ൽ ഇഷ്ടദാനമായി നൽകി 1994 ജൂലൈ 2–ാം തീയതി ശിലാസ്ഥാപനം നടന്ന ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് അന്നത്തെ മലങ്കര മെത്രാപ്പോലീത്തായും പരിശുദ്ധ കാതോലിക്കാബാവായുമായിരുന്ന ഭാഗ്യസ്മരണാർഹനായ മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിലും മറ്റ് മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും യു. എ. ഇയിലുള്ള എല്ലാ വൈദികരുടെയും ബഹുശതം സഭാ വിശ്വാസികളുടെ സാന്നിദ്ധ്യത്തിലും (1995 മാർച്ച് 31–ാം തീയതി) ദൈവാലയ കൂദാശയും സമർപ്പണവും നടന്നു.

വി. ദൈവാലയം 1995 ൽ കൂദാശ ചെയ്യപ്പെടുമ്പോൾ ഏകദേശം 450 അംഗങ്ങൾ മാത്രമുണ്ടായിരുന്ന ഈ ഇടവക 2007–2008 കാലഘട്ടമായപ്പോഴേക്കും യു. എ. ഇയിലെ അഞ്ച് എമിറേറ്റുകളിൽ നിന്നുള്ള 2300 ൽപ്പരം മലങ്കര ഓർത്തഡോക്സ് സഭാവിശ്വാസികൾ അംഗങ്ങളായുള്ള വലിയൊരു ഇടവകയായി മാറി. ഇടവകാംഗങ്ങൾ വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ കൂടുതൽ വിശ്വാസികൾക്ക് ആരാധനയിൽ പങ്കെടുക്കത്തക്കവണ്ണം ഏറിയ കൂടുതലായി കിട്ടുന്ന തരത്തിൽ വി. ദൈവാലയം 2009 ൽ നവീകരിക്കുകയും ആയതിന്റെ കൂദാശ സഭയുടെ ശ്രേഷ്ഠ ആചാര്യന്മാരാൽ 2009 നവംബറിൽ നടത്തപ്പെടുകയും ചെയ്തു.

ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സഭാരത്നം കാലം ചെയ്ത അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ 1980 ൽ ഭക്ത്യാദരപൂർവ്വം ഇടവകയിൽ സ്ഥാപിക്കപ്പെട്ടു. ഇടവകയുടെ സമസ്ത മേഖലകളിലേയും പ്രവർത്തനങ്ങളുടെ പുരോഗതിയും താൽപര്യവും പരിശുദ്ധ സഭയോടും സഭാ പിതാക്കന്മാരോടുമുള്ള കൂറും സ്നേഹവും കണക്കിലെടുത്ത് 2009 നവംബർ 16 വെള്ളിയാഴ്ച വി. ദൈവാലയം നവീകരിക്കപ്പെട്ട് കൂദാശ ചെയ്യപ്പെട്ടതിനോട് അനുബന്ധിച്ച് നടന്ന വി. മൂന്നിന്മേൽ കുർബ്ബാന മദ്ധ്യേ മലങ്കരയുടെ പുണ്യവാനായ പരി. പരുമല കൊച്ചുതിരുമേനിയുടെ വന്ദ്യ നാമത്തിൽ. ആലംബഹീനരുടെ ആശാകേന്ദ്രമായി ഈ മരുഭൂമിയിൽ പ്രശോഭിക്കുന്ന ഷാർജ ഇടവകയെ മരുഭൂമിയിലെ പരുമലയായി നാമകരണം ചെയ്തുകൊണ്ട് പരി:കതോലിക്കാ ബാവാ തിരുമേനി പ്രഖ്യാപിച്ചു.

വി. കുർബ്ബാന എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലും രാവിലെയും, മാസത്തിലെ രണ്ടാമത്തേയും, നാലാമത്തേയും വെള്ളിയാഴ്ചകളിൽ വൈകിട്ടും എല്ലാ ദിവസങ്ങളിലും സന്ധ്യ നമസ്ക്കാരവും, മോറാനായ പെരുന്നാളുകൾ പരി. സഭയുടെ കലണ്ടർ പ്രകാരവും നടന്നുവരുന്നു. വിശുദ്ധ ദൈവമാതാവിനോടും പരിശുദ്ധ പരുമല തിരുമേനിയോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ചൊവ്വാഴ്ചയും, വ്യാഴാഴ്ചയും സന്ധ്യാ നമസ്ക്കാരത്തിനു ശേഷവും, ഉപവാസ പ്രാർത്ഥന എല്ലാ ബുധനാഴ്ചകളിൽ രാവിലെയും മുടക്കം കൂടാതെ നടന്നു വരുന്നു.. പരി

# ഇലകൾ തളിർത്തതും, പൂക്കൾ വിടർന്നതും..!

## വളർച്ചയുടെ പടവുകളിലൂടെ – ഷാർജ ഇടവക ചരിത്രം




ശുദ്ധ പരുമല തിരുമേനിയുടെ ഇടവക പെരുന്നാളും, എല്ലാ പരിശുദ്ധന്മാരുടെയും, പെരുന്നാളുകളും, മാറാനായ പെരുന്നാളുകളും, സഭാപിതാക്കന്മാരുടെ പെരുന്നാളുകളും ആഘോഷസമന്വിതം നാട്ടിലെപോലെ തന്നെ അതാത് സമയങ്ങളിൽ നടത്തിവരുന്നു. ഇടവക 16 ഏരിയ ആയി തിരിച്ച് എല്ലാ പ്രർത്ഥനായോഗങ്ങളും ഒരോ പരിശുദ്ധന്മാരുടെയും ശുദ്ധമതികളുടെയും പേരിലുമാണ് അറിയപ്പെടുന്നത്. പ്രാർത്ഥന യോഗങ്ങൾ വി:ദൈവാലയത്തിൽവെച്ച് ക്രമമായി നടന്നുവരുന്നു.

യുവജനപ്രസ്ഥാനം, മർത്തമറിയം, വനിതാ സമാജം, സൺഡേ സ്കൂൾ, എം.ജി.ഒ.സി.എസ്സ്.എം തുടങ്ങി എല്ലാ ആദ്ധ്യാത്മിക സംഘടനകളും അതിന്റെ അംഗസംഖ്യകൊണ്ടും,അതാതിന്റെ പ്രഖ്യാപിത ലഷ്യങ്ങളിൽ നിന്നു കൊണ്ടുള്ള ഇടവകയിലെ പ്രവർത്തനങ്ങൾ ശ്ലാഘനീയവും, ഉന്നത നിലവാരം പുലർത്തുന്നവയുമാണ്

മലങ്കരസഭാ ഭരണഘടനയ്ക്ക് വിധേയമായും, ഈരാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമായും 1980-ൽ എഴുതി ഉണ്ടാക്കിയ ബൈലോ പ്രകാരമാണ് ഇടവകയുടെയും, ഇടവകയിലെ ആദ്ധ്യാത്മിക സംഘടനകളുടെയും ദൈനംദിന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും 1985, 1992, 1998, 2001, 2004, 2010 എന്നീ വർഷങ്ങളിൽ റിവൈസ് ചെയ്യുകയും ചെയ്ത ഇടവക ബൈലോയുടെ അടിസ്ഥാന ത്തിൽ തികച്ചും ജനാധിപത്യപരവും, സുതാര്യവും മാതൃകാപരവുമായ ഭരണമാണ് ഇടവകയിൽ നടന്നു കൊണ്ടിരിക്കുന്നത്.

ഇടവകയിലെ സാധാരണക്കാരായ അംഗങ്ങൾക്ക് അവരുടെ ജോലിസ്ഥലത്ത് വച്ചോ, അല്ലാതെയോ എന്തെങ്കിലും അപകടം സംഭവിച്ചാൽ അവരെ സഹായിക്കുവാൻ 2006 ൽ ഗ്രൂപ്പ് ഇൻഷറൻസ് പദ്ധതിക്കും 2007 ൽ മെംബേഴ്സ് വെൽഫെയർ സ്കീമും മലങ്കര സഭയിൽ ഇടവകയിൽ ആരംഭിച്ചു. മറ്റേത് സമൂഹത്തിനും മാതൃകയാക്കുവാൻ എന്തുകൊണ്ടും ഉത്തമമായ ഈ സുരക്ഷാ പദ്ധതികളുടെ പ്രയോജനം നാനാതുറകളിലുള്ള ഇടവകാംഗങ്ങളുടെ ജീവിതത്തിന് സുരക്ഷ പ്രദാനം ചെയ്യുന്നുവെന്നുള്ളത് തർക്കമില്ലാത്ത വസ്തുതയാണ്.

ഇടവകജനങ്ങൾ പരസ്പരം കൂടുതൽ അറിയുവാനും വ്യക്തിഗത സഹകരണം ഉണ്ടാകുന്നതിനും വേണ്ടി 1980 മുതൽ പാരിഷ് ഡയറക്ടർ പ്രസിദ്ധീകരിക്കുന്നുണ്ട്. രൂപീകരണ കാലഘട്ടങ്ങളിൽ തന്നെ ആരംഭിച്ച പാരിഷ് ബുള്ളറ്റിൻ -ഗ്രിഗോറിയൻ- എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച മുടക്കം കൂടാതെ പ്രസിദ്ധീകരിച്ച് വരുന്നു. ഇടവകയ്ക്ക് എന്നെന്നും അഭിമാനിക്കാവുന്ന നിലയിൽ www.gulf parumala.com എന്ന പേരിൽ സ്വന്തമായി ഒരു വെബ് സൈറ്റ് 2002 ൽ പരി. പരുമല തിരുമേനിയുടെ ചരമശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ വച്ച് ഉദ്ഘാടനം ചെയ്തു 1980 ൽ പാഴ്സനേജിൽ ആരംഭിച്ച ലൈബ്രറി വിവിധ ഭാഷകളിലെ രണ്ടായിരത്തോളം പുസ്തകശേഖരവുമായി ഒരു വലിയ ലൈബ്രറിയായി യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. മലങ്കരയുടെ പരിശുദ്ധനായ പരുമല തിരുമേനിയുടെ ചരമശതാബ്ദി സഭ ആകമാനം ആഘോഷിച്ചതിന്റെ ഭാഗമായി പരിശുദ്ധ തിരുമേനിയുടെ ഫോട്ടോ ഒരു വശത്തും, കുരിശ് മറുവശത്തും മുദ്രണം ചെയ്ത സ്വർണ്ണ നാണയങ്ങൾ (ലോക്കറ്റുകൾ) മലങ്കര സഭയിൽ ആദ്യമായി ഒരു ഇടവക ചരമസമാപ്തി ആഘോഷങ്ങളുടെ ഭാഗമായി 2002 ൽ പുറത്തിറക്കി.

ഇടവക സ്ഥാപിതമായതിന്റെ 10-ാം വാർഷികം 1988 ൽ ആഘോഷിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലുള്ള ഭവനരഹിതരായ 10 പേർക്ക് വീടുകൾ നിർമ്മിച്ചു നൽകി. 1998 ൽ നടന്ന 20-ാം വാർഷിക ആഘോഷങ്ങളുടെ സ്മാരകമായി കാലം ചെയ്ത അഭിവന്ദ്യ ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമനസ്സിന്റെ സ്മരണാർത്ഥം വി. ദൈവാലയത്തോട് ചേർന്ന് പാഴ്സണേജ് & പാരിഷ് ഹാൾ കെട്ടിടം പണി കഴിപ്പിച്ചു.

ഏകദേശം ഒരു കോടി രൂപയുടെ ജീവകാരുണ്യം സാധുജനസംരക്ഷണം പ്രവർത്തനങ്ങൾ സമൂഹത്തിനുവേണ്ടി ഏറ്റെടുത്തുകൊണ്ട് ഇടവകയുടെ 25-ാം വാർഷികം (രജതജൂബിലി) കരുണാർദ്രമായ കാഴ്ചപ്പാടിലൂടെ 2003 ൽ ആഘോഷിച്ചു. ഹരിയാനയിലെ മണ്ഡേവാർ ഗ്രാമത്തിൽ ഡൽഹി ഭദ്രാസനം ഏറ്റെടുത്ത് നടത്തുന്ന ശാന്തിഗ്രാം പ്രോജക്ടിന്റെ അഡ്മിനിട്രേറ്റീവ് ബ്ലോക്കായ ശാന്തിസദൻ കേരളത്തിൽ വിവിധ ഭദ്രാസനങ്ങളിൽപ്പെട്ട ഭവനരഹിതരായ 25 പേർക്ക് വീടുകൾ, തൊഴിൽരഹിതരായ വിധവകൾക്കും അംഗവൈകല്യമുള്ളവർക്കും 100 തയ്യൽ മെഷീൻ നിർദ്ദനരായ കുടുംബങ്ങളിൽപ്പെട്ട പ്രായപൂർത്തിയായ 25 കുട്ടികളുടെ വിവാഹം തുടങ്ങിയ മാതൃകയാർന്ന വിവിധ പ്രവർത്തനങ്ങൾ മലങ്കര സഭ ഒന്നാകെ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. പരുമലയിൽവച്ച് ഷാർജ സെന്റ് ഗ്രിഗ്രോറിയോസ് കുടുംബസംഗമം ഇടവകയിൽ 25 വർഷം പൂർത്തിയായവരെ ആദരിക്കൽ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ചു കാലം ചെയ്ത പരി. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ തിരുമേനിയെ ആദരിക്കൽ ആദരണീയനായ സഭാകവി ശ്രീ. സി. പി. ചാണ്ടി സാറിനെ ആദരിക്കൽ തുടങ്ങിയ വിവിധ പരിപാടികളും ഇടവകയുടെ രജതജൂബിലിയോട് അനുബന്ധിച്ച നടത്തപ്പെട്ടു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഡൽഹി ഭദ്രാസനാധിപനും പ്രഗത്ഭനായ അദ്ധ്യാപകനും ആംഗലേയ ഭാഷാപണ്ഡിതനുമായ കാലം ചെയ്ത അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ് തിരമേനിയുടെ പാവന സ്മരണയ്ക്കായി അഭിവന്ദ്യ ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെന്റ് ആന്റ് എഡ്യൂക്കേഷണൽ അവാർഡ് എന്ന പേരിൽ ഒരു വിദ്യാഭ്യാസ അവാർഡ് ഏർപ്പെടുത്തിയിരിക്കുകയാണ്. യി. എ. ഇയിലെ ഓർത്തഡോക്സ് ഇടവകകളിൽ അംഗത്വമുള്ള മാതാപിതാക്കളുടെ യു. എ. ഇയിലോ ഇൻഡ്യയിലോ പഠിച്ച് പത്താം ക്ലാസ്സ് **(ICSE, CBSE, KERALA)** എന്നീ സിലബസ്സുകളുടെ ബോർഡ് പരീക്ഷയിൽ ഏറ്റവും കൂടുതൽ

# ഇലകൾ തളിർത്തതും, പൂക്കൾ വിടർന്നതും..!

## വളർച്ചയുടെ പടവുകളിലൂടെ – ഷാർജ ഇടവക ചരിത്രം




മാർക്ക്/ഗ്രേഡ് വാങ്ങി ജയിക്കുന്ന ഓരോ സിലബസ്സിലും ഒരാൾക്ക് വീതം മൂന്നു പേർക്കാണ് അവാർഡ് നൽകുന്നത്. അഭിവന്ദ്യ തിരുമേനിയുടെ ഷീൽഡും ഇൻഡ്യൻ രൂപ 25,000.00 (ഇരുപത്തയ്യായിരം) വീതം ആയിരിക്കും അവാർഡ് തുക. കാതോലിക്കേറ്റ് പുനഃസ്ഥാപിതമായതിന്റെ ശതാബ്ദി മലങ്കര സഭ ആഘോഷിക്കുന്നതിന്റെ ഭാഗമായി ഇടവകയിലെ ശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ വച്ച് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് അവാർഡ് ദാനം നിർവ്വഹിക്കുന്നതാണ്.

വടക്കൻ ഭദ്രാസനങ്ങളിൽ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന ഇടവകകൾക്ക് ദൈവാലയങ്ങൾ നിർമ്മിക്കുവാൻ സഹായിക്കുക എന്ന ബൃഹത്തായ ഒരു പദ്ധതിയും ഇടവക ഏറ്റെടുത്ത് നടത്തി വരികയാണ്. ഇതനുസരിച്ചുള്ള ആദ്യ ദൈവാലയമായി ഇടുക്കി ഭദ്രാസനത്തിൽപ്പെട്ട കഞ്ഞിക്കുഴി സെയ്ന്റ് തോമസ്സ് ഓർത്തഡോക്സ് പള്ളി. രണ്ടാമത്തെ ദൈവാലയം, ഷാർജ ദൈവാലയ നവീകരണ നിർമ്മാണത്തോടെ അനുബന്ധിച്ച് അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട കമ്പിളിക്കണ്ടം സെയ്ന്റ് തോമസ്സ് കാതോലിക്കേറ്റ് സെന്റർ ദൈവാലയം 2011 ലും കാതോലിക്കേറ്റ് മലങ്കരയിൽ പുനഃസ്ഥാപിച്ചതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇടവകയിലെ പ്രവർത്തനങ്ങളോട് അനുബന്ധിച്ച് മൂന്നാമത്തെ ദൈവാലയമായി കരുവാരക്കുണ്ട് സെയ്ന്റ് ജോർജ്ജ് ഓർത്തഡോക്സ് ദൈവാലയം ഈ വർഷം ആഗസ്റ്റിലും പരിപൂർണ്ണമായി നിർമ്മിച്ച് കൂദാശ ചെയ്യപ്പെട്ട് ദൈവസന്നിധിയിൽ സമർപ്പിക്കപ്പെട്ടിരിക്കുകയാണ്.

1912 ൽ കാതോലിക്കേറ്റ് പുനഃസ്ഥാപിതമായതിന്റെ ശതാബ്ദി സഭയാകമാനം ആഘോഷിക്കുന്ന വേളയിൽ മരുഭൂമിയിലെ പരുമലയായ ഷാർജ സെയ്ന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയും ശതാബ്ദി ആഘോഷങ്ങൾക്ക് 2011 മെയ് 27 ന് മുതൽ വിവിധ പരിപാടികളോടെ ആഘോഷിച്ചുവരികയാണ്. ഒന്നര വർഷക്കാലം നീണ്ടുനിന്ന ഇടവകയിലെ ആഘോഷങ്ങളുടെ സമാപനം 2012 നവംബർ 15, 16 തീയതികളിൽ മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ മഹനീയ കാർമ്മികത്വത്തിൽ ഷാർജയിൽവച്ച് നടത്തപ്പെടുന്നു.

യു. എ. ഇ-ലെ എല്ലാ ഭരണാധിപന്മാരോടും രാജകുടുംബങ്ങളോടും പ്രത്യേകിച്ച് യുണൈറ്റഡ് അറബ് എമിറേറ്റ്സ് വൈസ് പ്രസിഡന്റ് & പ്രധാന മന്ത്രി ആദരണീയനായ ഷെയ്ക്ക് ഡോ. സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസ്മി, സുപ്രീം കൗൺസിൽ അംഗങ്ങൾ മറ്റ് രാജകുടുംബാംഗങ്ങളോടും ഷാർജ ഇടവക എന്നെന്നും കടപ്പെട്ടിരിക്കുന്നു.

രാജ്യത്ത് ജോലി തേടി വന്നവർക്ക് അരനൂറ്റാണ്ടായി ദൈവത്തെ ആരാധിപ്പാൻ സാഹചര്യമൊരുക്കുകയും ഇക്കാലമത്രയും ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹകരമായി നടത്തുവാൻ കൃപചൊരിഞ്ഞ സർവ്വശക്തനായ ദൈവത്തെ ഒരിക്കൽക്കൂടി മഹത്വപ്പെടുത്തുന്നു. വിശുദ്ധ ദൈവമാതാവിന്റെയും പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെയും ഇടവകയിലെ കാവൽ പിതാവായ പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെയും പരിശുദ്ധ വട്ടശേരിൽ തിരുമേനിയുടെയും മദ്ധ്യസ്ഥതയിൽ നിരന്തരം അഭയം പ്രാപിച്ചുകൊണ്ടും പുണ്യവാനായ തിരുമേനിയുടെ വന്ദ്യ നാമത്തിൽ ആലംബഹീനരുടെ ആശാകേന്ദ്രമായി യു. എ. ഇ-യിലെ അഞ്ച് എമിറേറ്റ്സുകളിൽ നിന്നുള്ള 2500 ൽപരം മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസികൾ അംഗങ്ങളായ ഇടവക ആദ്ധ്യാത്മികതയ്ക്ക് പുത്തൻ അനുഭൂതി നൽകി ദൈവസന്നിധിയിൽ വിരാജിക്കുന്നു. ■



# കാരുണ്യത്തിൻ നീരൊഴുക്കുകൾ




## മരുഭൂമിയിലെ പരുമലയിലെ ചാരിറ്റി കമ്മിറ്റി

എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു, ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെചേർത്തുകൊണ്ടു നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചു. രോഗിയായിരുന്നു. നിങ്ങൾ എന്നെ കാണ്മാൻ വന്നു. തടവിൽ ആയിരുന്നു. നിങ്ങൾ എന്റെ അടുക്കൽ വന്നു. എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്യേണ്ടിടത്തോളം എല്ലാം എനിക്ക് ചെയ്തു. (വി. മത്തായി 25:35-40)

1978 ൽ ഭാരതത്തിന്റെ തെക്കൻ സംസ്ഥാനമായ ആന്ധ്രാപ്രദേശിന്റെ തീരങ്ങളിൽ സംഹാരതാണ്ഡവമാടിയ കൊടുങ്കാറ്റിലും പേമാരിയിലും ദുരിതം അനുഭവിക്കുന്നവർക്കായി മലങ്കര ഓർത്തഡോക്സ് സഭ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തുകൊണ്ട് അതിൽ നിന്നും ലഭിച്ച പ്രചോദനങ്ങളിൽ നിന്നും ആരംഭിച്ച 33 വർഷത്തെ സാധു സംരക്ഷണ പ്രവർത്തനങ്ങൾ കാരണം ചാരിറ്റിയുടെ പര്യായമായി ഷാർജ ഇടവക മാറിയിരിക്കുകയാണ് ക്രിസ്തീയ ദൗത്യമുൾക്കൊണ്ട് അശരണരെയും ആലംബഹീനരേയും സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഇടവകയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രമായി മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ചാരിറ്റി ഫണ്ട് എന്ന പേരിൽ 1979 ജനുവരി 26 ന് ഒരു ഫണ്ട് രൂപീകരിക്കുകയും ആയതിന്റെ നടത്തിപ്പിനുവേണ്ടി 1979 മുതൽ ഒരു പ്രത്യേക കമ്മിറ്റി തന്നെ പ്രവർത്തിക്കുന്നത് മലങ്കര സഭയിൽ മറ്റൊരു ഇടവകകളിലും ഇല്ലാത്ത പ്രത്യേകതയാണ്. ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ പ്രതിവർഷം ഏകദേശം 70 ലക്ഷം രൂപയിൽ എത്തിനിൽക്കുന്നുവെന്ന ചാരിതാർത്ഥ്യത്തോടെ ചാരിറ്റി കമ്മറ്റിയുടെ പ്രവർത്തനങ്ങൾ ദൈവകരങ്ങളിൽ സമർപ്പിച്ച് മുന്നേറുകയാണ്.

ജാതിയുടെയും മതത്തിന്റെയും അതിർ വരമ്പുകൾ നോക്കാതെയുള്ള ഇടവകയുടെ ചാരിറ്റി പ്രവർത്തനങ്ങൾ സഭയ്ക്കുതന്നെ അഭിമാനകരമായ സംഗതിയാണ്.

വിവിധ തലങ്ങളിൽ പഠിക്കുവാൻ മിടുക്കന്മാരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം

മാരകമായ രോഗങ്ങൾ പിടിപെട്ടിട്ട് സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ചികിത്സയ്ക്കായ് പ്രയാസപ്പെടുന്ന നിർദ്ധനരായവർക്കുള്ള ചികിത്സാ സഹായം.

സഭ കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ കാലയളവിൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ വീടുകൾ ഇല്ലാത്ത ഒരു അംഗവും മലങ്കര സഭയിൽ ഉണ്ടാകരുതെന്നുള്ള ലക്ഷ്യത്തോടെ ഓരോ വർഷവും നാലു വീടുകൾ വീതം കേരളത്തിലെ വിവിധ ഭദ്രാസന അടിസ്ഥാനത്തിൽ വീടുകൾ നിർമ്മിച്ചു നൽകുന്ന ഭവന നിർമ്മാണ പദ്ധതി.

സാമ്പത്തികമായി പിന്നോക്കം നിൽ ക്കുന്ന മാതാപിതാക്കളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള വിവാഹ സഹായ പദ്ധതി തുടങ്ങി മറ്റു ഇടവകകൾ മാതൃകയാക്കേണ്ട പദ്ധതികൾ ഈ ഇടവകയിലെ ചാരിറ്റി കമ്മിറ്റി ഏറ്റെടുത്തു നടത്തിവരികയാണ്. മേൽപറഞ്ഞിരിക്കുന്ന വിവിധ മേഖലകളിലുള്ള പദ്ധതികൾ പ്രകാരം 60 വീടുകളും 30 വിവാഹങ്ങളും അടക്കം ഏകദേശം 50 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇടവക രൂപീകൃതമായ കാലംമുതൽ നാളിതുവരെ ഇടവക ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ■



ശതാബ്ദി

# ക്രൈസ്തവ ലോകത്തെ കാതോലിക്കാമാർ

■ വർഗീസ് ജോൺ തോട്ടപ്പുഴ ■

പുരാതന ക്രൈസ്തവ സഭകളുടെ തലവന്മാർ പോപ്പ്, പാത്രിയർക്കീസ്, കാതോലിക്കാ എന്നിങ്ങനെ യാണ് അറിയപ്പെടുന്നത്. മെത്രാപ്പോലീത്താമാരും ആർച്ചുബിഷപ്പുമാരും തലവന്മാരായ സ്വതന്ത്ര സഭകളുമുണ്ട്. ഒരേ സമയം ഒന്നിലധികം പദവികളിൽ അറിയപ്പെടുന്ന സഭാതലവന്മാരുമുണ്ട്. ഇടക്കാലത്ത് സ്ഥാനനാമം മാറ്റി പുതിയതു സ്വീകരിച്ചവരുണ്ട്. നാമമാത്രമായി ഈ പദവികൾ ഉപയോഗിക്കുന്നവരുമുണ്ട്.

**കാതോലിക്കോസ്**

പുരാതന റോമാ സാമ്രാജ്യത്തിലെ അഞ്ചു പ്രമുഖ നഗരങ്ങൾ കേന്ദ്രമാക്കി നാലും അഞ്ചും നൂറ്റാണ്ടുകളിൽ പാത്രിയർക്കേറ്റുകൾ രൂപം പ്രാപിച്ചപ്പോൾ സാമ്രാജ്യത്തിനു പുറത്ത് അതിനു തുല്യമായി വിവിധ കാതോലിക്കേറ്റുകൾ രൂപമെടുത്തു.

പേർഷ്യൻ സാമ്രാജ്യത്തിൽ പൗരസ്ത്യ കാതോലിക്കേറ്റും (എഡി 315) ട്രാൻസ്-കൊക്കേഷ്യൻ പ്രദേശത്ത് (പഴയ സോവിയറ്റ് യൂണിയന്റെ തെക്കുപടിഞ്ഞാറു ഭാഗം) അർമേനിയൻ (എഡി 363), ജോർജിയൻ / ഐബീരിയൻ (എഡി 475), അൽബേനിയൻ (എഡി 552) എന്നിങ്ങനെ മൂന്നു കാതോലിക്കേറ്റുകളും ഇക്കാലത്തു സ്ഥാപിതമായി.

റോമാസാമ്രാജ്യത്തിലെ പാത്രിയർക്കീസും സാമ്രാജ്യത്തിനു പുറത്തുള്ള കാതോലിക്കോസും തുല്യ പദവികളാണ്. 'കാതോലിക്കോസ്' അഥവാ 'കാതോലിക്കാ' എന്ന വാക്ക് റോമാ സാമ്രാജ്യത്തിലെ ഒരു ഉദ്യോഗസ്ഥന്റെ സ്ഥാനസംജ്ഞ ആയിരുന്നു. ഒരു ഭൂപ്രദേശത്തിന്റെ മേൽ അധികാരമുള്ള ആളെന്ന് വിവക്ഷിക്കുന്നു. 'പൊതുപിതാവ്', 'പൊതുവിന്റെ ആൾ' എന്നൊക്കെയാണ് ഈ ഗ്രീക്ക് പദത്തിന്റെ അർത്ഥം.

**പൗരസ്ത്യ സഭ**

പേർഷ്യൻ സാമ്രാജ്യത്തിൽ സെലൂക്യാ-സ്റ്റെസിഫോണിലെ മെത്രാനായിരുന്ന പാപ്പാ ബർ ഗഗായി (285 – 327) ആകമാന പേർഷ്യൻ സഭയുടെ നേതൃത്വം ഏറ്റെടുക്കുകയും എ.ഡി. 315ൽ 'കാതോലിക്കോസ്' എന്ന പദവി സ്വീകരിക്കുകയും ചെയ്തു. ഇദ്ദേഹമാണ് സഭാചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ 'കാതോലിക്കാ'. ഈ സ്ഥാനമാണ് എ.ഡി. 410 മുതൽ 'പൗരസ്ത്യ കാതോലിക്കാ' എന്നറിയപ്പെടുന്നത്. സെലൂക്യായിലെ വലിയ മെത്രാപ്പോലീത്താ കാതോലിക്കാ എന്ന പദവി സ്വീകരിച്ചത് എ.ഡി. 231 ലാണെന്നും അഭിപ്രായമുണ്ട്. എ.ഡി. 424-ൽ പൗരസ്ത്യ കാതോലിക്കാ, പാത്രിയർക്കീസ് എന്ന സ്ഥാനസംജ്ഞയും സ്വീകരിച്ചു. എ.ഡി. 486ൽ പേർഷ്യൻ സഭ അന്ത്യോഖ്യൻ വേദശാസ്ത്രം സ്വീകരിക്കുകയും നെസ്തോറിയോസിനെയും മറ്റും സഭാപിതാക്കന്മാരായി അംഗീകരിക്കുകയും ചെയ്തു. ഇവിടുത്തെ സഭാദ്ധ്യക്ഷന്മാരെ ബാബിലോൺ പാത്രിയർക്കീസ് എന്നും അസിറിയൻ (നെസ്തോറിയൻ) കാതോലിക്കാ എന്നും സഭാചരിത്രത്തിൽ സൂചിപ്പിക്കാറുണ്ട്.

എന്നാൽ അസിറിയൻ (നെസ്തോറിയൻ) സഭയോടു ചേരാതെ പേർഷ്യയിൽ താമസിച്ചിരുന്ന ന്യൂനപക്ഷമായ സത്യവിശ്വാസികൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴിലായിരുന്ന 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ'മാർ എ.ഡി. 559 മുതലും തിഗ്രീസിലെ 'മഫ്രിയാനാ'മാർ എ.ഡി. 629 മുതൽ നേതൃത്വം നൽകി. സെലൂക്യായിലെ പൗരസ്ത്യ കാതോലിക്കേറ്റിനു പകരമായി തിഗ്രീസിലെ മാഫ്രിയാനേറ്റ് സ്ഥാപിച്ചുകൊണ്ട് മഫ്രിയാനാമാരെ ചിലപ്പോൾ കാതോലിക്കാ എന്നും വിളിച്ചിരുന്നു. 1863ൽ ഈ സ്ഥാനം നിന്നുപോയി.

പുരാതനമായ അസിറിയൻ (നെസ്തോറിയൻ) സഭ 1968 മുതൽ ടെഹറാൻ (ഇപ്പോൾ ഷിക്കാഗോ), ബാഗ്ദാദ് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി രണ്ടു പാത്രിയർക്കീസുമാരുടെ നേതൃത്വത്തിൽ വിഭജിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിലുണ്ടായിരുന്ന ഇരുകക്ഷികളും 1995ൽ യോജിക്കുകയും ഷിക്കാഗോയിലുള്ള പാത്രിയർക്കീസിനെ സഭാതലവനായി സ്വീകരിക്കുകയും ചെയ്യുന്നു. ആഗോള തലത്തിലും യോജിപ്പിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ബാബിലോണിലെ കൽദായ കത്തോലിക്കാ പാത്രിയർക്കീസ് കൽദായ കത്തോലിക്കാ റീത്തിന് നേതൃത്വം നൽകുന്നു. 1553 ലാണ് ഈ പാത്രിയർക്കേറ്റ് സ്ഥാപിച്ചത്.

**അർമേനിയൻ സഭ**

ക്രൈസ്തവ സഭയെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ച (എ.ഡി. 301) ആദ്യ രാജ്യമാണ് അർമേനിയാ. സഭാതലവൻ എ.ഡി. 363 മുതൽ കാതോലിക്കോസ് എന്നറിയപ്പെടുന്നു. അർമേനിയായിലെ എക്മിയാഡ്സിൽ ആസ്ഥാനമായ സുപ്രീം കാതോലിക്കോസ് അർമേനിയൻ സഭയ്ക്ക് നേതൃത്വം നൽകുന്നു. സിലീഷ്യായിലെ സിസ് ആസ്ഥാനമായി 1441ൽ നിലവിൽ വന്ന അർമേനിയൻ കാതോലിക്കോസേറ്റ് ലെബനോനിലെ ആന്റിലിയാസ് കേന്ദ്രമായി ഇന്നും നിലനിൽക്കുന്നു. ഇരു കാതോലിക്കോസേറ്റുകളും പരിപൂർണ സംസർഗത്തിലാണ്. സുപ്രീം കാതോലിക്കായുടെ പ്രഥമസ്ഥാനം സിലീഷ്യൻ കാതോലിക്കാ അംഗീകരിക്കുന്നുണ്ട്. ഒരു കാലത്ത് (1113 – 1895) കിഴക്കൻ തുർക്കിയിലെ വാൻ തടാകത്തിലെ അഘ്തമാർ ദ്വീപിലും ഒരു അർമേനിയൻ കാതോലിക്കേറ്റ് ഉണ്ടായിരുന്നു.

അർമേനിയൻ സഭയിൽ സുപ്രീം കാതോലിക്കായുടെ കീഴിൽ ജറുസലേമിലും (എ.ഡി. 638) കോൺസ്റ്റാന്റീനോപ്പിലും (എ.ഡി. 1461) ഓരോ പാത്രിയർക്കേറ്റുണ്ട്. ഇവയ്ക്ക് പരിമിതമായ അധികാരങ്ങളേയുള്ളൂ. അർമേനിയൻ സഭയിൽ കാതോലിക്കായുടെ കീഴ്സ്ഥാനിയാണ് പാത്രിയർക്കീസ്. സിലീഷ്യായിലെ അർമേനിയൻ

കത്തോലിക്കാ പാത്രിയർക്കീസ് അർമേനിയൻ കത്തോലിക്കാ റീത്തിന് നേതൃത്വം നൽകുന്നു. 1742ലാണ് ഈ പാത്രിയർക്കേറ്റ് സ്ഥാപിച്ചത്.

**ജോർജിയൻ സഭ**

ജോർജിയൻ സഭ ബൈസന്റയിൻ ഓർത്തഡോക്സ് സഭാ കുടുംബത്തിൽപെടുന്നു. സഭാ തലവൻ എ.ഡി. 475 മുതൽ കാതോലിക്കോസ് എന്നും 1010 മുതൽ കാതോലിക്കോസ്-പാത്രിയർക്കീസ് എന്നും അറിയപ്പെടുന്നു. 1290ൽ അബ്ഗാസിയായിലും ഒരു കാതോലിക്കേറ്റ് ഉണ്ടായി. ജോർജിയൻ (ഐബീരിയൻ) കാതോലിക്കായുടെ പ്രഥമ സ്ഥാനം അബ്ഗാസിയൻ കാതോലിക്കാ അംഗീകരിച്ചിരുന്നു. ജോർജിയായിലെയും അബ്ഗാസിയായിലെയും കാതോലിക്കേറ്റുകൾ 1811ലും 1814ലും നിർത്തലാക്കി; സഭാഭരണം റഷ്യൻ സിനഡിന്റെ കീഴിലാക്കി. ജോർജിയൻ കാതോലിക്കേറ്റ് 1917ൽ പുനഃസ്ഥാപിച്ചു.

**അൽബേനിയൻ സഭ**

പഴയ കൊക്കേഷ്യൻ (കാസ്പിയൻ) അൽബേനിയാ ആണ് ഇപ്പോഴത്തെ അസർബെജാൻ. (ബാൽക്കൻ പ്രദേശത്ത് അൽബേനിയാ എന്ന പേരിൽ മറ്റൊരു രാജ്യമുണ്ട്). എ.ഡി. 552 ൽ സ്ഥാപിതമായ അൽബേനിയൻ കാതോലിക്കേറ്റ് 1815ൽ ഇല്ലാതായി. അൽബേനിയൻ സഭ 1836ൽ അർമേനിയൻ സഭയുടെ ഭാഗമായി.

**മലങ്കര സഭ**

മാർ തോമ്മാ ശ്ലീഹാ സ്ഥാപിച്ച മലങ്കര സഭ, ഒരു കാലത്ത് (1599 വരെ) സെലൂക്യായിലെ കാതോലിക്കായെയും പിന്നീട് അന്ത്യോഖ്യായിലെ പാത്രിയർക്കീസിനെയും (18-ാം ശതകത്തിന്റെ ആരംഭം മുതൽ 20-ാം ശതകത്തിന്റെ ആരംഭം വരെ) ആത്മീയ മേലധികാരി (വേദതലവൻ) ആയി സ്വീകരിച്ചിരുന്നു. ഇക്കാലത്തൊക്കെയും പൗരസ്ത്യ-പാശ്ചാത്യ സുറിയാനി മേൽപ്പട്ടക്കാരുടെ സാന്നിദ്ധ്യവും മലങ്കരയിലുണ്ടായിരുന്നു. എങ്കിലും തദ്ദേശിയരായ അർക്കദ്യാ ക്കോന്മാരും (1653 വരെ) മാർതോമ്മാ മെത്രാന്മാരും (1653 – 1815) മലങ്കര മെത്രാപ്പോലീത്താമാരും (1815 – 1934) മലങ്കര സഭയുടെ ലൗകീകവും ആത്മീയവുമായ ഭരണാധികാരം നിർവഹിച്ചുവന്നു. മലങ്കരയിൽ 1912 സെപ്റ്റംബർ 15ന് പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിച്ചു. മലങ്കര മെത്രാപ്പോലീത്താ കൂടിയായ പൗരസ്ത്യ കാതോലിക്കാമാർ സഭാഭരണഘടന പ്രകാരം 1934 മുതൽ സഭാഭരണം നിർവഹിക്കുന്നു.

ഇങ്ങനെ ക്രൈസ്തവ ലോകത്ത് നാലു പുരാതന സഭകളിലായി ആറു പേർ കാതോലിക്കാ എന്നറിയപ്പെടുന്നു. ഇവരെല്ലാം പൂർണസ്വതന്ത്രരാണ്. *(പേജ് മൂന്ന് കാണുക).* അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴിൽ കേരളത്തിൽ ഒരു മഫ്രിയാനാ (കാതോലിക്കാ) കൂടിയുണ്ട്. അർമേനിയൻ, കൽദായ റീത്ത് കത്തോലിക്കാ പാത്രിയർക്കീസുമാർ ചരിത്രപരമായി കാതോലിക്കോസ് അഥവാ കാതോലിക്കാ എന്നറിയപ്പെടേണ്ടതിനു പകരം പാത്രിയർക്കീസ് എന്ന് അറിയപ്പെടുന്നു. ■

## മാർപാപ്പാമാർ മൂന്ന് !

'പാപ്പാസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് 'പാപ്പാ' എന്ന ലത്തീൻ പദമുണ്ടായത്. അതിൽ നിന്ന് 'പോപ്പ്', 'മാർപാപ്പാ' എന്നീ പദങ്ങളും. 'പിതാവ്' എന്നാണർത്ഥം. ക്രൈസ്തവലോകത്ത് 'പോപ്പ്' (മാർപാപ്പാ) എന്നു വിളിക്കപ്പെടുന്ന മൂന്നു സഭാതലവന്മാരുണ്ട്. റോമിലെ പാശ്ചാത്യ പാത്രിയർക്കീസും ഈജിപ്തിൽ തന്നെ അലക്സന്ത്രിയായിലെ കോപ്റ്റിക് പാത്രിയർക്കീസും അലക്സന്ത്രിയായിലെ ഗ്രീക്കു പാത്രിയർക്കീസും പുരാതന കാലം മുതലേ ഇങ്ങനെ അറിയപ്പെടുന്നു. അലക്സന്ത്രിയായിലെ 13-ാമത്തെ ബിഷപ്പ് ആയ ഹെറാക്ലസ് (231-248) ആണ് ക്രൈസ്തവ ലോകത്ത് ആദ്യമായി ഇങ്ങനെ സംബോധന ചെയ്യപ്പെട്ട സഭാതലവൻ. പൗരസ്ത്യ സഭകളിൽ വൈദികരും പാശ്ചാത്യ സഭകളിൽ ബിഷപ്പുമാരും ഒരു കാലത്ത് ഇങ്ങനെ വിളിക്കപ്പെട്ടിരുന്നുവത്രേ. പോപ്പ് ബനഡിക്റ്റ് XVI-നും പോപ്പ് തിയഡോറോസ് II നും (ഗ്രീക്ക്) ആണ് ഇപ്പോഴുള്ള മാർപാപ്പാമാർ. പോപ്പ് ഷെനൗഡാ III (കോപ്റ്റിക്) ഈയിടെ കാലം ചെയ്തു. കോപ്റ്റിക് കത്തോലിക്കാ പാത്രിയർക്കീസ് 'പോപ്പ്' എന്നു വിളിക്കപ്പെടുന്നില്ല. കർദിനാൾ അന്തോണിയോസ് നഗീബ് (ആസ്ഥാനം: കെയ്റോ) ആണ് ഇപ്പോൾ കോപ്റ്റിക് കത്തോലിക്കാ റീത്തിന്റെ തലവൻ.

## പാത്രിയർക്കീസുമാർ മുപ്പത്; ഇന്ത്യയിലും ഒരാൾ !

പുരാതന റോമാ സാമ്രാജ്യത്തിലെ റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സന്ത്ര്യാ, അന്ത്യോഖ്യാ, ജറുസലേം എന്നീ പ്രമുഖ നഗരങ്ങളിലെ ബിഷപ്പുമാർക്ക് നാലും അഞ്ചും നൂറ്റാണ്ടുകളിൽ നൽകപ്പെട്ട പദവിയാണ് 'പാത്രിയർക്കീസ്'. ആധുനികകാലത്ത് സ്വയം ശീർഷകത്വമുള്ള (autoce phalous) പൗരസ്ത്യ സഭകളുടെ തലവന്മാർക്കും ഈ പദവിയുണ്ട്. നാമമാത്രമായി (Titular) ഈ പദവി ഉപയോഗിക്കുന്നവരുമുണ്ട്. 'പാത്രിയർക്കീസ്' എന്നതിന് 'ഗോത്രത്തലവൻ', 'പ്രധാന പിതാവ്', 'പിതാക്കന്മാരിൽ മുമ്പൻ' എന്നൊക്കെയാണ് അർത്ഥം.

നാലു പുരാതന സഭാകുടുംബങ്ങളിലായി 30 പേർ പാത്രിയർക്കീസ് എന്നറിയപ്പെടുന്നു. ഇവരിൽ മൂന്നു പാത്രിയർക്കീസുമാർ 'പോപ്പ്' എന്നും നാലു പാത്രിയർക്കീസുമാർ 'കാതോലിക്കോസ്' എന്നും അറിയപ്പെടുന്നു. ഇവർ ഉൾപ്പെടെ 17 പേർ സ്വതന്ത്രരും ശേഷിച്ച 13 പേർ കീഴ്സ്ഥാനികളുമാണ്.

അഞ്ച് പുരാതന പാത്രിയർക്കേറ്റു കളിൽ റോമിൽ ഒന്നും കോൺസ്റ്റാന്റിനോപ്പിളിൽ രണ്ടും അലക്സന്ത്ര്യായിൽ മൂന്നും അന്ത്യോഖ്യായിൽ അഞ്ചും ജറുസലേമിൽ മൂന്നും പാത്രിയർക്കീസുമാരുണ്ട്. റോമൻ കത്തോലിക്കാ സഭയ്ക്ക് കോൺസ്റ്റാ ന്റിനോപ്പിളിൽ ഒഴികെയും ബൈസന്റയിൻ – ഓറിയന്റൽ ഓർത്തഡോക്സ് സഭകൾക്ക് റോമിൽ ഒഴികെയും പാത്രിയർക്കീസുമാരുണ്ട്.

ബൈസന്റയിൻ (ഗ്രീക്ക്) ഓർത്തഡോക്സ് സഭാകുടുംബത്തിൽ ഒമ്പതും അർമേനിയൻ സഭയിലെ മൂന്നു പേർ ഉൾപ്പെടെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഏഴും അസീറിയൻ (നെസ്തോറിയൻ) സഭയിൽ രണ്ടും സഭാദ്ധ്യക്ഷന്മാർ പാത്രിയർക്കീസ്' എന്നറിയപ്പെടുന്നു. അവരിൽ കോൺസ്റ്റാന്റിനോപ്പിളിലെ (ഗ്രീക്ക്) പാത്രിയർക്കീസ് 'എക്യുമെനിക്കൽ പാത്രിയർക്കീസ്' എന്നറിയപ്പെടുന്നു.

റോമൻ കത്തോലിക്കാ സഭയിൽ 'പാശ്ചാത്യ പാത്രിയർക്കീ'സായ മാർപാപ്പായെ കൂടാതെ അദ്ദേഹത്തിന്റെ കീഴിൽ ആറു പൗരസ്ത്യ പാത്രിയർക്കീസുമാരും അഞ്ചു ലത്തീൻ പാത്രിയർക്കീസുമാരുമുണ്ട്. ഗോവയുടെയും ഡാമന്റെയും മെത്രാപ്പോലീത്തായും ഈസ്റ്റ് ഇൻഡീസ് പാത്രിയർക്കീസുമായ ഡോ. ഫിലിപ്പ് നെരി അന്റോണിയോ സെബാസ്റ്റ്യാവോ ഡോ റൊസാരിയോ ഫെറാവോ ആണ് ഭാരതത്തിൽ നാമമാത്രമായിട്ടാണെങ്കിലും 'പാത്രിയർക്കീസ്' എന്നറിയപ്പെടുന്ന ഏക സഭാദ്ധ്യക്ഷൻ. 1886-ലാണ് ഈ പാത്രിയർക്കേറ്റ് സ്ഥാപിച്ചത്. സ്ഥാനക്രമത്തിൽ കർദിനാളിനും അധികാരത്തിൽ മേജർ ആർച്ച്ബിഷപ്പിനും താഴെയാണ് ഈ ലത്തീൻ-സ്ഥാനിക പാത്രിയർക്കീസ്. ■




## BRIDE WANTED

ORTHODOX BOY 29,172/ MA , FAIR AND GOOD LOOKING. WORKING IN A REPUTED COMPANY AS MANAGER, MIDDLE CLASS FAMILY. PROPOSALS ARE INVITED FROM GOD FEARING AND DEGREE HOLDERS EXCEPT NURSING AND ENGINEERING. PREFERENCE WILL BE GIVEN TO ORTHODOX, JACOBITES, MALANKARA CATHOLICS, MARTHOMA EMPLOYED GIRLS.WE ALSO CONSIDER ADOPTION / FOREIGN. FOR MORE DETAILS PLEASE SEE KERALA MATRIMONY ID NO E2182304. FEEL FREE TO

*CONTACT*

**9605689689**

## BRIDE GROOM WANTED

Proposal invited for Orthodox girl 24 years, 5'2", BSc Nurse (R), U.S. citizen, from boys immigrated to U.S. on H1B student visa and /or professionally qualified graduates from reputed institution like NIT. MSC Nurse qualified from reputed medical colleges also considered.

*Contact*

**001-586-777-6062, 001-586-873-4129**
**eapen27@yahoo.com or**
**0469-2677844, 9544365990**

## BRIDE WANTED

Remarriage Orthodox Parents invite proposals for their Son (35/175) working as M.D. in an American IT Co. God fearing, clean habits, Legally divorced through court and church, without any issue. From parents of God fearing, good looking, professionally qualified girls. (unmarried/divorced) from Orthodox, Jacobite Marthoma or CSI.

*Contact:* **9349730963**
**m4marry.com ID: 2142302 or usaweds.com idw 15607**

## BRIDE GROOM WANTED

Orthodox parents seeks proposal for their daughter (b/b outside Kerala) (27/5'4") B.Com, M.Com, MBA (Finance) employed in Nationalised Bank at Ahmedabad seek suitable alliance from God fearing Christian boys.

*Contact:*

**Mob. 99474381871/9662651542**
email: jgkcdas44@gmail.com



# Breaking the Word




## വേദപ്പൊരുൾ

ഫാ. ജോജി കെ. ജോയി, അടൂർ

*2012 നവം 25*

## *ദൈവമാതാവിനോടുള്ള അറിയിപ്പ്*

*(വി. ലൂക്കോ. 1:26–38)*

### കൃപലഭിച്ചവളെ നിനക്കു വന്ദനം കർത്താവ് നിന്നോട് കൂടെ

ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ദൂതൻ മറിയാമിന്റെ അടുക്കൽ സദ്വാർത്തയുമായി വരുന്നതാണ് മുഖ്യ സംഭവം. മാലാഖമാർ ദൈവീക വെളിപാടുകൾ ഭൂമിയിലേക്ക് കൊണ്ടു വരുന്ന സന്ദേശ വാഹകരാണ്. അവർ ദൈവീകമായ ഇടപെടലിന്റെ ആൾരൂപങ്ങളാണ്. നാം കണ്ട സ്വപ്നങ്ങൾക്ക് ദൈവീകമായി ഊടും, പാവും നൽകുന്നവർ. നമ്മെ കൂടുതൽ ശരികളിലേക്ക് കൈ പിടിച്ച് നടത്തുന്നവർ, വിചാരങ്ങൾ വിശുദ്ധമായി മാറ്റുവാൻ പ്രേരണ തരുന്നവർ. ഭൂമിക്ക് കാവൽ നിൽക്കുന്ന സ്വർഗ്ഗീയ സൈന്യം. വിണ്ണിന്റെ തീരുമാനങ്ങൾ മണ്ണിലോതുന്നവർ. ഈ ദിവസത്തെ വായനാഭാഗങ്ങളെല്ലാം തന്നെ ദൈവീക വെളിപാടുകൾ നൽകുന്ന വ്യത്യസ്ഥ സംഭവങ്ങൾ പ്രതിപാദിക്കുന്നു.

**1 യോഹ. 3:2–17:** ശ്ലീഹാ വായനയിലെ ഈ വേദഭാഗം ക്രിസ്തുവിലായവരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ച് നമ്മെ ഉത്ബോധിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം ക്രിസ്തുവിനെ തന്റെ ഉള്ളിൽ വഹിക്കുവാൻ എങ്ങനെ യോഗ്യതയുള്ളവളായി തീർന്നുവോ അതേ തരത്തിൽ നാം ആയി തീരണം എന്ന് ഈ വേദഭാഗത്തിന്റെ വായനയിൽ നമുക്ക് മനസ്സിലാകും. വി. യോഹ. "നാം ഇപ്പോൾ ദൈവമക്കളാകുന്നു" (3:2) എന്ന് പറഞ്ഞിട്ട് അതിന് നമ്മുടെ ജീവിതം എപ്രകാരമാകണമെന്ന് തുടർന്നു പ്രതിപാദിക്കുന്നു.

a. അവനെപോല (യേശുവിനെ) നിർമ്മലനായിരിക്കണം. പാപമില്ലാത്ത അവസ്ഥ (3:3–10)

b. അവനെപോലെ സ്നേഹമുള്ളവനായിരിക്കണം (3:11–17)

പാപം ചെയ്യാതെ മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ നീ ക്രിസ്തുവിന്റെ മകൻ/മകൾ ആകാൻ പൂർണ്ണയോഗ്യതനേടും.

***ഗലാത്യർ* 4:1–7/എബ്രാ. 2:14–18:** യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം ഒരു ആശയമോ, ഐതീഹ്യമോ അല്ല പ്രത്യുത ചരിത്രത്തിന്റെ ഗതി വിഗതികളെ മാറ്റി മറച്ച സംഭവം ആണെന്ന് വി. പൗലോസ് സംശയ ലേശമെന്യെ സ്ഥാപിച്ചെടുക്കുന്നു. ദൈവം മനുഷ്യനായി തീർന്നത് മനുഷ്യൻ ദൈവീകനായി തീരുവാനുള്ള സ്രഷ്ടാവിന്റെ പദ്ധതിയുടെ പൂർത്തീകരണമാണ്.

**വി. ലൂക്കോ 1:26–38:** ദൈവകുമാരന്റെ പരസ്യ ജീവിതത്തിനു പശ്ചാത്തലമൊരുക്കുവാൻ നിയോഗിതനായവന്റെ ജനനവാർത്തയും അതേ തുടർന്ന് രക്ഷകനായ യേശുവിന്റെ ജനനവാർത്തയും ഒരു Sanolwich ശൈലിയിൽ രൂപപ്പെടുത്തുകയാണ് വി. ലൂക്കോസ് സഖറിയാ പുരോഹിതന് യോഹന്നാന്റെ ജനനത്തെ കുറിച്ച് അറിയിപ്പ് ലഭിച്ച സംഭവത്തെക്കാൾ ഒരുപിടി കൂടി ഉയർന്ന് കന്യാമറിയത്തിന് അറിയിപ്പ് നൽകുന്നതിനെ step parallalism എന്നാണ് വേദപണ്ഡിതന്മാർ വ്യാഖ്യാനിക്കുന്നത്.

1. ദൈവത്തിനു ഒരു കാര്യവും അസാദ്ധ്യമല്ല (വാ. 37)

അനുദിന ജീവിതത്തിന്റെ ഗതി വിഗതികൾക്കിടയിൽ നമുക്കേറ്റവും സന്തോഷം നൽകുന്ന ഒരു വാക്കാണ് ഗബ്രിയേൽ പറയുന്നത് "ദൈവത്തിനു ഒന്നും അസാദ്ധ്യമല്ല". കന്യാമറിയത്തെ സംബന്ധിച്ചിടത്തോളം ദൂതന്റെ അറിയിപ്പ് യാദൃശ്ചിക സംഭവം എന്നു പറയാമെങ്കിലും അത് ദൈവ പദ്ധതിയുടെ ആറാം മാസത്തിലാണ് സംഭവിച്ചത്. ദൈവം മനുഷ്യരക്ഷക്കായി ഒരുക്കിയ രക്ഷാ പദ്ധതിയിലെ അതുല്യമായ കണ്ണിയാണ് കന്യക മറിയാം. ദൈവപദ്ധതി എപ്രകാരമായിരിക്കും എന്ന് നമുക്കറിയില്ല. എന്നാൽ ഒന്നറിയാം തിന്മയ്ക്കല്ല, നന്മക്കാണ് അവിടുത്തെ ഓരോ ഇടപെടലും.

2. ദൈവം തന്റെ ദൗത്യത്തിനായി നമ്മുടെ സഹകരണം തേടുന്നു

ഉടയവൻ താൻ ആഗ്രഹിക്കുന്നത് ചെയ്യുമ്പോൾ, മനുഷ്യന്റെ സഹകരണം തേടുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ. (1:38) എന്ന ഉത്തരം അഥവാ സമ്മതം രക്ഷാകര പദ്ധതിയിൽ സുപ്രധാനമായ ഒരു ഭാഗത്ത് വഹിക്കുന്നത്. കന്യാമറിയത്തിന്റെ സമർപ്പണത്തിന്റെ വാക്ക് ദൈവീക പ്രവർത്തനത്തിന് ആക്കം കൂട്ടി ജീവിതത്തിൽ സംഭവിക്കുന്നൊന്നും യാദൃശ്ചികമല്ലെന്നും, അവയുടെ എല്ലാം പുറകിൽ ദൈവകരങ്ങൾ ദർശിക്കാമെന്നും തിരിച്ചറിഞ്ഞ മറിയം ദാസഭാവത്തിൽ തലകുനിക്കുന്നു. അബ്രഹാമിൽ തുടങ്ങി ക്രിസ്തുവിൽ എത്തി നിൽക്കുന്ന 42 തലമുറകൾ നീളുന്ന വംശാവലിയിലൂടെ (വി. മത്താ. 1:17) ദൈവം തന്റെ പദ്ധതികളുടെ

പൂർത്തീകരണം ക്രമീകരിക്കുന്നു എങ്കിലും, അതിന് ഒരു സാധുപെൺകുട്ടിയുടെ സമർപ്പണം അനിവാര്യമായിരുന്നു.

അതേ! ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം ദൈവീക പദ്ധതിയുടെ ഭാഗമാണ്. അനാദിയിലെ നിശ്ചയിക്കപ്പെട്ട രക്ഷാകര പദ്ധതിയിലെ കണ്ണികളാണ് നാം ഓരോരുത്തരും, നാം നേരിടുന്ന സംഭവങ്ങളും. ഈ ഉൾക്കാഴ്ച എപ്പോഴും ഉണ്ടാകണം. അപ്പോഴാണ് നമ്മിൽ രക്ഷകന്റെ വളർച്ച ആരംഭിക്കുന്നത്. നാം ഓരോരുത്തരെ കുറിച്ചുമുള്ള ദൈവഹിതം തിരിച്ചറിഞ്ഞ അതിന്റെ പൂർത്തീകരണത്തിനുവേണ്ടി സ്വയം സമർപ്പിതമാകുമ്പോൾ, നാമും ലോകത്തിനു രക്ഷ പ്രദാനം ചെയ്യുന്നതിന്റെ കാരണമായി മാറും. ക്രിസ്തുവിന്റെ ജനനവാർത്തിലൂടെ ആരംഭിച്ച രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിന് ദൈവമിന്ന് പ്രതീക്ഷയോടെ നോക്കുന്നു. സഹായം തേടുന്നു!

**3. മറ്റുള്ളവരുടെ നന്മ നമ്മുടെ നന്മക്കടയാളം**

കന്യകയിലൂടെ ഉണ്ടാകുവാൻ പോകുന്ന അത്ഭുതത്തെ കുറിച്ച് വിവരിക്കുമ്പോൾ ദൂതൻ പറയുന്നത് "നിന്റെ ചാർച്ചക്കാരത്തി എലിസബെത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു (1:36) എന്നാണ്. അതായത് മറിയക്കുണ്ടാകുവാൻ പോകുന്ന നന്മക്ക് അടയാളം ഏലിസബേത്തിനുണ്ടായ നന്മയാണ്. അതെ! മറ്റുള്ളവരുടെ നന്മ ദൈവം കാട്ടിത്തരുന്നത് നമുക്ക് ലഭിക്കാതിരിക്കുന്ന നന്മയുടെ അടയാളമായിട്ടാണ്. അതിനാൽ മറ്റൊരാൾക്ക് നന്മയുണ്ടാകുമ്പോൾ അസ്വസ്ഥമാകരുത് നന്മയുടെ സ്പുരണങ്ങൾ നമുക്കും അവിടുന്ന് കരുതിയിട്ടുണ്ട്.

**4. കന്യാമറിയം, ദൈവമാതാവ്**

നസ്രത്തിലെ എളിയ ബാലികക്ക് 'ദൈവ മാതാവ്' എന്ന അഭിധാനം ആദ്യം നൽകുന്നത് ഗബ്രിയേൽ മാലാഖയും (1:35) പിന്നീട് അതേ വാക്കിനാൽ അഭിസംഭോധന ചെയ്യുന്ന് ഏലിസബേത്തുമാണ്. (1:43). ഏത് വേദശാസ്ത്ര വ്യാഖ്യാനങ്ങൾക്കു മപ്പുറമാണ് ഈ വെളിപാട്. ഒരാൾ ദൈവസന്നിധിയിൽ നിന്ന് (വി. ലൂക്കോ. 1:19) പ്രാപിച്ച അറിവാണ് മറിയം ദൈവമാതാവ് എന്നതെങ്കിൽ, മറ്റൊരാൾക്ക് ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ തോന്നിപ്പിച്ച ബോധ്യമാണ് അത്. "ഏലിസബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി" (1:41) വിളിച്ചു പറഞ്ഞതാണ് എന്റെ കർത്താവിന്റെ അമ്മ എന്നത് (1:43). ഇതിലും വലിയ ഒരു തെളിവും വേണ്ട അവളെ വിളിക്കാൻ അമ്മേ! ദൈവമാതാവേ! എന്ന്.

*ഡിസം. 2*

## ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്ര

*(ലൂക്കോ. 1: 39 – 56)*

### കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവരുടെ സമാഗമം

കൂടെയുള്ളവരുടെ സന്തോഷത്തിൽ കൂട്ടായി സന്തോഷിക്കാനുള്ള മറിയത്തിന്റെ മനസ്സും, വാർധക്യത്തിൽ ഗർഭിണിയായ ഏലിസബേത്തിനെ ശുശ്രൂഷിക്കാനുള്ള താരതമ്യേന ചെറുപ്പക്കാരിയായ മറിയം കാട്ടുന്ന ശുഷ്ക്കാന്തിയും, യാത്രാ സൗകര്യങ്ങൾ പരിമിതമായ യഹൂദ മലനാട്ടിലേക്കുള്ള യാത്രയും. അതിനു വേണ്ടി മറിയം എടുക്കുന്ന ത്യാഗവും ഉത്തരവാദിത്വത്തിൽ അധിഷ്ഠിതമായ അവളുടെ യാത്രയും, ഏലിസബേത്തിന്റെ ആതിഥേയ മര്യാദയും, തുടങ്ങി സ്ത്രീസമൂഹത്തിനുണ്ടാകേണ്ടുന്ന (പുരുഷന്മാർക്കും) എല്ലാ സ്വഭാവ വിശേഷതകളും "വനിതാദിനമായി" സഭ ആഘോഷിക്കുന്ന ഇന്നത്തെ ഞായറാഴ്ചയുടെ വായനകളിൽ ഉൾപ്പെട്ടിരിക്കുന്നു.

മറിയയുടെ മണ്ണിൽ രൂപീകൃതമായ ദൈവപുത്രന്റെ സാന്നിധ്യം ഏലിസബേത്തിന്റെ ഉള്ളിൽ 6 മാസം പ്രായമായ ശിശു മനസ്സിലാക്കിയതും, അത് തിരിച്ചറിഞ്ഞ ഏലിസബേത്ത് നടത്തുന്ന ആത്മീയ പ്രതികരണവും വേദശാസ്ത്ര പ്രഖ്യാപനങ്ങളും ഈ ദിവസത്തെ ധ്യാനം അഗോചരമായ വേദരഹസ്യങ്ങൾ നമുക്ക് മനസ്സിലാക്കി തരുന്ന അഥവാ ചുരുളഴിച്ചു തരുന്ന അനുഭവം പ്രദാനം ചെയ്യുന്നു.

വി. ലൂക്കോ 1:46 മുതൽ 55 വരെയുള്ള ഭാഗങ്ങളിൽ കാണുന്ന Magnificath എന്ന് ലത്തീൻ, ഇംഗ്ലീഷ് ഭാഷകളിലും, മാവുർബോ എന്ന് സുറിയാനിയിലും അറിയപ്പെടുന്ന മറിയാമിന്റെ പാട്ട്. 'വിമോചന ഗീതം; 'വിപ്ലവഗാനം', 'പ്രത്യയ ശാസ്ത്ര ഗീതം' 'ആത്മീയ സ്തുതിപ്പ്' എന്നൊക്കെ വിവിധ തരത്തിൽ പേരു പറയാവുന്ന ഈ ഗാനം 1 ശമുവേൽ 2:1-10 വരെ കാണുന്ന ഹന്നായുടെ പാട്ടിന്റെ ഓർമ്മകൾ നമ്മിലുണർത്തുന്നാണ്.

എല്ലാം തന്നെ പറഞ്ഞറിയിക്കാനാകാത്ത ആത്മീയ ചിന്തകളിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്ന സുവർണ്ണ ദിനമാണീ ദിവസം.

**വചന സംഗ്രഹം**

**ഉല്പത്തി 1:24–31–** സൃഷ്ടി കർമ്മത്തിന്റെ അതുല്യാവസ്ഥയിൽ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുന്ന വിവരണമാണ് ഈവേദഭാഗത്തിലുള്ളത്. ദൈവീക സ്വഭാവത്തിന്റേയും, സാദൃശ്യത്തിൻരേയും പങ്കുകാരാകുക എന്ന സൃഷ്ടാവിന്റെ ഉദ്ദേശം, തനിക്കു ലഭിച്ച സ്വാതന്ത്ര്യം (free will) ദുരുപയോഗപ്പെടുത്തി മനുഷ്യൻ നഷ്ടപ്പെടുത്തി. എന്നാൽ നഷ്ടപ്പെട്ടത് തിരികെ തരുവാനായി ദൈവപുത്രൻ ഭൂമിയിലേക്ക് ഭൂജാതം ചെയ്ത സംഭവം ധ്യാനിക്കുന്ന കാലയളവിൽ മനുഷ്യൻ തന്റെ സൃഷ്ടിക്കപ്പെട്ടപ്പോൾ ആരായിരുന്നു. എന്തായിരുന്നു? എന്നൊക്കെ ഓർമ്മപ്പെടുത്തുന്നു ഈ വേദഭാഗം.

**1 ശമുവേൽ 2:1–10:** ശമുവേൽ പ്രവാചകന്റെ അമ്മയായ ഹന്നായുടെ പാട്ടാണ് ഈ ഭാഗത്തിലുള്ളത്. മറിയാമിന്റെ പാട്ടിന്റെ പഴയനിയമ നിഴലാണിത്. ഭക്തിയുള്ള യഹൂദ വനിതകൾ/പുരുഷന്മാർ ദൈവം തങ്ങളുടെ ജീവിതത്തിൽ ഇടപെട്ട് നൽകിയ അനുഗ്രഹങ്ങൾക്കായി ദൈവത്തെ സ്തുതിച്ചുകൊണ്ട് പ്രാർത്ഥന അർപ്പിക്കുമായിരുന്നു. ദൈവത്തെ സ്തുതിച്ചും, അനുഗ്രഹങ്ങൾക്കായി നന്ദി പറഞ്ഞും , അഹങ്കരിക്കരുതെന്ന് സ്വയം ഓർമ്മപ്പെടുത്തിയും നടത്തുന്ന ഇത്തരം പ്രാർത്ഥനകൾ ഇന്നും നാം നടത്തേണ്ടതാണ്.

**2 രാജാ. 5:1–5:** നയമാന്റെ കുഷ്ഠരോഗം സൗഖ്യമായതിന്റെ സംഭവം വിവരിക്കുന്ന വേദഭാഗത്തിന്റെ ആദ്യ ഭാഗമാണിത്. ഒരു പെൺ കുട്ടിയുടെ സമയോചിതമായ ഇടപെടൽ ജീവിതം നഷ്ടപ്പെട്ട ഒരാളിന്റെ വിടുതലിന് ഇടയാക്കി. ചില ഉത്തമരായ വനിതകളുടെ ഇടപെടൽ സൗഖ്യത്തിന് (കുടുംബത്തിലും, സമൂഹത്തിലും) കാരണമാകും. മറ്റു ചിലരുടേത് (ഉത്തമൻ എന്നു പറയുന്നില്ല) കുഷ്ഠവും, കഷ്ടവും വർദ്ധിപ്പിക്കും.

**സദൃശ്യ. 14:1, 19:14, 31:10–31:** ഇതു ഭാഗങ്ങളെല്ലാം ഉത്തമരായ സ്ത്രീകളുടെ സ്വഭാവവിശേഷതകളുടെ വിവരങ്ങളാണ്.

**1 പത്രോസ് 3:1–7:** ഭാര്യമാർ ഭർത്താക്കന്മാരോടുള്ള ബന്ധം എപ്രകാരമായിരിക്കണമെന്നും, ഭർത്താക്കന്മാർ ഭാര്യമാരോടുള്ള ബന്ധം എങ്ങനെയായിരിക്കണമെന്നും, ഇവിടെ പ്രതിപാദിക്കുന്നു. ഇതുപോലൊക്കെ നമ്മുടെ കുടുംബ ബന്ധങ്ങൾ ആകുമായിരുന്നു എങ്കിൽ!

**1 തീമോ. 2:9–15, 3:11–1 :** സ്ത്രീകളുടെ സ്വഭാവ സവിശേഷതകൾ വി. പൗലോസ് ശ്ലീഹാ ഇവിടെ വിവരിക്കുന്നു. സ്ത്രീ എന്ന വാക്കിന് 'സത്യം ത്രായതേ ഇതി' എന്നാണ് പൂർണ്ണാർത്ഥം. സത്യം പറയുന്നവളും, സത്യത്തിനു വേണ്ടി മാത്രം നിലനിൽക്കുന്നവളുമാണ് സ്ത്രീ. ഇന്നത്തെ എല്ലാ വേദഭാഗങ്ങളും അത്തരത്തിലുള്ള സ്വഭാവ വിശേഷതകളിലേക്ക് ഉയരുവാൻ ബഹുമാന്യരായ വനിതകളെ സഹായിക്കുന്നതാണ്.

**വി. ലൂക്കോ. 1:39–56:** ഈ വേദഭാഗം സമഗ്രമായ ആധ്യാത്മീക ചിന്തകളാൽ സംപുഷ്ടമാണ്. മറിയയും, ഏലിസബേത്തും, ലക്ഷ്യത്തിലേക്ക് പാഞ്ഞെത്തിയ വിസ്മയ നൗകകളാണ്. (ശ്ഹീമാ വെള്ളി സന്ധ്യ) ഒരാൾ വാഗ്മിയെ (പ്രസംഗകനെ) അഥവാ വഴി ഒരുക്കുന്നവനെ വഹിച്ചു. മറ്റെയാൾ രക്ഷകനെ, വഴിയെ തന്നെ (ഞാൻ തന്നെ വഴിയും... ആകുന്നു) വഹിച്ചു. ലക്ഷ്യമുണ്ടായിരുന്നു എന്നതിനെക്കാൾ അവർ ലക്ഷ്യത്തിലേക്ക് എത്തിചേർന്നവരാണ്. അവർ തമ്മിലുള്ള സമാഗമം "ദയയും, വിശ്വസ്ഥതയും തമ്മിൽ എതിരേറ്റിരിക്കുന്നു, നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു" എന്ന സങ്കീർത്തന ഭാഗം (സങ്കീർത്തനം 85:10) നമ്മെ ഓർമ്മി

പ്പിക്കുന്നു. സ്ത്രീത്വത്തിന്റെ രണ്ട് മഹാമാതൃകകളാണ് മറിയയും, ഏലിസബത്തും. മറിയയുടെ പാട്ട് ലോകത്തിലെ വിഖ്യാതമായ ആത്മീവിപ്ലവ കീർത്തനവും.

**1. മറിയം ശുശ്രൂഷയുടെ ഉദാത്ത മാതൃക**

ഞാൻ ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷിക്കുവാനും അനേകം പേർക്ക് ജീവൻ കൊടുക്കുവാനുമാണ് വന്നിരിക്കുന്നത് എന്ന് പ്രഖ്യാപിച്ച ക്രിസ്തുവിനെ പെറ്റ അമ്മ, പുത്രൻ പ്രഖ്യാപിച്ച് ജീവിച്ച ശുശ്രൂഷാ മാതൃകയുടെ ആദ്യ മാതൃകയാണ് (Phototype). മറിയയുടെ പ്രവർത്തനങ്ങൾ ഓരോന്നും ഉത്തമ ശുശ്രൂ, യുടെ വിവിധ തലങ്ങൾ വെളിവാക്കുന്നു.

**എഴുന്നേറ്റു (Arose)**

**ലൂക്കോസ് 1:39:** 'Anastasa' എന്ന വാക്ക് എഴുന്നേറ്റു എന്ന് തർജ്ജിമ ചെയ്യാമെങ്കിലും, നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിനാണ് (An action with determination) ആ വാക്ക് പ്രധാനമായും ഉപയോഗിക്കുന്നത്. നിശ്ചയദാർഢ്യത്തിന്റെ മാനസികാവസ്ഥയായിരുന്നു എങ്കിൽ ഒരു സാധു പെൺകുട്ടി 80 മൈൽ മലയോരപ്രദേശങ്ങളിലൂടെ യാത്ര ചെയ്ത എലിസബത്തിന്റെ അടുക്കൽ എത്തില്ലായിരുന്നല്ലോ. കാനാവിലെ കല്യാണത്തിലും അവൾ അങ്ങനെ തന്നെയായിരുന്നു. 'അവൻ എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ' (വി. യോഹ. 2:5) തന്റെ മകൻ താൻ പറഞ്ഞത് ചെയ്യും എന്ന് ഉറപ്പുള്ളതുകൊണ്ടാണ് അവർക്ക് വീഞ്ഞില്ല എന്ന് അവൾ പറഞ്ഞത്. തന്റെ മകന്റെ 'നാഴിക' തന്റെ അഭ്യർത്ഥന മൂലം ചെയ്ത അത്ഭുതത്താൽ ആരംഭിക്കപ്പെടുമ്പോൾ, അത് ഹൃദയത്തിലൂടെ കടന്ന ഒരു വാളായിരുന്നു. (ലൂക്കോ. 2:35). എന്നിട്ടും അതിന് സമാരംഭം കുറിക്കാനുള്ള ഉപകരണമായി അമ്മ മാറുന്നു. ഉറച്ച ബോധ്യം (നിശ്ചയദാർഢ്യം) തന്നെ അതിനു കാരണം.

ബന്ധപ്പെട്ടു ചെന്നു with hastle (1:39)

"Spoode" എന്ന വാക്ക് ആത്മാർത്ഥതയോടും, ഉത്തരവാദിത്വത്തോടും ചെയ്യുന്ന പ്രവർത്തിയാണ് ഗ്രീക്ക് ഭാഷയിൽ ഉപയോഗിക്കുന്നത്. അവകാശങ്ങളെകുറിച്ച് മാത്രം ചന്തിക്കുകയും സ്വന്തം ഉത്തരവാദിത്വങ്ങൾ തമസ്ക്കരിക്കുകയും ചെയ്യുന്ന മുടിയൻ പുത്രന്മാർ (ലൂക്കോ. 15:11-32) കൂടി വരുന്നു. മറിയം ഉത്തമ മാതൃക കാണിക്കുന്നു. തന്റെ മാതൃസഹോദരി വാർദ്ധക്യത്തിലാണ് ഗർഭം ധരിച്ചത് തന്റെ സഹായം അവർക്കാവശ്യമാണെന്ന് കണ്ട് മറിയം പ്രതികരിക്കുന്നു. ഉത്തരവാദിത്വവും, ആത്മാർത്ഥതയും നിറഞ്ഞ പ്രവർത്തനം (An action with responsibility and sincerety) "ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ വലുതായാലും, ചെറുതായാലും പൂർണ്ണ സമർപ്പണത്തോടെ ചെയ്യണം എന്നാണ് സിംഹത്തിൽ നിന്നു പഠിക്കേണ്ടത്" (നീതിസാരം).

വന്ദിച്ചു greeted (1:40): ഗ്രീക്കിൽ ഉപയോഗിക്കുന്ന 'Espas ata' എന്ന വാക്ക് ബഹുമാനപൂർവ്വം നടത്തുന്ന ഗ്രീറ്റിംഗിന് ഉപയോഗിക്കുന്നതാണ്. യദൃശ്ചികമായി കാണുമ്പോഴുള്ള പരസ്പര വന്ദനവ് അല്ല പ്രത്യുത ഉപചാര പൂർവ്വമുള്ള വന്ദനവ്. മറ്റുള്ളവരോട് എങ്ങനെ ഇടപെടണമെന്ന് മറിയം കാണിച്ചുതരുന്നു. "മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് നിങ്ങൾ അവർക്കും ചെയ്വിൻ" (വി. മത്താ. 7:12) മറിയത്തിന്റെ വയറ്റിൽ പിറന്ന യേശു അങ്ങനെ പറഞ്ഞില്ലങ്കിലെ അതിശയമുള്ളു കാരണം 'The nature of the mother will be the charactor of the child' എന്നാണല്ലോ പണ്ഡിത മതം.

**മറിയാമിന്റെ പാട്ട്:** യേശുമശിഹായിലൂടെ പൂർത്തീകരിക്കപ്പെടുന്ന ദൈവീക വാഗ്ദാനങ്ങളുടെ പൂർണ്ണതയാണ് ഈ പാട്ടിലുള്ളത്. നമ്മുടെ പിതാക്കന്മാരോട് അരുളി ചെയ്തതു പോലെ... യിസ്രായേലിനെ തുണച്ചിരിക്കുന്നു. (54,55) എന്ന മറിയയുടെ വാചകം ഇത് സ്പഷ്ടമാക്കുന്നു. ദൈവസ്തുതിയോടെ ആരംഭിച്ച് (1:46-48) വ്യക്തി തലത്തിലും, സമൂഹ തലത്തിലും ക്രിസ്തുവിലൂടെ സംലഭ്യമാകുന്ന വിമോചനത്തിന്റെ സമഗ്രഭാവം ഇവിടെ വ്യക്തമാകുന്നു.

**വ്യക്തിതലത്തിൽ:** ഞാൻ കർത്താവിനെ മഹത്വപ്പെടുത്തുമ്പോൾ അഥവാ ആരാധിക്കുമ്പോൾ എന്റെ ഹൃദയം ഉല്ലസിക്കും. ഞാൻ ദൈവമുമ്പിൽ സ്വയം താഴ്ത്തുമ്പോൾ അവൻ എന്നെ ഉയർത്തും, സകല തലമുറകളാലും ഭാഗ്യവാൻ/ഭാഗ്യവതി എന്നു വിളിക്കപ്പെടുന്ന തലത്തിലേക്ക് വളരും.

താഴ്മയോടെയുള്ള ആരാധന ദൈവ മുമ്പിൽ അർപ്പിക്കുമ്പോൾ തലമുറതലമുറയോളം അവന്റെ കരുണയുണ്ടാകും. ചുരുക്കത്തിൽ ഭയം, ഭക്തി, താഴ്മ എന്നിവ നിറഞ്ഞ ആരാധന അനുഗ്രഹത്തിന് നിദാനമാണ്. അവർക്കാണ് ദൈവീക ശക്തി ജീവിതത്തിൽ അനുഭവിക്കാനാകുന്നത്.

**സാമൂഹ്യതലം:** ദൈവം സമൂഹത്തിൽ വളരുന്ന 3 തരം വിപ്ലവങ്ങൾ ഇവിടെ പ്രതിപാദിക്കപ്പെടുന്നു.

**ധാർമ്മിക വിപ്ലവം- Moral revolution:** "ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിതറിച്ചു" (1:51) അഹങ്കരിച്ചാൽ പരാജയമുണ്ടാകും. 'Pride comes before every fall' എന്നാണല്ലോ. അഹങ്കരിച്ച് ചിതറിക്കപ്പെട്ട യിസ്രായേലിന്റെ ഒരു വിഭാഗവും, രാജാവായ ശൗലും (1 ശമു. 15:23) ഒക്കെ മറിയാമിന്റെ മനസ്സിൽ ഉയർന്നു വന്നു കാണും.

**സാമൂഹ്യ വിപ്ലവം-Social revolution:** പ്രഭുക്കന്മാരെ... ഇറക്കി. താണവരെ ഉയർത്തി (52)

രണ്ട് നാല് ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളിക മോളിലേറിയ മന്നന്റെ
തോളിൽ മാറാപ്പ് ചാർത്തുന്നതും ഭവാൻ

**സാമ്പത്തിക വിപ്ലവം- Economic revolution**

വിശന്നിരിക്കുന്നവരെ.. നിറച്ചു. സമ്പന്നരെ... അയച്ചു കളഞ്ഞിരിക്കുന്നു (53). ഖയറൊട്ടിയവന്റെ വയർ നിറക്കുന്നതു വസ്ത്രമില്ലാത്തവന് വസ്ത്രം നൽകുന്നതും, കിടപ്പാടം ഇല്ലാത്തവന് ഭവനവും എന്തിന്, വി. ലൂക്കോസ് 4:16-19 വരെയുള്ള ഭാഗത്ത് യേശു ക്രിസ്തു ദേവാലയത്തിൽ വച്ചു വായ്ക്കുന്ന യെശയ്യാവ് 61:1 മുതലുള്ള വേദഭാഗങ്ങളിൽ കാണുന്ന മുഴുവൻ കാര്യങ്ങളും (manifesto) പരിശുദ്ധ കന്യകമറിയം ഈ ഭാഗത്ത് പ്രതിപാദിക്കുന്നുണ്ട്.

കന്യകമറിയാമും എലിസബത്തും തമ്മിൽ നടത്തുന്ന സമാഗമം രണ്ട് വ്യക്തികൾ തമ്മിലുള്ള കൂടിക്കാഴ്ച എന്നതിലുപരി മനുഷ്യ ജീവിത പശ്ചാത്തലത്തിൽ സമഗ്രമായ പല ഭാവങ്ങളും വെളിവാക്കുന്നുണ്ട്. അത് പഴയ നിയമത്തിൻരേയും പുതിയ നിയമത്തിന്റേയും കൂടിക്കാഴ്ചയാണ്. നിഴലും പൊരുളും തമ്മിലുള്ള സംഗമമാണ്. ഈ ദിവസം ഏലിസബേത്തിനോടും ഒപ്പം നമുക്കും പ്രാർത്ഥിക്കാം സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ നിന്റെ ഗർഭവും അനുഗ്രഹിക്കപ്പെടത്. ■


14th Blessed Memorial

**On 12th Nov. 2012 at St. Antony's Orthodox Church, hannithodu**



**Rev. Fr. P. A. Samuel**
Member of Mar Basil
Dhyara, Pathanamthitta


*Inserted by:-*

**Achenckunju, Elsamma,**
**Novin, Febin & Jiya Febin**
**Malayattur Santhomes**
**Thekkady-685509**
**Ph:- 04869-222003**




## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ


പുലിക്കോട്ടിൽ ജോസഫ്
മാർ ദീവന്നാസിയോസ്-I
(196-ാം ഓർമ്മ),
നവം. 24,
**(പഴയ സെമിനാരിയിൽ)**


മാർ ബസേലിയോസ്
ഔഗേൻ ബാവാ
(37-ാം ഓർമ്മ)
ഡിസംബർ - 8,
**(ദേവലോകം അരമനയിൽ)**


ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ്
പ്രഥമൻ ബാവാ
(16-ാം ഓർമ്മ) നവം.-8,
**(ദേവലോകം അരമനയിൽ)**


കടവിൽ പൗലോസ് മാർ
അത്താനാസിയോസ്
(105-ാം ഓർമ്മ)
(നവംബർ - 2,


വയലിപ്പറമ്പിൽ ഗീവർഗീസ് മാർ
ഗ്രിഗോറിയോസ്
(46-ാം ഓർമ്മ)
(നവംബർ - 6,

**(തൃക്കുന്നത്തു സെമിനാരി, ആലുവ)**


തോമാ മാർ
ദീവന്നാസിയോസ്
(40-ാം ഓർമ്മ)
(ഡിസംബർ - 3,
**(പത്തനാപുരം ദയറായിൽ)**


പൗലോസ് മാർ
ഗ്രീഗോറിയോസ്
(16-ാം ഓർമ്മ)
(നവംബർ - 24,
**(പഴയ സെമിനാരിയിൽ)**


സ്തേഫാനോസ് മാർ
തേവോദോസിയോസ്
(5-ാം ഓർമ്മ)
(നവംബർ - 5,
**(ഭിലായ് സെന്റ് തോമസ് ആശ്രമം)**


ഇയ്യോബ് മാർ
പീലക്സീനോസ്
(1-ാം ഓർമ്മ)
(നവംബർ - 20,
**(പത്തനാപുരം ദയറായിൽ)**

വലിയ ബാവാ
പരിശുദ്ധ ബസ്സേലിയോസ് ദിദിമോസ് പ്രഥമന്
# പിറന്നാൾ ആശംസകൾ



**93–ാം പിറന്നാൾ,
ഒക്ടോബർ 29**

പ്രാർത്ഥനാപൂർവ്വം

## താബോർ പ്രസ്ഥാനങ്ങൾ

മൗണ്ട് താബോർ ദയറാ, പത്തനാപുരം
മൗണ്ട് താബോർ ട്രെയിനിംഗ് കോളജ്, പത്തനാപുരം
മൗണ്ട് താബോർ M.Ed. കോളജ് പത്തനാപുരം
മൗണ്ട് താബോർ മിഷൻ ഹോസ്പിറ്റൽ & സ്ക്കൂൾ ഓഫ് നേഴ്സിംഗ്, മാത്തൂർ, തിരുച്ചിറപ്പള്ളി
മൗണ്ട് താബോർ എൽ.പി.എസ്.
മൗണ്ട് താബോർ ഹയർ സെക്കണ്ടറി സ്ക്കൂൾ
സെന്റ് സ്റ്റീഫൻസ് കോളജ്
സെന്റ് സ്റ്റീഫൻസ് ഹയർ സെക്കണ്ടറി സ്ക്കൂൾ
കാതോലിക്കേറ്റ് ഹയർ സെക്കണ്ടറി സ്ക്കൂൾ, പോത്തുകൽ
പൊന്നയ്യ ഹയർ സെക്കണ്ടറി സ്ക്കൂൾ, തിരുച്ചിറപ്പള്ളി,
MTDM H.S. മാലൂർ, പത്തനാപുരം
MTDM H.S. തോർനാട്, കോറോം,
സെന്റ് തോമസ് L.P.S. അമയന്നൂർ, കോട്ടയം etc...




## IV[TH] DEATH ANNIVERSARY

**17-11-2012**



### K. J. KURIAN (SYRIAC)

Kuruppancheril (Palathinkal)
Chozhiyacadu
Channanicadu P.O.,
Kottayam

*By sorrowing family*

## 6[TH] DEATH ANNIVERSARY

**27-11-2012**



*In loving Memory of*

### K. M. THOMAS

Kadavil House,
Kesavadasapuram

*By sorrowing family*

## കർമ്മമേഖല

29-ാം പേജിൽ നിന്നു തുടർച്ച...

സുതാര്യവും ജനാധിപത്യപരവുമായ രീതിയിലാണ് പണം കൈകാര്യം ചെയ്യുന്നത്. സാമൂഹികമായി പിന്നിലായവരേയും സാമ്പത്തികമായി പിൻതള്ളപ്പെട്ടവരേയും കരുതുവാനും അവർക്കായി പ്രവൃത്തിക്കാനും എന്നും സഭ മുൻപന്തിയിൽ തന്നെയാണ്.

**കേരളത്തിൽ മതങ്ങൾ തമ്മിലുള്ള ദൂരം ഇത്രയധികം വർദ്ധിച്ച കാലമില്ല. ഓർത്തഡോക്സ് സഭയ്ക്ക് ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സാധിക്കുമോ?**

കേരളത്തിൽ സമുദായ വിള്ളൽ ഏറെയായിട്ടുണ്ട് എന്നത് വസ്തുതയാണ്. മത സൗഹാർദ്ദത്തിനായി വിവിധ സമുദായങ്ങളുമായി മലങ്കരസഭ നിരന്തരം അഭിപ്രായങ്ങൾ കൈമാറുന്നുണ്ട്. ഈ വഴിയിൽ ഇനിയും വളരെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വൈരുദ്ധ്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ പൊതു ഇടങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു.

**മലങ്കരയിലെ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചതിന്റെ ആഘോഷങ്ങൾ നടക്കയാണല്ലോ. കേരള സാമൂഹിക ചരിത്രത്തിൽ ഈ ആഘോഷങ്ങൾക്ക് എന്തു പ്രസക്തിയാണുള്ളത്?**

മലങ്കര ഓർത്തഡോക്സ് സഭ, തനി ഭാരതീയമായമായ സ്വതന്ത്രസഭയാണ്. ഒന്നാം നൂറ്റാണ്ടിൽ തന്നെ ശക്തമായ സ്വാധീനം ഭാരതത്തിൽ ഉറപ്പിച്ച സമൂഹമാണ് ഇത്. ആധുനിക കേരള സമൂഹത്തിൽ സഭ വളരെ നവീനമായ കാൽവെയ്പുകൾ നടത്തി. 1654-ൽ മട്ടാഞ്ചേരിയിൽ വച്ചു നടത്തപ്പെട്ട കൂനൻ കുരിശു സത്യം ഇന്ത്യയിൽ തന്നെ, വിദേശാധിപത്യത്തിനു എതിരായി ആഞ്ഞടിച്ച ആദ്യ സ്വാതന്ത്ര്യ സമരമായിരുന്നു. 1912-ൽ നിരണത്തു വച്ചു നടത്തിയ കാതോലിക്കാസ്ഥാപനം, വിദേശാധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിക്കലായിരുന്നു. ഇന്ത്യൻ ഭരണഘടന നിലവിൽ വരുന്നതിനു മുമ്പേ 1934-ൽ സ്വന്തമായ ഒരു ഭരണഘടന എഴുതപ്പെടുവാനും ജനാധിപത്യപരമാ കീഴ്‌വഴക്കങ്ങൾ ഇടവക തലത്തിൽ പോലും നിർവ്വഹിക്കാനും സഭയ്ക്ക് കഴിഞ്ഞു. മറ്റു സമുദായങ്ങൾക്ക് മാതൃകയായി മലങ്കര അസോസിയേഷൻ എന്ന സമുദായ പാർലമെന്റ് നിലവവിൽ വന്നു.

**സഭയിൽ രാഷ്ട്രീയമായ ഇടപെടലുകൾ ഉണ്ടാവുന്നുണ്ടോ?**

സഭ രാഷ്ട്രീയത്തിന് എതിരല്ല. എന്നാൽ ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ വീക്ഷണം സഭക്കില്ല. രാഷ്ട്രീയ ഇടപെടലുകൾ സഭയുടെ ദർശനത്തിന്റെ ഭാഗം തന്നെയാണ്. സാമൂഹികവും, രാഷ്ട്രീയവുമായ അവസ്ഥ ഒഴിവാക്കിക്കൊണ്ട് സമുദായത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനാവില്ല. തിരുകൊച്ചി മന്ത്രിസഭാ രൂപീകരണ സമയത്ത് 33 ശതമാനം ക്രൈസ്തവരും പിന്നെ ഈഴവരും, നായന്മാരും ചേർന്ന റ്റി.എം. വർഗീസിന്റെ നേതൃത്വത്തിൽ അടിസ്ഥാന ഭരണ ക്രമീകരണം ചെയ്തത് ചരിത്രമാണ്. സമൂഹത്തിൽ മതവും രാഷ്ട്രീയവും ഇഴപിരിയാതെ കിടക്കുന്നതിനാൽ ഇരുഭാഗവും സംവാദിച്ചു കൊണ്ടു തന്നെ മുന്നോട്ടു പോകും.

**അദ്ധ്യാപനമാണോ പൊതു സേവനമാണോ കൂടുതൽ ചാരിതാർത്ഥ്യം പകരുന്നത്.**

രണ്ടും സംതൃപ്തി നൽകുന്ന മേഖലയാണ്. അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് പ്രകാശം നൽകുന്നെങ്കിൽ പൊതു പ്രവർത്തകൻ സമൂഹത്തിനു തന്നെ വെളിച്ചം നൽകേണ്ടവനാണ്. മാതാപിതാക്കൾ ഒരു വൈദികനായി കാണണമെന്നാണ് ആഗ്രഹിച്ചിരുന്നത്. ഇന്ന് ഒരു അത്മായനായി തന്നെ സമുദായത്തെ സേവിക്കുവാനാണ് അവസരം ലഭിച്ചിരിക്കുന്ന്.

സഹധർമ്മിണി വീണ ജോർജ് തിരക്കേറിയ മാധ്യമപ്രവൃത്തിനത്തിനിടയിലും തരുന്ന ക്ഷമയോടെയുള്ള സഹകരണം വളരെ ശക്തിയാണ്. ■





# സമഗ്ര ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

'ചങ്ങലകൾ' സ്വാതന്ത്ര്യമില്ലായ്മയുടെ പ്രതീകമാണ്. ചങ്ങലകളാണ് സ്വാതന്ത്ര്യത്തിന്റെ വില ബോധ്യപ്പെടുത്തുന്നതും ജീവിതം ഒരു ചങ്ങലക്കണ്ണിയിൽ നിന്ന് മറ്റൊരു ചങ്ങലക്കണ്ണിയിലേക്ക് നമ്മെ തളച്ചിടുന്നു. മോചനപ്പെട്ടു എന്ന് അവകാശപ്പെടുമ്പോഴേക്കും മറ്റൊരു ചങ്ങലയിലേക്ക് നാം പെട്ട് പോവുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തേക്കാൾ ചിലർക്ക് ചങ്ങലകളോടാണ് പ്രീയം. ചില തലപ്പാവുകൾ തിളക്കമുള്ളതാണെങ്കിൽ ചങ്ങലയും സാരമില്ല എന്ന് ചിന്തിക്കുന്നവരാണ് കൂടുതൽ. ഭിക്ഷാംദേഹിക്ക് ദാനം കിട്ടിയ നാണയം മുതൽ തുടങ്ങുന്നു ചങ്ങലയുടെ ഭാഷ. അഭിഷേകം നൽകിയിട്ട് അതിനും ചങ്ങലപ്പൂട്ടിടുന്നു. ചങ്ങല പൂട്ടിനെ ഭേദിക്കനാകണം വലതുകൈ കൊടുക്കുന്നത് ഇടത് കൈ പോലും അറിയരുത് എന്ന് തമ്പുരാൻ പറഞ്ഞത്. എല്ലാകൊടുക്കൽ വാങ്ങലുകളും ഒരു ചങ്ങലക്കണ്ണിയുടെ ഭാവമാകരുത് എന്നത് കൊണ്ടാണ്. കയ്യും, കാലും, നാവും ബന്ധിച്ച് കിരീടം തന്നിട്ടെന്ത് കാര്യം തമ്പുരാന്റെ കിരീടം എന്നിലൂടെ നിങ്ങൾ സ്വതന്ത്രരായി എന്നാണ്.

കാരാഗൃഹത്തിൽ നിന്ന് പുറത്ത് വിട്ടാലും കാരാഗൃഹത്തോട് മമതയുള്ളവരായി ജീവിക്കുന്നവരുണ്ട്. ചങ്ങല ഭേദിച്ചാലും പുതിയ ചങ്ങല സൃഷ്ടിച്ച് ജീവിക്കുന്നവരും ചിലരെ ഒരിക്കലും കാരാഗൃഹത്തിലാക്കാനും ചങ്ങലയിൽ ബന്ധിക്കാനും കഴിയില്ല എന്നാണ് പൗലോസും ശീലാസും വിളിച്ച് പറയുന്നത്. നാം ജഡത്തിന്റെ കാരാഗൃഹത്തിലായതിലും വൈകൃതങ്ങളുടെ ചങ്ങലയിൽപ്പെടുന്നതിലും നൊമ്പരപ്പെടുമ്പോഴും മോചിക്കപ്പെടാൻ പ്രാർത്ഥിക്കുമ്പോഴും മറ്റ് ചില ചങ്ങല രൂപങ്ങൾ നമ്മെ കീഴ്പ്പെടുത്തുന്നുണ്ടാകണം.

കഴുത്തിൽ ചങ്ങലയുള്ള നായ എല്ലിൻ കഷണത്തിൽ കണ്ണുടക്കി നാവിൽ വെള്ളമൂറിയാൽ എല്ലിൽ കടിച്ച് ജീവിതം കളയും എന്നതല്ലാതെ എന്ത് പറയാൻ ചങ്ങലയുടെ ഒരു കണ്ണിപോലും ഒരായുസ്സ് കൊണ്ട് അത് മുറിച്ചെടുക്കുകയില്ല. അഭിമാനിയായി യജമാനന് നേരേ വാലാട്ടും, അയാൾക്ക് വേണ്ടി കുരയ്ക്കും. അയാളുടെ പരിസരങ്ങളുടെ കാവലാളായി മാറും സ്വന്ത പരിസരങ്ങളെ വിട്ട് കളഞ്ഞ് അന്യർക്ക് കാവലാവുന്നത് ദുരന്തമാണ്.

പദവികൾ ചങ്ങലകൾ ആണെങ്കിലും ഏറ്റെടുക്കാനും കൊട്ടിഘോഷിക്കാനും മാധ്യമ മേളകൾ നടത്താനും ഒക്കെ നാം പഠിക്കുകയാണ്. ഒരു ശ്വാന കാഴ്ചക്കപ്പുറം ഇതിനൊക്കെ എന്ത് വില? ബ്രിട്ടീഷ് ആധിപത്യം കൂടുതൽ വേര് പിടിച്ചത് ഭൂരിപക്ഷം ചങ്ങലകൾ ആസ്വദിച്ചത് കൊണ്ടാണ്. ദേശീയ സഭ സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയിലെത്താത്തത് വൈദേശിക അരപ്പട്ടകൾക്കും, തൊങ്ങലുകൾക്കും, പീഠങ്ങൾക്കും വൈദേശിക ചങ്ങലപ്പിടുത്തത്തിൽ നിന്നാണെങ്കിലും. അത് അഭിമാനമായി ഏറ്റെടുക്കുന്നത് കൊണ്ടാണ്.എന്റെ കണ്ണിന്റെ സ്വാതന്ത്ര്യത്തിലാണ് തമ്പുരാനെ കണ്ടത്, ആ കാഴ്ചകൊണ്ടാണ് അവന്റെ മുറിവിനെ സ്പർശിക്കേണ്ടത് എന്ന് ഘോഷിച്ച വി. മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹീക സിംഹാസനമാണ് ദേശീയമായി നമ്മുടേത്.

ചങ്ങല സ്വർണ്ണമാണെങ്കിലും അതിൽ രത്നം പതിച്ചാലും അത് ബന്ധനമാണ്. "നമ്മുടെ കാതോലിക്കേറ്റ്" ഈ ബന്ധനങ്ങളെ കുടഞ്ഞെറിഞ്ഞ് എഴുന്നേറ്റതിന്റെ പ്രതീകമാണ്. ചില ദുർബലർ തലപ്പാവുകൾ മാറ്റാനുള്ള "വൈദേശിക ചങ്ങലകൾ ഞങ്ങൾക്കഭിമാനം, വൈദേശിക പാദസേവ ഞങ്ങൾക്ക് അന്തസ്സ്" എന്ന് വിളിച്ച് കൂവുന്നു.

"ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ"

E-mail: fr.thirumangalam@gmail.com



# ഒന്നാം ഓർമ്മപ്പെരുന്നാൾ

**നവംബർ 20ന് പത്തനാപുരം താബോർ ദയറാ ചാപ്പലിൽ**



## നി.വ.ദി.ശ്രീ. ഡോ. ജോബ് മാർ പീലക്സീനോസ്

Inserted By

THE ORTHODOX DIOCESE OF DELHI

## അഞ്ചാം ഓർമ്മ (5-11-2012)



## ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത

**പ്രാർത്ഥനാപൂർവ്വം**

വികാരി, ഭരണസമിതിയംഗങ്ങൾ,
ഇടവകാംഗങ്ങൾ

---

മാർ ഗ്രിഗോറിയോസ്
ഓർത്തഡോക്സ് ഇടവക, മസ്കറ്റ്

## ശുശ്രൂഷക സംഗമം

**പാമ്പാടി:-** മുഖ്യ ശുശ്രൂഷകസംഗമം പാമ്പാടിയിൽ നടത്തി. കുറിയാക്കോസ് ദയറാ ചാപ്പലിൽ നടന്ന സംഗമത്തിന് പ്രസ്ഥാനം പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ ബർന്നബാസ്, ഗീവർഗീസ് മാർ ഈവാനിയോസ്, ഫാ. ഡോ. റെജി മാത്യൂസ്, ഫാ. മാത്യു കെ. ജോൺ, ഫാ. തോമസ് കാവുങ്കൽ, ജോസ് കുര്യൻ, പ്രൊഫ. ബാബു വർഗീസ് എന്നിവർ നേതൃത്വം നൽകി. 400-ൽ പരം പ്രതിനിധികൾ പങ്കെടുത്തു.

## കാതോലിക്കേറ്റ് ശതാബ്ദി ചാരിറ്റി ഫണ്ട്

**അടൂർ:-** അടൂർ-കടമ്പനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനവും കാതോലിക്കേറ്റ് ശതാബ്ദി ചാരിറ്റി ഫണ്ട് ഉദ്ഘാടനവും നടത്തി. ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രലിൽ നടന്നു. ചിറ്റേയം ഗോപകുമാർ എം. എൽഎ. ഉദ്ഘാടനം ചെയ്തു.

ഭദ്രാസനാധിപൻ ഡോ. സഖറിയാ മാർ അപ്രേം അദ്ധ്യക്ഷത വഹിച്ചു. ഫാ. ഡോ. എം. ഒ. ജോൺ കാതോലിക്കേറ്റ് ശതാബ്ദി പ്രഭാഷണം നിർവ്വഹിച്ചു. പത്ത് ലക്ഷം രൂപയുടെ കാതോലിക്കേറ്റ് ശതാബ്ദി ചാരിറ്റി ഫണ്ട് ഭദ്രാസനത്തിന്റേതായി സമർപ്പിച്ചു. നഗരസഭാദ്ധ്യക്ഷൻ ഉമ്മൻ കെ. തോമസും സാമൂഹിക സാംസ്ക്കാരിക നേതാക്കളും പ്രസംഗിച്ചു.



## ഡോക്ടറേറ്റ് ലഭിച്ചു



അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും **മൈക്രോബയോളജിയിൽ ഡോക്ട്രേറ്റ് ലഭിച്ച സജിനി ശാമുവൽ** ചെങ്ങന്നൂർ ഭദ്രാസനത്തിൽ കടമാൻകുളം സെന്റ് മേരീസ് ഇടവകാംഗമായ കെ. സി. ശാമുവേലിന്റെയും (മലങ്കര അസ്സോസിയേഷൻ & ഭദ്രാസന അംഗം, മദ്രാസ് ഭദ്രാസനം) അന്നമ്മ ശാമുവേലിന്റെയും മകളാണ്. കുടശ്ശനാട് തച്ചനംകോട്ട് കുടുംബാംഗമാണ്. ഭർത്താവ് തേവലക്കര മർത്തമറിയം ഇടവകാംഗമായ കൊച്ചുതുണ്ടിയിൽ റെനി മാത്യു വൈദ്യൻ.

Surger mill Effluent Water എങ്ങനെ കൃഷിക്ക് പ്രയോജനപ്പെടുത്താം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഗവേഷണത്തിനാണ് ഡോക്ട്രേറ്റ് ലഭിച്ചത്.


*Advt.*



സ്നേഹ സ്മരണ
വല്യച്ചന്റെ
ഒന്നാം ചരമവാർഷികം, 28-11-2012
"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരി
യാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"
Inserted by
Vathiattu Builders &
Developers
Bangalore
വെരി. റവ. കെ.ജി. ഗീവർഗീസ് കോർ എപ്പിസ്കോപ്പാ



ടോർക്കോം രണ്ടാമൻ മനൂഗിയാൻ



ആഗാൻ ബലിയോസിയാൻ

# അർമേനിയൻ സഭാ പിതാക്കന്മാർ കാലം ചെയ്തു

അർമേനിയൻ സഭയുടെ ജറുശലേം പാത്രിയർക്കീസ് ശ്രേഷ്ഠ ടോർക്കോം രണ്ടാമൻ മനൂഗിയാനും (93) ആസ്ട്രേലിയാ-ന്യൂസിലാൻഡ് ആർച്ചുബിഷപ്പ് ആഗാൻ ബലിയോസിയാനും (66) കാലം ചെയ്തു.

ഒക്ടോബർ 12 നു കാലം ചെയ്ത ശ്രേഷ്ഠ ടോർക്കോം രണ്ടാമൻ മനൂഗിയാൻ പാത്രിയർക്കീസിന്റെ കബറടക്ക ശുശ്രൂഷ 22 നു സെന്റ് ജയിംസ് മൊണാസ്ട്രിയിൽ നടന്നു. 1919 ൽ ഇറാക്കിൽ ജനിച്ച അദ്ദേഹം 1962 ൽ മെത്രാനും 1990 ൽ പാത്രിയർക്കീസുമായി. യേശുക്രിസ്തുവിന്റെ സഹോദരനായ വിശുദ്ധ യാക്കോബിന്റെ ശ്ലൈഹീക സിംഹാസനത്തിലെ 96-ാംമത്തെ പാത്രിയർക്കീസും (Patriarch of the Apostolic Throne of St. James) ഇസ്രായേലിലും പലസ്തീനിലും ജോർദാനിലുള്ള അർമേനിയാക്കാരുടെ ആത്മീയ പിതാവുമായിരുന്നു. അഞ്ചാം നൂറ്റാണ്ടിലാണ് ഈ പാത്രിയർക്കേറ്റ് സ്ഥാപിതമായത്. അർമേനിയായിലെ എക്മിയാഡ്സിൻ ആസ്ഥാനമായുള്ള സുപ്രിം കാതോലിക്കയുടെ കീഴിലാണ് ജറുശലേം, കോൺസ്റ്റാന്റീനോപ്പിൾ (ഇസ്താംബുൾ) പാത്രിയർക്കീസുമാർ. ശ്രേഷ്ഠ പാത്രിയർക്കീസ് ബാവായുടെ നിര്യാണത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചിച്ചു.

സെപ്റ്റം. 22നു കാലം ചെയ്ത ആർച്ചുബിഷപ്പ് ആഗാൻ ബലിയോസിയാന്റെ കബറടക്കം ഒക്ടോബർ നാലിന് സിഡ്നിയിൽ നടന്നു. ഇന്ത്യയിലെ അർമേനിയക്കാരുടെ ആത്മീയപിതാവായിരുന്നു അദ്ദേഹം. പല തവണ മലങ്കര സഭ സന്ദർശിച്ചിട്ടുണ്ട്. മദ്രാസ് ഭദ്രാസനത്തിന്റെ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ കബറടക്ക ശുശ്രൂഷയിൽ സഹകാർമികത്വം വഹിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചിച്ചു.

# മാർത്തോമ്മൻ പൈതൃക സ്മൃതി യാത്ര



മാർത്തോമ്മൻ പൈതൃക സന്ദേശ യാത്ര തിരുവിതാംകോട് അരപ്പള്ളിയിൽ പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

## ഡോക്ടറേറ്റ് നേടി



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും സുറിയാനി ഭാഷാ സാഹിത്യത്തിൽ 'പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ദനഹാ പെരുന്നാൾ' എന്ന ഗവേഷണ പ്രബന്ധത്തിന് പി.എച്ച്.ഡി. ലഭിച്ച ഫാ. വർഗ്ഗീസ് വർഗ്ഗീസ് കല്ലൂർ. വിദ്യാർത്ഥിപ്രസ്ഥാനം ജനറൽ സെക്രട്ടറിയും കോട്ടയം സീരിയിൽ അദ്ധ്യാപകനുമാണ്. യുവജനപ്രസ്ഥാനം സെക്രട്ടറിയായും, സഭയുടെ പി.ആർ.ഒ. ആയും പ്രവർത്തിച്ചു. സഹധർമ്മിണി: പ്രിയ വർഗീസ്. മക്കൾ: അലൻ വർഗീസ്, ജേക്കബ് വർഗീസ്.



പോളിമർ ഫിസിക്സിൽ ഡോക്ടറേറ്റ് (കേരള സർവകലാശാല) നേടിയ അനീഷ മേരി മാത്യു. പുതുപ്പള്ളി പടിഞ്ഞാറേ വടക്കേക്കര റവ. ഫാ സഖറിയ തോമസിന്റെ (പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രൽ) ഭാര്യ. മകൻ: ആദർശ്.



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിസിക്സിൽ (നാനോടെക്നോളജി) പി.എച്ച്.ഡി. നേടിയ സൂസൻ സാമുവൽ എം. തണ്ണിത്തോട് സെന്റ് ആന്റണീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ തുണ്ടിയത്ത് കൃപാഭവനിൽ ബിനോയി ടി. തോമസിന്റെ (അസി. പ്രഫ. കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട) ഭാര്യ.

## അവാർഡ്



സംസ്ഥാന സർക്കാരിന്റെ വനമിത്ര അർഹിച്ച് നേടിയ അടൂർ കരുവാറ്റ സെന്റ് മേരീസ് ഇടവകാംഗമായ വട്ടക്കുന്നിൽ പുത്തൻ വീട്ടിൽ സൈമൺ തോമസ് കീപ്പുകുഴി ഗവ. എൽ.പി. സ്ക്കൂൾ അദ്ധ്യാപകൻ.

## കലാസാഹിത്യ മത്സരം

പത്തനാപുരം മൗണ്ട് താബോർ ദയറായുടെ സ്ഥാപകാദ്ധ്യക്ഷനായിരുന്ന മാർതോമാ ദീവന്നാസ്യോസ് തിരുമേനിയുടെ 40-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് സൺഡേ സ്ക്കൂൾ കുട്ടികൾക്കായി അഖില മലങ്കരാടിസ്ഥാനത്തിൽ 2012 നവം. മാസം 17-ാം തീയതി ശനിയാഴ്ച മൗണ്ട് താബോർ ട്രയിനിംഗ് കോലേജിൽ വച്ച് മത്സരം നടത്തുന്നു. സീനിയർ, ജൂനിയർ, സബ്-ജൂനിയർ വിഭാഗങ്ങളിലായി പ്രസംഗം, ലളിതഗാനം, സമൂഹഗാനം, ഉപന്യാസം, ക്വിസ് എന്നിവ മത്സര ഇനങ്ങളായിരിക്കും. വിശദവിവരങ്ങൾക്ക് ഫാ. ഫിലിപ്പ് മാത്യു, കൺവീനർ, മൗണ്ട് താബോർ ദയറാ, പത്തനാപുരം-689695. ഫോൺ: 9447796509 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## ശ്രാദ്ധപ്പെരുന്നാൾ

ഭാഗ്യ സ്മരണാർഹനായ ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനിയുടെ ഒന്നാം ശ്രാദ്ധപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നവം. 20-ന് നടത്തുന്നു.

## പിൻമൊഴി

# മുച്ചാടന്റെ കുതിപ്പും ആകാശയാനത്തിന്റെ കിതപ്പും

ഇരമ്പിയോടുന്ന വാഹനങ്ങൾക്കും തിരിഞ്ഞു നിൽക്കാൻ നേരമില്ലാത്ത തിരക്കുകാർക്കുമിടയിൽക്കൂടി ഒരു മുച്ചാടൻ വണ്ടി നിരങ്ങി നീങ്ങുന്നു. ഒരൊറ്റ നോട്ടത്തിനപ്പുറം അനുകമ്പയ്ക്ക് അർഹനല്ലാത്ത വികലാംഗനായ സഞ്ചാരി സുസ്മേരവദനനായി കൈകൊണ്ട് ചക്രം ചലിപ്പിക്കുന്നു. തലയ്ക്കു മീതെ പോളിയാ ബോധവൽക്കരണ സന്ദേശം.

ഒരു ദുർബലന് എന്ത് ചെയ്യാൻ കഴിയുമെന്ന് ആശ്ചര്യപൂർവ്വം ചോദിക്കുന്നവർക്ക് വാക്കുകൊണ്ട് മറുപടി പറയാത്തവൻ. സഹതാപം നിറഞ്ഞ കണ്ണുകൾക്കുനേരെ മുഖം തിരിച്ചവർ. ഇരുകയ്യും തലയിൽ വച്ച് ശപിച്ച വിധിയെ നെഞ്ചോടു ചേർത്ത്.

ഇതൊരു വിരോധാഭാസമായിരുന്നു. 'നടപ്പുദീന'മെന്ന ഇരുട്ടുചങ്ങലയിൽ ആയിരങ്ങൾ ഇടറിവീഴുമ്പോഴും കരുത്തന്മാർ ആരും ചെയ്യാൻ മെനക്കെടാത്ത ഒരു സുകൃതം. വാർത്തകളുടെ ജാലകങ്ങൾക്കു പിറകെ ക്യൂ നിൽക്കാതെ സഹൃദയരുടെ നെഞ്ചിലേക്ക് ഒരു മുച്ചാടൻ സൈക്കിൾ കയറിപ്പോവുകയാണ്. ഒടുവിൽ ക്യാമറകൾ അയാളെ ശ്രദ്ധിക്കുന്നു.

അവയവദാനമെന്ന് പുണ്യകർമ്മത്തിന്റെ സന്ദേശ വാഹകനായ ഫാ. ഡേവിഡ് ചിറമേലിന് ഒട്ടനവധി പ്രായോജകർ ഉണ്ടായിരുന്നു. പ്രായോജകർ ഇല്ലെങ്കിലും ഇദ്ദേഹത്തിന്റെ മനസ്സിന്റെ സഞ്ചാരം ജനശ്രദ്ധ ആകർഷിക്കുമായിരുന്നു. അതൊരു വീണ്ടെടുക്കൽ യാത്രയായിരുന്നു. മാത്രവുമല്ല പ്രായോജകർ കണ്ണുവച്ചിട്ടുള്ളത് എന്തിലാണെന്ന് വ്യക്തവുമല്ല.

അകമ്പടിയില്ലാത്തവന് ഒന്നും ചെയ്യാനാകില്ലയെന്ന് ചില അഹങ്കാരികൾ അട്ടഹസിച്ചേക്കാം.

കാലം നിങ്ങളുടെ കവളിൽ നുള്ളും.

* * * *

നെല്ലുവേണോ റൺവേ വേണോ എന്ന് മദ്ധ്യതിരുവിതാംകൂർ ആവർത്തിച്ച് ചിന്തിക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായി.

തിരുവനന്തപുരത്തേക്കും നെടുമ്പാശ്ശേരിയിലേക്കും വഴിമാറിപ്പോകാതെ ആറന്മുളയിൽ നിന്നും വണ്ടി കയറാം എന്നൊരു പ്രയോജനം ഇതിന്റെ പുറകിലുണ്ട്.


അതിനു ഇത്രയും ബുദ്ധിമുട്ടേണ്ട കാര്യവുമില്ല. എയർ ഇൻഡ്യയുടെ ഇപ്പോഴത്തെ സേവനമനുസരിച്ച് നിരപ്പ് തറയിൽ വിമാനമിറക്കി പൈലറ്റ് ചായ കുടിക്കാൻ പോകുന്ന ഏർപ്പാടാണുള്ളത്.

കൃഷി ഇപ്പോഴില്ല എങ്കിലും ഒരു കാലത്ത് മാളോരെ തീറ്റിപ്പോറ്റിയ നെല്ലറയെ ഒരു പ്രകൃതിബോധവുമില്ലാതെ നികത്തുന്നതുകൊണ്ട് ഇപ്പോൾ ഉള്ളതിൽക്കൂടുൽ സൗകര്യങ്ങളുണ്ടായേക്കാം; അസൗകര്യങ്ങളും. വെള്ളവും ശുദ്ധവായുവുമൊന്നുമില്ലാത്ത ഒരു ഉൾനാടൻ ഗ്രാമത്തെക്കുറിച്ച് വെറുതെ ഒന്നു സങ്കല്പിച്ചു നോക്കുക.

* * * *

*– ഫാ. മുകളിൽ*





വിവാഹ, വിനോദ, തീർത്ഥയാത്രകൾക്ക്....
kerala
God's Own Country
" Ride the miles in style with a smile "
ST.GEORGEAN
ST.GEORGEAN
ST. GEORGEAN TOURS AND TRAVELS
RIDE THE MILES IN STYLE WITH A SMILE
A/C Non A/C Buses with
* Push back seat
* Twin LED TV screen
* 5.1 CH Home Theatre
* Lasser Show
* Smoke
* Front & Rear Road Show
* Onboard camera
* Well experienced crews
St. Georgean
Tours & Travels
PAYYANAMON-KONNI-PATHANAMTHITTA
Office: 0468-2240170, Mob-9539072425
9539072435, 8547651881, 9496109233
Mob UAE - 00971509552425
E-mail : georgeantravels@gmail.com

വിശുദ്ധ മലങ്കരസഭയുടെ 1960 – ാം വാർഷികവും, കാതോലിക്കേററ് ശതാബ്ദിയും ആഘോഷിക്കുന്ന
ഈ ധന്യനിമിഷങ്ങളിൽ

# ഭാരതത്തിൽ ശ്ലൈഹിക സിംഹാസനം സ്ഥാപിച്ച
# മലങ്കരയുടെ മഹായിടയന് പ്രണാമം




മലങ്കരസഭ

www.malankarasabha.in


St. Gregorios of Parumala

Collectors Series







മലങ്കരസഭ

www.malankarasabha.in

# സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ - ദുബായ്, യു.എ.ഇ

Tel : 009714 3371122, Fax : 009714 3352252
Email : stthomas@emirates.net.ae www.stthomascathedraldubai.org

1960 വർഷത്തെ പാരമ്പര്യം പിന്നിടുന്ന മലങ്കര സഭയുടെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദുബായ് കത്തീഡ്രൽ നടപ്പിലാക്കി വന്നിരുന്ന 100 ജീവകാരുണ്യ പ്രവർത്തനങ്ങളുടെ സമാപനവും, 2012 വർഷത്തെ പ്രധാന പദ്ധതികളായ 16 വീടുകളുടെയും, ജോബ് മാർ പീലക്സിനോസ് മൊബൈൽ മെഡിക്കൽ കെയർ യൂണിറ്റിന്റെയും (ആംബുലൻസ്) താക്കോൽ ദാനം, ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദിമിത്രിയോസ് തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ, മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ **പ. ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ** തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു.

| | |
|---|---|
| **മുഖ്യാതിഥി** | **കേരള നിയമസഭാ സ്പീക്കർ ബഹു. ജി.കാർത്തികേയൻ.** |
| **സ്ഥലം** | **ഓർത്തഡോക്സ് ചർച്ച് സെന്റർ ഉള്ളൂർ, തിരുവനന്തപുരം.** |
| **തീയതി** | **2012 നവംബർ മാസം 29, 11: 00 am.** |

സഭയിലെ മറ്റു തിരുമേനിമാർ, സാമൂഹിക,
സാംസ്ക്കാരിക നേതാക്കൻമാർ
തുടങ്ങിയവർ പങ്കെടുക്കുന്നു.

**പ്രാർത്ഥിക്കുക! പങ്കെടുക്കുക!**

**കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ നടപ്പിലാക്കിയ 100 ചാരിറ്റി പദ്ധതികൾ.**

**വിവാഹം** മുളന്തുരുത്തി കർമ്മേൽ ദയറ, പരുമല സെമിനാരി എന്നിവിടങ്ങളിൽ വച്ച് 40 വിവാഹങ്ങൾ നടത്തുകയുണ്ടായി.

**ഹൃദയപൂർവ്വം** പരുമല സെന്റ് ഗ്രീഗോറിയോസ് കാർഡിയോ വാസ്കുലർ സെന്ററുമായി സഹകരിച്ച് 22 വ്യക്തികൾക്ക് ഹൃദയ ശസ്ത്രക്രിയാ സഹായം നൽകപ്പെട്ടു.

**സാന്ത്വനം** ക്യാൻസർ, വൃക്ക രോഗബാധിതരായ 11 വ്യക്തികൾക്ക് ആവശ്യമായ ചികിത്സാ സഹായം നൽകപ്പെട്ടു.

**പാർപ്പിടം** ഭവനരഹിതരായ 27 കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകി.

# ഇടവകയുടെ 2012-ലെ ജീവകാരുണ്യ പ്രവർത്തനങ്ങൾ



## HOME FOR HOMELESS വീട്



**16 HOUSES**

വിവിധ ഭദ്രാസനങ്ങളിലെ നിർധനരായ സഭാമക്കൾക്ക് വേണ്ടി 16 വീടുകൾ നിർമ്മിച്ചു നൽകുന്നു.

## JOB MAR PHILOXENOS MOBILE MEDICAL CARE UNIT



ഗ്രാമീണ ആരോഗ്യ പരിപാലന സേവനത്തിന്റെ ഭാഗമായി തിരുവനന്തപുരം ഭദ്രാസനത്തിൽ പാലവിളയിലെ നിർധനരായ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാൻ അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ മൊബൈൽ മെഡിക്കൽ കെയർ യൂണിറ്റ് (ആംബുലൻസ്) നൽകുന്നു.



## NEURO CARE നവജീവൻ

നാഡീ സംബന്ധമായ രോഗത്താൽ ദുരിതമനുഭവിക്കുന്ന നിർധനരായ രോഗികൾക്ക് സൗജന്യമായി ചികിത്സാ സഹായം നൽകുന്നു.

**PRAY & PARTICIPATE**

Vicars, Managing & Charity Committees - 2012

**കാർഷിക അവാർഡ് 2012**

**പ. വട്ടശ്ശേരിൽ തിരുമേനിയുടെ നാമധേയത്തിൽ ദുബായ് സെന്റ് തോമസ് യുവജന പ്രസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ള മലങ്കര സഭയിലെ മികച്ച കർഷകനുള്ള കാർഷിക അവാർഡ് ഈ സമ്മേളനത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു.**

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004

RNI No. 3076/1946, Reg. No. KL/KTM/236/2012-14
License No. KL/CR/KTM/WPP-47/2012-14
Licensed to Post Without Pre-Payment




PRINTED AND PUBLISHED BY FR. THOMAS P. MUKALIL, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, EDITOR DR. ZACHARIAH MAR APREM RS. 15/-